# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2023 മാർച്ച് 23 | ദീപം 56 | നാളം 4 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# മാലിന്യസംസ്കരണത്തിന്റെ കാണാപ്പുറങ്ങൾ



മുരളി തുമ്മാരുകുടി

കേരളത്തിലെ നഗരവത്കരണത്തിന്റെ ഏറ്റവും മോശമായ മുഖം ഏതെന്നു ചോദിച്ചാൽ നിസ്സംശയം പറയാം, അതു മാലിന്യസംസ്കരണം തന്നെയാണ്. ഇപ്പോൾ പ്രശ്നവും ശ്രദ്ധയും ബ്രഹ്മപുരത്താണെങ്കിലും തിരുവനന്തപുരംമുതൽ കാസർഗോഡ് വരെയുള്ള എല്ലാ ജില്ലകളിലെയും എല്ലാ നഗരങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ മാലിന്യസംസ്കരണത്തിന്റെ കാര്യത്തിൽ കഷ്ടപ്പെടുകയാണ്.

ഇതിന് ഒരു പരിഹാരമില്ലേ? എങ്ങനെയാണ് മറ്റു നഗരങ്ങൾ ഖരമാലിന്യപ്രശ്നത്തെ കൈകാര്യം ചെയ്യുന്നത്? എവിടെയാണ് നമുക്കു പിഴയ്ക്കുന്നത്?

**ഖരമാലിന്യം ഒറ്റവസ്തുവല്ല**

നഗരത്തിലെ ഖരമാലിന്യത്തെ നമ്മൾ 'urban solid waste' എന്ന ഒറ്റപ്പദംകൊണ്ടാണു സൂചിപ്പിക്കുന്നതെങ്കിലും ഇത് ഒരു വസ്തുമാത്രമല്ല. അടുക്കളയിൽനിന്നു ബാക്കിവരുന്ന ഭക്ഷണം, വീട്ടിൽനിന്നു പുറത്തുകളയേണ്ടിവരുന്ന ബാറ്ററി, സ്ട്രീറ്റ് ലൈറ്റിന്റെ ബൾബ്, വെട്ടിക്കളയുന്ന ചില്ലകളും പുല്ലും, പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ, ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ തുടങ്ങിയവയെല്ലാം ജനവാസമേഖലയിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളാണ്. ഇതുകൂടാതെ, ആശുപത്രികളിൽനിന്നു വരുന്ന രക്തവും പഞ്ഞിയും ഉൾപ്പെടുന്ന മെഡിക്കൽ മാലിന്യങ്ങൾ, എല്ലായിടത്തുംനിന്നുവരുന്ന പാക്കേജിങ് വസ്തുക്കൾ തുടങ്ങിയവയെല്ലാം സംസ്കരിക്കപ്പെടേണ്ട മാലിന്യങ്ങളിൽപ്പെടും. ഓരോ നഗരവും അവരുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ഉത്പാദിപ്പിക്കുന്ന മാലിന്യങ്ങളുടെ സ്വഭാവവും അളവും കൂടിവരും.

ഇന്ത്യയിലെ ഏറ്റവും സമ്പന്നവും ഉപഭോഗത്തിൽ മുന്നിൽ നിൽക്കുന്നതുമായ കേരളത്തിൽ മാലിന്യങ്ങൾ പുറത്തേക്കു കളയുന്ന കാര്യത്തിലും നമ്മൾ നമ്പർ വൺ തന്നെയായിരിക്കും, ഉറപ്പ്.

**ഉറവിടമാലിന്യസംസ്കരണം ഒറ്റമൂലിയല്ല**

കേരളത്തിലെ ഖരമാലിന്യ സംസ്കരണരംഗത്ത് എപ്പോഴും കേൾക്കുന്ന വാക്കാണ് ഉറവിടമാലിന്യസംസ്കരണം എന്നത്. കേൾക്കുമ്പോൾ നല്ല ആശയമാണെന്നൊക്കെ തോന്നും. പണ്ടൊക്കെ വെങ്ങോലയിലെ എന്റെ വീട്ടിൽ ഒരു വളക്കുഴിയും ഒരു പൊട്ടക്കിണറും ഉണ്ടായിരുന്നു. അടുക്കളമാലിന്യമെല്ലാം വളക്കുഴിയിലെത്തും.

വേണം, പുതിയ സാങ്കേതികവിദ്യകളും ▶ 9

## ബ്രഹ്മപുരത്തെ തീയും പുകയും



ഡിജോ കാപ്പൻ

ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിനോട് അഡ്വ. ജോൺസൺ മനയാനിക്കും എനിക്കും വൈകാരികമായ ഒരു അടുപ്പമുണ്ട്. 2006 ൽ ഇടപ്പള്ളിയിൽ താമസിക്കുന്ന അവസരത്തിൽ മൂക്കുപൊത്തി നടക്കുന്ന വഴിയാത്രക്കാരെ പല ജങ്ഷനുകളിലും കാണാറുണ്ടായിരുന്നു. ഇത്തരക്കാരുടെ ചിത്രങ്ങൾ പത്രത്താളുകളിലും ഇടംപിടിച്ചിരുന്നു. കാരണം അന്വേഷിച്ചപ്പോൾ നേവിയുടെ ഭൂമിയിൽ കൊച്ചിൻ കോർപറേഷൻ മാലിന്യം തള്ളുന്നതിനു വിലക്കുവന്നു. കാരണമായിപ്പറഞ്ഞത് മാലിന്യത്തിൽനിന്നുള്ള ഭക്ഷണപദാർഥങ്ങൾ കഴിക്കാനെത്തുന്ന പക്ഷികൾ പരിശീലനപ്പറക്കലിൽ പങ്കെടുക്കുന്ന ഹെലികോപ്ടറുകളിൽ ചെന്നിടിച്ച് കോപ്ടറുകൾക്കു നാശനഷ്ടം വരുത്തുന്നു എന്നാണ്. കൊച്ചി, ആലപ്പുഴ പ്രദേശങ്ങളിൽ ആയിരക്കണക്കിന് ചിക്കുൻഗുനിയ, ഡെങ്കിപ്പനി ബാധിതർ ആശുപത്രികളിൽ അഭയംതേടുന്ന സമയമായിരുന്നു അന്ന്. കോർപറേഷൻ അധികാരികളോട് മാലിന്യം മറ്റെവിടേക്കെങ്കിലും മാറ്റണമെന്ന് ആവശ്യപ്പെട്ടിട്ടും ഫലം കാണാതെവന്നപ്പോൾ അഡ്വ. ജോൺസൺ മനയാനി മുഖേന കേരള ഹൈക്കോടതിയിൽ ഞാൻ ഒരു ഹർജി നൽകി. പകർച്ചപ്പനി പടർന്നുപിടിക്കാൻ കാരണമായേക്കാവുന്ന മാലിന്യനിർമാർജനത്തിന് ഹൈക്കോടതിയുടെ അടിയന്തര ഇടപെടൽ വേണമെന്നായിരുന്നു പ്രധാന ആവശ്യം.

സുന്ദരകേരളം രൂപപ്പെടുത്താൻ ▶ 12

## ദുരന്തമാകുന്ന അഴിമതിമാലിന്യം



പി.വി. ആൽബി

മാർച്ച് 4 ശനിയാഴ്ച രാവിലെ പട്ടാമ്പിയിൽനിന്ന് എറണാകുളം ജങ്ഷനിൽ തീവണ്ടിയിറങ്ങിയപ്പോൾ കണ്ട പുകപടലം ആദ്യം അത്ര അസാധാരണമായി തോന്നിയില്ല. എന്നാൽ, പശ്ചിമകൊച്ചിയിലേക്കുള്ള ബസ്‌യാത്രയിൽ തേവര പാലത്തിലെത്തിയപ്പോൾ അന്തരീക്ഷമാകെ മാറി. തൊട്ടരികിലെ കപ്പൽശാലയുടെ പുറത്തുകിടക്കുന്ന കപ്പലുകൾ വല്ലാതെ മങ്ങിക്കാണുന്നു. മറുകരയിലെ നാവികസേനയുടെ യാനങ്ങൾ കാണുന്നതേയില്ല! ശ്വാസകോശ പ്രശ്നങ്ങൾ ഇല്ലാത്ത എനിക്ക്, പ്രാണവായുവിന്റെ കുറവ് അനുഭവപ്പെട്ടു. പക്ഷേ, പതിവ് ക്ലോറിൻ, സൾഫർ ഡയോക്സൈഡ് ഗന്ധങ്ങൾ ഇല്ല. കണ്ടക്ടറോടു ചോദിച്ചപ്പോഴാണറിയുന്നത്, എവിടെയോ രണ്ടു ദിവസമായി ചപ്പുചവറുകളുടെ കുന്നുകൾ കത്തിക്കൊണ്ടിരിക്കുന്നു; അതിന്റെ പുകയാണ്.

എൺപതുകളുടെ മധ്യത്തിൽ വിദ്യാർഥിയായിരിക്കേ ഈ പാലത്തിലൂടെ അതിരാവിലെ എറണാകുളത്തേക്കു വരുമ്പോൾ കിഴക്കൻമലകൾ സാമാന്യം വ്യക്തമായി കാണാമായിരുന്നു. 1989 ൽ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ അന്തരീക്ഷശാസ്ത്രം ഐച്ഛികമായി പഠിക്കുമ്പോൾ നഗരത്തിലെ കാഴ്ചപരിധികളെക്കുറിച്ച് ആധികാരികമായ കണക്കുകൾ ശേഖരിച്ചിരുന്നു. അവ ഓർമയിലേക്കു വന്നപ്പോഴാണ് പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ തിരിച്ചറിഞ്ഞതും കൊച്ചിയിലെ പത്രങ്ങൾ പരതിയതും. പാലക്കാട് പത്രങ്ങൾ ഈ വിഷയം റിപ്പോർട്ടു ചെയ്തുതുടങ്ങിയത് മാർച്ച് അഞ്ചു മുതലായിരുന്നു.

അഴിമതിപ്പുക അവസാനിക്കുന്നില്ല ▶ 14

## ചപ്പുചവറുകൾ സ്വർണമാക്കാം



വൈ. ജെ. അലക്സ്

ഇന്ത്യ ഒഴിച്ച് ലോകത്തുള്ള എല്ലാ രാജ്യങ്ങളും ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങൾക്കും വിനാശകരമായ 'ഇൻസിനിറേഷൻ പ്ലാന്റുകൾ' നിർത്തലാക്കിക്കൊണ്ടിരിക്കുന്നു. ചപ്പുചവറുകൾ ചൂളയിലിട്ടു ഭസ്മീകരിക്കുമ്പോൾ ചൂളയിൽ പിടിപ്പിച്ചിരിക്കുന്ന പുകക്കുഴലുവഴി ചാക്രികഘടനയും ഉഗ്രവിഷവുമുള്ള വാതകങ്ങളായ കാർബൺ മോണോക്സൈഡും പോളിക്ലോറോഡൈബെൻസോ ഡയോക്സിനും [Polychlorodibenzodioxins (PCDDs)], പോളിക്ലോറോഡൈബെൻസോ ഫ്യൂറാനും [Polychlorodib- enzofurans (PCDFs) അന്തരീക്ഷത്തിലേക്കു കലരുന്നു. ഇതു മണ്ണിലും കുടിവെള്ളത്തിലും കലരുന്നു. ചെടികൾ മണ്ണിൽനിന്നും വെള്ളത്തിൽനിന്നും വേരുകൾവഴി വലിച്ചെടുക്കുന്നു. സസ്യങ്ങളും സസ്യങ്ങളിൽ ഉണ്ടാകുന്ന ഫലങ്ങളും കഴിക്കുന്ന സർവ്വ ജീവജാലകങ്ങൾക്കും ദോഷകരമായി ഭവിക്കുന്നു.

**ഇൻസിനിറേഷൻ പ്ലാന്റിന്റെ ദോഷഫലങ്ങൾ**

അന്തരീക്ഷത്തിലേക്കു കലർന്നിരിക്കുന്ന വിഷവാതകങ്ങൾ ശ്വസിക്കുന്നതുമൂലം Bronchitis (ശ്വാസനാളത്തിന്റെ പുറംതൊലിയിലുണ്ടാകുന്ന വീക്കം), Astma (ശ്വാസകോശത്തിൽ കഫക്കെട്ടൽ ഉണ്ടാകുമ്പോൾ ശ്വാസംമുട്ടുന്ന രോഗം) Emphycema (ശ്വാസകോശത്തിലെ വായുസഞ്ചികൾക്ക് ഉണ്ടാകുന്ന വീക്കം), ലംഗ് ക്യാൻസർ തുടങ്ങിയ രോഗങ്ങളുണ്ടാകുന്നു. ഡയോക്സിനും ഫ്യൂറാനും കരളിനെ ബാധിക്കുന്നു. മനുഷ്യരിൽ വന്ധ്യതയ്ക്കും കാരണമാകുന്നു.

വിഷവാതകങ്ങളെയും വിലയുള്ളതാക്കാം ▶ 14

# ഓസ്കറിൽ ഇന്ത്യയ്ക്ക് ഇരട്ടത്തിളക്കം

## ഹൃദയമുള്ള ചടുലതയുടെ വിജയം



സാഗര എസ്.

**ഓ**സ്കർ പുരസ്കാരത്തിനുള്ള നാമനിർദേശം പുറത്തിറങ്ങിയനാൾ മുതൽ ആർആർആറിലുള്ള പ്രതീക്ഷയിലായിരുന്നു ആസ്വാദകർ. മികച്ച ഗാനത്തിനുള്ള പുരസ്കാരമാണ് നാട്ടു നാട്ടു ഗാനം സ്വന്തമാക്കിയിരിക്കുന്നത്. എം. എം. കീരവാണിയുടെ സംഗീതത്തിന് ചന്ദ്രബോസിന്റെ വരികൾ താളംപിടിച്ചപ്പോൾ നമുക്കു ലഭിച്ചത് ആഗോള അംഗീകാരമാണ്.

ബെസ്റ്റ് ഒറിജിനൽ സോങ് കാറ്റഗറിയിലാണു പുരസ്കാരലബ്ധി. എം.എം. കീരവാണിയും ചന്ദ്രബോസും ചേർന്നു പുരസ്കാരം ഏറ്റുവാങ്ങിയപ്പോൾ സാക്ഷികളായി ജൂനിയർ എൻടിആറും രാംചരണും സംവിധായകൻ എസ്. എസ്. രാജമൗലിയും ഡോൾബി തിയേറ്ററിലുണ്ടായിരുന്നു.

ഇന്ത്യൻസംഗീതത്തെ വാനോളമുയർത്തിയാണു നാട്ടു നാട്ടു നോമിനേഷനിൽ എത്തിയത്. നേരത്തേ ഗോൾഡൻ ഗ്ലോബ് പുരസ്കാരം ഇതേ ഗാനത്തിനു ലഭിച്ചിരുന്നു. എസ് എസ് രാജമൗലി സംവിധാനം ചെയ്ത ആർആർആർ എന്ന ചിത്രത്തിലെ നാട്ടു നാട്ടു ഗാനം വളരെ വേഗത്തിൽത്തന്നെ ആസ്വാദകർക്കിടയിൽ ഇടം പിടിച്ചിരുന്നു. സംഗീതമികവും ആലാപനത്തിലെ വശ്യതയും ചിത്രീകരണത്തിലെ ചടുലതയും സഹൃദയർക്ക് നവ്യാനുഭവമാണു പകർന്നത്.



അഞ്ചു ഭാഷകളിലായാണു ആർആർആർ പുറത്തിറങ്ങിയത്. നാട്ടു നാട്ടു ഗാനം റിലീസ് ചെയ്ത് ഒരു ദിവസത്തിനുള്ളിൽ 17 ദശലക്ഷം പേരാണു ഗാനം ആസ്വദിച്ചത്. ഒരു വിരുന്നുചടങ്ങിൽ, നൃത്തം ചെയ്യാനറിയില്ലെന്നതിന്റെ പേരിൽ പരിഹസിക്കപ്പെടുന്ന ഗോണ്ട് യുവാക്കൾ നാടൻനൃത്തം അവതരിപ്പിക്കുന്നതാണ് ഗാനരംഗം. 'നിങ്ങൾക്ക് നാടൻ നൃത്തം അറിയാമോ' എന്ന് ബ്രിട്ടീഷുകാരനോട് പ്രധാന കഥാപാത്രങ്ങളും യുദ്ധവീരന്മാരുമായ ഗോണ്ട് യുവാക്കൾ തിരിച്ചുചോദിക്കുന്നിടത്തുനിന്നാണ് ഈ ഗാനം തുടങ്ങുന്നത്.



'നാടൻ നൃത്തമോ, അതെന്താണ്?' എന്ന ബ്രിട്ടീഷുകാരന്റെ ചോദ്യത്തിനുത്തരമായി ചടുലതാളത്തിൽ അവർ നൃത്തം തുടങ്ങുന്നു. ആ താളമാണ് ഇന്ന് ഓസ്കാർ സുവർണപ്രഭയോളം ഉയർന്നുനിൽക്കുന്നത്. ■

---

# 'ദ് എലിഫന്റ് വിസ്പറേഴ്സ്'

## സഹജീവനത്തിന്റെ ആഘോഷവും സംതൃപ്തിയും




**മി**കച്ച ഡോക്യുമെന്ററി ഹ്രസ്വചിത്രവിഭാഗത്തിൽ 'ദ് എലിഫന്റ് വിസ്പറേഴ്സ്' പുരസ്കാരം നേടി. ഊട്ടി സ്വദേശിയായ കാർത്തികി ഗോൺസാൽവസ് സംവിധാനം ചെയ്ത് ഗുണീത് മോംഗ നിർമിച്ച ദ് എലിഫന്റ് വിസ്പറേഴ്സ് ഈ വിഭാഗത്തിൽ ഇന്ത്യയിൽനിന്ന് ഓസ്കാർ നേടുന്ന ആദ്യചിത്രമാണ്. മുതുമല വന്യജീവി സങ്കേതത്തിന്റെ ഭാഗമായ തെപ്പക്കാട് ആനപരിശീലന കേന്ദ്രത്തിലെ പരിശീലകരായ ബൊമ്മൻ, ബെല്ലി ദമ്പതിമാരുടെയും അവിടെ എത്തിപ്പെട്ട രഘു എന്ന കുട്ടിയാനയുടെയും ജീവിതമാണ് എലിഫന്റ് വിസ്പറേഴ്സ് പറയുന്നത്. ശരീരത്തിലാകെ പരിക്കേറ്റ് കാട്ടിൽ ഒറ്റപ്പെട്ടുപോയ 11 മാസം പ്രായമുള്ള ആനക്കുട്ടിയെ വനപാലകർ ആദിവാസിദമ്പതിമാരുടെ അടുത്തെത്തിക്കുന്നതുമുതലാണ് ചിത്രത്തിൽ സങ്കീർണതകൾ ആരംഭിക്കുന്നത്. ബെല്ലിയും ബൊമ്മനും ഈ കുട്ടിയാനയും ചേർന്ന് ഒരു കുടുംബമായി ഒരുമിച്ച് ഒരു വീട്ടിൽ ജീവിക്കുന്നത് അതീവഹൃദ്യമായാണ് സംവിധായകൻ അവതരിപ്പിച്ചിരിക്കുന്നത്. പരിശീലനത്തിന്റെ ഒരു ഘട്ടമെത്തുമ്പോൾ രഘു അവരെ വിട്ട് ആനവളർത്തൽ കേന്ദ്രത്തിലേക്കു പോകുന്നു. പകരം, രഘുവിന്റെ സ്ഥാനത്ത് അമ്മു എന്ന കുട്ടിയാന വരുന്നു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം ഇവിടെ തുടർന്നുകൊണ്ടേയിരിക്കുന്നു.

ആനക്കുട്ടിയുടെ വളർച്ചയുടെയും അവനു ചുറ്റിലുമുള്ള മനുഷ്യ - പ്രകൃതി ജീവിതത്തിന്റെയും വിവിധ ഘട്ടങ്ങൾ വർഷങ്ങളെടുത്തു ചിത്രീകരിച്ചാണ് സംവിധായിക കാർത്തികി ഗോൺസാൽവസ് സിനിമ പൂർത്തിയാക്കിയത്. മൂന്നുമാസം മാത്രം പ്രായമുള്ളപ്പോഴാണ് രഘുവിനെ താൻ കാണുന്നതെന്ന് കാർത്തികി ഗോൺസാൽവസ് പറഞ്ഞിട്ടുണ്ട്. ഒന്നരവർഷത്തോളം അവനൊപ്പം ചെലവഴിച്ചതിനുശേഷമാണ് അവർ ഡോക്യുമെന്ററി ആരംഭിച്ചത്. അതു പൂർത്തിയാക്കിയപ്പോഴേക്കും അഞ്ചുവർഷമെടുത്തു. ആനകൾ മാത്രമല്ല, മുതുമല വന്യജീവിസങ്കേതത്തിലെ നിരവധി മൃഗങ്ങളും പ്രകൃതിയുമെല്ലാം ചേരുന്ന ആവാസവ്യവസ്ഥയുടെ ചിത്രീകരണമായി ഈ ചിത്രം മാറുന്നത് അതുകൊണ്ടുകൂടിയാണ്.



കാടും മലകളും കാട്ടരുവികളും ചേർന്ന നീലഗിരിയുടെ മനോഹരമായ പ്രകൃതിയും ചിത്രത്തെ സുന്ദരമാക്കുന്നു. പ്രകൃതിയോടലിഞ്ഞുള്ള അവിടത്തെ ആദിവാസിജീവിതവും ആനകൾ അടക്കമുള്ള മൃഗങ്ങളോടുള്ള അവരുടെ സമീപനവും ചിത്രം രേഖപ്പെടുത്തുന്നുണ്ട്. മൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സഹവർത്തിത്വത്തിന്റെയും ആത്മബന്ധത്തിന്റെയും ചിത്രീകരണം എന്നതിലപ്പുറം ദക്ഷിണേന്ത്യയുടെ പാരിസ്ഥിതികാവബോധത്തിന്റെയും സഹജീവനത്തിന്റെയും സൂക്ഷ്മമായ ആവിഷ്കരണംകൂടിയാണ് ഈ കൊച്ചു സിനിമ.

■



# കൈക്കുടന്നകൾ വിശുദ്ധമാക്കൂ ഇതു ജീവാമൃതം!



ഫാ. തോമസ് പാട്ടത്തിൽചിറ CMF

**നാ**ലു പതിറ്റാണ്ടുകൾക്കുമുമ്പ്, നദികളും നാട്ടുതോടുകളും കുളങ്ങളും കിണറുകളുമൊക്കെ ഒരുപോലെ വറ്റിവരണ്ടു വിണ്ടുകീറിക്കിടന്ന ഒരു കൊടിയ വേനൽക്കാലത്തിന്റെ പേടിപ്പെടുത്തുന്ന ഓർമകൾ മനസ്സിൽ ഇന്നും ചുട്ടുപൊള്ളിക്കിടപ്പുണ്ട്. ഒരു കവിൾ കുടിനീരിനുവേണ്ടി, ഇഷ്ടികപോലെ വരണ്ട തൊണ്ടയുമായി മനുഷ്യർ ആറിന്റെ മാറിലും തോടിന്റെ നടുവിലുമൊക്കെ ദാഹത്തോടെ കുഴികൾ കുത്തിയിരുന്ന കാലം! ജലത്തിന്റെ വിലയും നിലയും ആബാലവൃദ്ധം ജനങ്ങളും ഒന്നുപോലെ മനസ്സിലാക്കിയ കാലം. ജലത്തിനായി ജനം നെട്ടോട്ടമോടിയിരുന്ന നാളുകൾ. കിട്ടിയ വെള്ളമൊക്കെയും കിട്ടാക്കനിപോലെ കുടങ്ങളിലേന്തി കുടുംബാംഗങ്ങളൊന്നുപോൽ വീടുകളിലേക്കു വന്നിരുന്ന കാലം! കവിഭാവനയിലെ പുഴയെന്ന ഭൂമിയുടെ പൊന്നരഞ്ഞാണം അക്ഷരാർഥത്തിൽ പൊള്ളുന്ന മണലരഞ്ഞാണമായി മാറിയ ദിനരാത്രങ്ങൾ! വേനൽവറുതിയുടെ വല്ലായ്മകളറിഞ്ഞ മുതിർന്നവർക്കൊക്കെ അവ ആധിയുടെ അഗ്നിപിടിച്ച കുറേ നാളുകൾതന്നെയായിരുന്നു.

ആ കരിദിനങ്ങൾക്കുശേഷം ഒരുച്ചനേരത്ത് എവിടെനിന്നോ ഒഴുകിവന്ന വെള്ളം നദികൾ നിറഞ്ഞ് ഇടത്തോടുകളിലേക്കു പതഞ്ഞെത്തിയപ്പോൾ ഒരു നാടിന്റെതന്നെ നാവു നനഞ്ഞ് നാട്ടുകാരുടെ അധരങ്ങളിലൂടെ ആനന്ദത്തിന്റെ ആരവങ്ങളുയർത്തിയതിന്റെ കുളിരുന്ന സ്മൃതികളും ഇപ്പോഴും സജീവമായി നില്ക്കുന്നു. വറ്റിക്കിടന്നിരുന്ന നീർത്തടങ്ങളിലേക്കു പൊടുന്നനേ പൊട്ടിയൊഴുകിയ നീരുറവകൾ ജനസഹസ്രങ്ങളുടെ ഉണങ്ങിക്കിടന്നിരുന്ന ഹൃദയകുംഭങ്ങളിലാണ് കുളിരുള്ള ജലസമൃദ്ധിയായി നിറഞ്ഞുതുളുമ്പിയത്! പതിറ്റാണ്ടുകൾക്കിപ്പുറം, കേരളക്കരയിലാകെ ഒരു പ്രളയം പരത്തിയ വിഭ്രാന്തിയുടെയും വിനാശത്തിന്റെയും തിക്തസ്മരണകൾ ബാക്കിനില്ക്കുമ്പോൾത്തന്നെ, ഭാരതത്തിലെ ചൂടേറിയ മറ്റു സംസ്ഥാനങ്ങളെപ്പോലെ മലയാളമണ്ണും മരണതാപത്തിൽ കരിഞ്ഞുപൊരിയുന്ന അസാധാരണമായ സാഹചര്യത്തിലാണ് മാർച്ച് 22 എന്ന ലോകജലദിനാചരണം കടന്നുവരുന്നത്.

**ജലത്തിന്റെ ആത്മീയതലം**

ജലത്തെ പുതുജന്മത്തിന്റെയും സമ്പുഷ്ടതയുടെയും ജീവിതനവീകരണത്തിന്റെയും പ്രതീകമായിട്ടാണ് വിശുദ്ധ ബൈബിൾ അവതരിപ്പിക്കുന്നത്. ഹൈന്ദവവേദങ്ങൾ ജലത്തെ ശുദ്ധവും ശുദ്ധീകരിക്കുന്നതും ജീവന്റെ യഥാർഥമായ ആത്മീയസ്രോതസ്സുമായാണു കാണുന്നത്. മനുഷ്യന്റെ സാധുവായ ആരാധനയെ തടസ്സപ്പെടുത്തുന്ന സകല ശാരീരിക അശുദ്ധികളെയും നീക്കുന്ന ഒന്നായിട്ടാണ് ഇസ്ലാംമതം ജലത്തെ പരിഗണിക്കുന്നത്. ബുദ്ധപ്രബോധനമനുസരിച്ച്, ജലം മനുഷ്യന്റെ ആത്മീയദാഹമകറ്റുന്നു, ആത്മീയ പോഷണം സാധ്യമാക്കുന്ന മധുരാമൃതമാണ്.

**ജലം ഒരു നലം**

നലം എന്ന നാമത്തിനു നന്മ, മംഗളം, ഐശ്വര്യം, സൗന്ദര്യം, ഗുണം എന്നീ അർഥങ്ങളാണുള്ളത്. ഇംഗ്ലീഷ് വ്യാകരണത്തിൽ Water എന്ന നാമത്തെ എണ്ണാനാവാത്ത നാമങ്ങളുടെ (Uncountable Nouns) ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നലവും അതിന്റെ നാനാർഥങ്ങളും സ്വഭാവത്താൽ അനുഗ്രഹങ്ങളാണ്. അക്കാരണത്താൽത്തന്നെ ജലം ഒരു നലമാണ് എന്നു പറയുമ്പോൾ അത് സൃഷ്ടപ്രപഞ്ചത്തിൽ മനുഷ്യകുലത്തിനു കൈവന്നിട്ടുള്ള അളക്കാനാവാത്ത ഒരു അനുഗ്രഹമാണ്, വരമാണ് എന്നാണ് വിവക്ഷിക്കപ്പെടുക. വെള്ളം എന്ന കേവലമൊരു ഓർമയ്ക്കുപോലും വല്ലാത്തൊരു കുളിർമയില്ലേ?

പ്രപഞ്ചഗോളങ്ങളെ രൂപകല്പന ചെയ്തവൻ ഭൗമബിംബത്തിന്റെ സിംഹഭാഗത്തെയും ഒരു വസ്ത്രംകൊണ്ടെന്നപോലെ ഈ വിശിഷ്ട വരംകൊണ്ട് ആവരണം ചെയ്തിട്ടുണ്ട്. ജലം എന്ന ഈ പൊതുവരം, പൊതുനന്മ പ്രാണന്റെ തുടിപ്പുള്ള ഓരോ ജീവിക്കും തുല്യമായി അവകാശപ്പെട്ടതാണ്. ഇന്നുള്ളവയുടെയും നാളെ ഉണ്ടാകാനിരിക്കുന്നവയുടെയും അവകാശമാണത്. അതുകൊണ്ടുതന്നെ, വിവേകത്തോടെയും വലിയ ഉത്തരവാദിത്വത്തോടെയും ഈ പൊതുനന്മയെ കൈകാര്യം ചെയ്യാൻ മനുഷ്യർക്കു കൂട്ടായ കടമയുണ്ട്. അതു പാടേ മറന്നുകൊണ്ടുള്ള മനുഷ്യരുടെ ദുഷ്കൃത്യങ്ങളാണ് ജലമെന്ന നലത്തെ നാശമാക്കി മാറ്റുന്നത്. ദീർഘവീക്ഷണരഹിതവും അശാസ്ത്രീയവുമായ പദ്ധതികളും നടപടിക്രമങ്ങളുമാണ് ജലത്തെ ദുരന്തഹേതുവാക്കുന്നത്. അഴിമതിക്കുള്ള പഴുതുകളടച്ചുകൊണ്ടുതന്നെ സർക്കാരിന്റെ



മേൽനോട്ടത്തിൽ പുഴകളുടെയും കായലുകളുടെയും ഇതര തണ്ണീർത്തടങ്ങളുടെയുമൊക്കെ മാലിന്യങ്ങൾ മാറ്റേണ്ടതും, അവയിലൊക്കെ അമിതമായി അടിഞ്ഞുക്കൂടിക്കിടന്ന ചെളിയും മണലും നീക്കം ചെയ്ത് കൂടുതൽ ആഴമുള്ളവയാക്കാൻ പര്യാപ്തമായ പദ്ധതികൾ നടപ്പിലാക്കേണ്ടതും ഇന്നിന്റെ അടിയന്തരാവശ്യമാണ്.

ശുദ്ധജലം സകല ജീവജാലങ്ങളുടെയും മൗലികാവകാശമാണ് എന്നുള്ള അറിവ് മനഃപാഠമാക്കാം. ഓർക്കണം, ജലസംഭരണികൾ മാലിന്യസംഭരണികളല്ല, കുളങ്ങളും കിണറുകളും കുപ്പക്കുഴികളല്ല, പുഴകൾ അഴുക്കുചാലുകളല്ല. ജലമലിനീകരണത്തിനു കാരണമാകുന്ന എല്ലാ ചെയ്തികളും നമുക്കു വേണ്ടെന്നു വയ്ക്കാം. കൈവശമുള്ള ഉപയോഗശൂന്യമായതെന്തും തൊട്ടടുത്ത നദിയിൽ യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ നിക്ഷേപിക്കുന്ന 'വലിച്ചെറിയൽ വ്യാധി'യിൽനിന്ന് പരിഷ്കൃതരെന്നു ഹുങ്കു പറയുന്ന നാമൊക്കെ ഈ നൂറ്റാണ്ടിലെങ്കിലും വിമുക്തരായേ തീരൂ. ശുദ്ധജലമെന്ന ഐശ്വര്യം എല്ലായിടത്തും, എല്ലാറ്റിനും സംലഭ്യമാകട്ടെ. ഇന്നു നാം നിരുപദ്രവകരമായി അനുഭവിക്കുന്ന ജലം എന്ന അമൂല്യവരത്തിന്റെ കൈവഴികൾ വരും തലമുറകളിലേക്കും ഒഴുകിയെത്തണം. അങ്ങനെ, സകലർക്കും സമൃദ്ധിയും സമ്പന്നതയും സ്വന്തമാകണം.

**ജലം ഒരു ബലം**

ബലം എന്ന നാമത്തിനു ശക്തി, പുഷ്ടി, ഊർജം, ഉറപ്പ്, ദൃഢത, വീര്യം എന്നീ നാനാർഥങ്ങളാണുള്ളത്. ജലം പ്രപഞ്ചത്തിന്റെ ഒരു ഊർജമാണ്. ജനതയുടെ, ജീവജാലത്തിന്റെ ശക്തിയാണ്. ജലാംശമുള്ളവയ്ക്കാണ് ജീവനും ശക്തിയും. ശരീരത്തിൽ ആവശ്യത്തിനു ജലമില്ലാതെ വരുമ്പോഴാണ് ക്ഷീണവും ബലക്ഷയവും ഉണ്ടാകുന്നത്. ജനം കഴിഞ്ഞാൽ ഒരു രാജ്യത്തിന്റെ ആസ്തിയാണ് ജലം. മനുഷ്യസം

**മാർച്ച് 22 : ലോകജലദിനം**

സ്കാരങ്ങളുടെ ഉദ്ഭവവും വളർച്ചയുമൊക്കെ നിറഞ്ഞൊഴുകിയിരുന്നത് നീർത്തടങ്ങളിലായിരുന്നു എന്നല്ലേ ചരിത്രത്താളുകൾ പറഞ്ഞുതരുന്നത്? സംശുദ്ധവും സമൃദ്ധവുമായ ജലാശയങ്ങൾ സ്വന്തമായുള്ള രാജ്യങ്ങൾ സമ്പന്നവും കെട്ടുറപ്പുള്ളവയുമാണ്. ഭൂമിയുടെ നിലനില്പിനും സസ്യ-ജീവജാലങ്ങളുടെ അതിജീവനത്തിനും ജലം എന്ന ബലം അത്യന്തം ഒഴിച്ചുകൂടാനാവാത്തതാണ്. അതുകൊണ്ടല്ലേ രാജ്യങ്ങൾ തമ്മിലുള്ള ജലതർക്കങ്ങൾ പതിറ്റാണ്ടുകളായിട്ടും പരിഹരിക്കപ്പെടാതെ കിടക്കുന്നത്? രാഷ്ട്രങ്ങൾ തമ്മിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന രൂക്ഷമായ ഏറ്റുമുട്ടലുകൾ ജലത്തെച്ചൊല്ലിയുള്ള 'ജലയുദ്ധങ്ങൾ' ആയിരിക്കുമെന്നുള്ള നിരീക്ഷണം ജലം എന്ന ബലത്തിന്റെ എക്കാലവും ഏറിവരുന്ന പ്രാധാന്യത്തിന് അടിവരയിടുന്നു.

വൃഥാ കളയുന്ന ഓരോ തുള്ളി വെള്ളത്തിനും എവിടെയെങ്കിലും കണക്കു കൊടുക്കേണ്ടതായി വരും. ഒഴിച്ചുകളയുന്ന ജലം മറ്റാർക്കെങ്കിലുമൊക്കെ കുടിച്ചിറക്കാനുള്ളതാണെന്ന ബോധ്യം നമുക്കുണ്ടാവണം. അശ്രദ്ധമൂലം കവിഞ്ഞൊഴുകിക്കിടന്ന വാട്ടർടാങ്കുകളും അനാസ്ഥമൂലം തുറന്നുകിടന്ന ടാപ്പുകളും അനാവശ്യമുള്ള ജലോപയോഗവും നമ്മുടെ വീടുകളിലും കർമമേഖലകളിലും മേലിൽ ഉണ്ടാകില്ലെന്നു വാശിപിടിക്കാം. ശുദ്ധജലം കുടിക്കാൻ നമുക്കവകാശമുള്ളതുപോലെതന്നെ ശുദ്ധജലം സഹജീവികൾക്കു കൊടുക്കാനുള്ള കടമയുമുണ്ടെന്ന ബോധ്യത്തിൽ ജീവിക്കാം. ജലം ഓരോ ജീവന്റെയും ജന്മാവകാശമാണ്. ആകയാൽ, അത് അഴുക്കാക്കാതെയും പാഴാക്കാതെയും സൂക്ഷിക്കാം. ജലമെന്ന നന്മയുടെയും ഊർജത്തിന്റെയും നിറവയറുമേന്തി മണ്ണിലെ ജലവാഹിനികൾ ചിരകാലം ഒഴുകിനീങ്ങട്ടെ. ■

# പകർച്ചവ്യാധികൾക്കു കളമൊരുക്കി വേനൽക്കാലം


ഡോ. ശ്രീത ശ്രീനിവാസ്

കേരളത്തിലെ വേനൽക്കാലം ഫെബ്രുവരി മധ്യം മുതൽ മേയ് അവസാനം വരെയാണ്. ഈ കാലയളവിൽ അന്തരീക്ഷോഷ്മാവും ഈർപ്പവും വളരെ കൂടുതലായിരിക്കും. 35 ഡിഗ്രിക്കു മുകളിലായി അന്തരീക്ഷോഷ്മാവ് ഉയർന്നിരിക്കുന്ന അവസരമായിരിക്കും ഇത്. ചൂടുള്ള അന്തരീക്ഷം സൂക്ഷ്മാണുക്കൾക്കു വളരാൻ സാഹചര്യമൊരുക്കുന്നു. ഈ അവസരത്തിൽ ചില വേനൽക്കാല പകർച്ചവ്യാധികളെക്കുറിച്ചു ചിന്തിക്കാം.

**ചിക്കൻപോക്സ്**

കുട്ടികളിലാണ് ചിക്കൻപോക്സ് കൂടുതലായി കണ്ടുവരുന്നത്. നേരിട്ടുള്ള സ്പർശനംവഴിയും രോഗാണു കലർന്ന വായു ശ്വസിക്കുന്നതുവഴിയുമൊക്കെ ഈ രോഗം പകരുന്നതാണ്. ആരോഗ്യമുള്ള ഒരാൾക്ക് രോഗം പകർന്ന് രോഗലക്ഷണങ്ങൾ കാണാൻ രണ്ടാഴ്ച വേണ്ടിവരുന്നു. ശരാശരി 10 മുതൽ 21 വരെ ദിവസങ്ങളാണ് രോഗലക്ഷണങ്ങൾ പ്രകടമാകാൻ വേണ്ടിവരുന്നത്.

പനി, തലവേദന, ക്ഷീണം എന്നിവയ്ക്കൊപ്പം പ്രത്യേകതരം കുരുക്കളും രോഗികളുടെ ശരീരത്തിൽ ഉണ്ടാകുന്നു. പകർച്ചവ്യാധി ആയതിനാൽ മറ്റുള്ളവരിലേക്കു പകരാതിരിക്കാൻ ഐസൊലേഷൻ വേണ്ടിവരുന്നു. രോഗലക്ഷണങ്ങൾക്കനുസരിച്ചുള്ള മരുന്നുകൾക്കു പുറമേ രോഗം വന്ന് ഒരു നിശ്ചിതസമയത്തിനുള്ളിൽ അല്ലെങ്കിൽ രോഗിയുമായി സമ്പർക്കമുണ്ടായി നിശ്ചിതസമയത്തിനുള്ളിൽ ഡോക്ടറുടെ നിർദേശപ്രകാരം ആന്റി വൈറൽ മരുന്നുകൾ കഴിക്കാവുന്നതാണ്. നിർജലീകരണം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ആന്റി വൈറസ് വാക്സിനേഷൻ ഇപ്പോൾ ലഭ്യമാണ്. ഡോക്ടറുടെ നിർദേശപ്രകാരം ഈ വാക്സിൻ എടുക്കാവുന്നതാണ്.

**കൺജങ്റ്റിവൈറ്റിസ്(ചെങ്കണ്ണ്)**

കൺജങ്റ്റൈവ എന്ന കണ്ണിന്റെ ഏറ്റവും പുറംപടലത്തിലുണ്ടാകുന്ന അണുബാധയാണ് കൺജങ്റ്റിവൈറ്റിസ്. പൊതുവെ വൈറസാണ് രോഗകാരിയെങ്കിലും ബാക്ടീരിയമൂലവും ഈ രോഗം ഉണ്ടാകാറുണ്ട്. കണ്ണിനു ചുവപ്പ്, കണ്ണിൽനിന്നു വെള്ളം ഒഴുകുക, കൺപോളകൾക്കു വീർപ്പ്, വെളിച്ചത്തിലേക്കു നോക്കുമ്പോൾ കണ്ണിനു വേദന, കണ്ണുകളിൽ തരിപ്പ്, പീളകെട്ടൽ തുടങ്ങിയവയാണ് ഈ രോഗത്തിന്റെ ലക്ഷണങ്ങൾ.

രോഗം ബാധിച്ച കണ്ണുകളിലെ സ്രവത്തിൽക്കൂടിയാണ് ഈ രോഗം പടരുന്നത്. രോഗലക്ഷണങ്ങൾ കണ്ടാൽ ഒരു നേത്രരോഗവിദഗ്ധനെ കാണണം. ബാക്ടീരിയയാണോ വൈറസാണോ രോഗകാരണം എന്നതിനനുസരിച്ചു ചികിത്സ വ്യത്യസ്തമാണ്. പകർച്ചവ്യാധിയായതിനാൽ രോഗമുള്ള വ്യക്തി പൊതുസ്ഥലങ്ങളിൽനിന്നു മാറിനില്ക്കാൻ ശ്രമിക്കുക. രോഗി ഉപയോഗിക്കുന്ന വസ്തുക്കൾ മറ്റുള്ളവർ ഉപയോഗിക്കാതിരിക്കുക. കോൺടാക്ട് ലെൻസ് ഉപയോഗിക്കുന്നവർ രോഗമുള്ള സമയത്ത് കോൺടാക്ട് ലെൻസ് ഉപയോഗിക്കാതിരിക്കുന്നതാണ് നല്ലത്. രോഗി നന്നായി വെള്ളം കുടിക്കുകയും നല്ല ആഹാരം കഴിക്കുകയും വേണം.



**ഇൻഫ്ളുവൻസ (ഫ്ളൂ)**

ഇപ്പോൾ നാം കാണുന്ന പകർച്ചപ്പനികളിൽ ഒട്ടുമിക്കതും ഇൻഫ്ളുവൻസ എന്ന പകർച്ചപ്പനിയാണ്. സാധാരണ പകർച്ചപ്പനികളിൽനിന്നു കുറച്ചുകൂടി ശക്തമായ ലക്ഷണങ്ങളാണ് ഈ രോഗത്തിനുള്ളത്. ഇതും ഒരു വൈറൽ ഇൻഫെക്ഷനാണ്. രോഗബാധിതരുടെ ഉമിനീർ അല്ലെങ്കിൽ ഉച്ഛ്വാസവായുവിൽനിന്നാണ് രോഗം പകരുന്നത്. ശക്തമായ പനി, തലവേദന, ശരീരവേദന, ക്ഷീണം, തുമ്മൽ, കഫമില്ലാത്ത ചുമ തുടങ്ങി വളരെ ഗുരുതരമായ രീതിയിൽ ശ്വാസംമുട്ടലുണ്ടായി ന്യുമോണിയവരെ ആകാൻ സാധ്യതയുള്ള ഒരു അസുഖമാണിത്. രോഗപ്രതിരോധശേഷിക്കുറവുള്ളവരിലാണ് ഈ രോഗം ഗുരുതരമായി കാണുന്നത്. ഇതും ഒരു പകർച്ചവ്യാധിയായതിനാൽ രോഗമുള്ള വ്യക്തി മറ്റുള്ളവരിൽനിന്ന് അകലം പാലിക്കേണ്ടതാണ്. രോഗലക്ഷണങ്ങൾക്കനുസരിച്ച് ഡോക്ടറുടെ നിർദേശപ്രകാരം മരുന്നുകൾ കഴിക്കണം. ആനുവൽ ഇൻഫ്ളുവൻസാ വാക്സിൻ നമ്മുടെ നാട്ടിൽ ലഭ്യമാണ്.

**അഞ്ചാംപനി (മീസിൽസ്)**

അഞ്ചാംപനി ഒരു സാംക്രമികവൈറൽരോഗമാണ്. വായുവിൽക്കൂടിയും സ്രവങ്ങളിൽക്കൂടിയും അതിവേഗം പകരുന്ന രോഗം. കൂടുതലായും കുട്ടികളിലാണ് കാണപ്പെടുന്നത്. പനിയാണ് ആദ്യലക്ഷണം. അതോടൊപ്പം ചുമ, കണ്ണുകൾക്കു ചുവപ്പ്, മൂക്കൊലിപ്പ് തുടങ്ങിയവയും ഉണ്ടാകും. രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങി നാല് അല്ലെങ്കിൽ അഞ്ചാമത്തെ ദിവസത്തോടെ ദേഹമാസകലം ചുവന്ന പാടുകൾ കാണപ്പെടും. പ്രതിരോധശേഷി കുറവുള്ള കുഞ്ഞുങ്ങൾക്ക് ഛർദി, അതിസാരം തുടങ്ങി അപകടകരമായ നിർജലീകരണംവരെ ഉണ്ടാകാം. രോഗലക്ഷണങ്ങൾക്കനുസരിച്ചു ചികിത്സ നല്കാം. കുട്ടികൾക്കു പ്രതിരോധത്തിനായി ഒമ്പതുമാസം പൂർത്തിയാകുമ്പോൾ മീസിൽസ് പ്രതിരോധകുത്തിവയ്പ്പ് എടുക്കേണ്ടതാണ്.

**മുണ്ടിനീര്**

വായുവിൽക്കൂടി പകരുന്ന മറ്റൊരു പകർച്ചവ്യാധിയാണ് മുണ്ടിനീര്. ഉമിനീർഗ്രന്ഥികളെ ബാധിക്കുന്ന ഈ രോഗം കുട്ടികളെയാണ് അധികവും ബാധിക്കുന്നത്. ഇത് വളരെ ഗുരുതരമാകുന്ന ഒരു രോഗമല്ലെങ്കിലും വളരെ വിരളമായി നാഡീവ്യൂഹത്തെയും അണ്ഡാശയം, വൃഷണങ്ങൾ എന്നിവയെയും ഇതു ബാധിച്ചേക്കാം. ഉമിനീർവഴിയോ അടുത്ത സമ്പർക്കംവഴിയോ ആണ് സാധാരണയായി രോഗം പകരുന്നത്. ചെറിയ പനി, തലവേദന തുടങ്ങിയ പ്രാരംഭരോഗലക്ഷണങ്ങൾക്കുശേഷം ഉമിനീർഗ്രന്ഥികളിൽ വീക്കം ഉണ്ടാകുന്നു. സാധാരണയായി ഈ വീക്കം ഉണ്ടാകുന്നത് ചെവിയുടെ മുൻഭാഗത്ത് താഴെയായി കവിളിലുള്ള ഉമിനീർഗ്രന്ഥികളിലാണ്. രോഗം കൂടുതൽ ഗുരുതരമാകുന്നത് മുതിർന്നവരിലാണ്. രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയാൽ രോഗബാധിതൻ മറ്റുള്ളവരുമായി സമ്പർക്കം കഴിവതും ഒഴിവാക്കേണ്ടതാണ്. ധാരാളം വെള്ളം കുടിക്കണം. വിശ്രമിക്കണം. രോഗലക്ഷണങ്ങൾക്കനുസരിച്ച് ഡോക്ടറുടെ നിർദേശപ്രകാരം മരുന്നുകൾ കഴിക്കണം. മുണ്ടിനീരിന് പ്രതിരോധകുത്തിവയ്പു ലഭ്യമാണ്. എംഎംആർ എന്ന കുത്തിവയ്പ് മുണ്ടിനീര്, അഞ്ചാംപനി, റുബെല്ല എന്നീ രോഗങ്ങൾക്കെതിരേയുള്ളതാണ്.

വേനൽക്കാലമായാൽ ശുദ്ധജലദൗർലഭ്യം ഒരു വലിയ സാമൂഹികപ്രശ്നമാണ്. ശുദ്ധജലദൗർലഭ്യംകൊണ്ടും ആഹാരത്തിൽ രോഗാണുക്കൾ കലരുമ്പോഴും ഉണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് ഇനി നോക്കാം.

**വയറിളക്കരോഗങ്ങൾ**

വൈറസ് മൂലവും ബാക്ടീരിയമൂലവും വയറിളക്കരോഗങ്ങൾ ഉണ്ടാവാം. പനി, ഛർദി തുടങ്ങിയ ലക്ഷണങ്ങളുടെകൂടെ മലത്തിൽ ചളി, രക്തം എന്നിവയും കണ്ടേക്കാം. റോട്ടാ വൈറസ് എന്ന വൈറസും കോളറ, ഷിഗെല്ല തുടങ്ങിയ ബാക്ടീരിയകളുമാണ് സാധാരണമായി വയറിളക്കരോഗങ്ങൾക്കു പ്രധാനകാരണം. കഞ്ഞിവെള്ളത്തിനു സമാനമായ വയറിളക്കമാണ് പ്രധാനമായും കോളറയിൽ കാണപ്പെടുന്നത്.

**മഞ്ഞപ്പിത്തം**

ഹൈപ്പറ്റൈറ്റിസ് - എയും ഹെപ്പറ്റൈറ്റിസ് - ഇ യുമാണ് ജലത്തിലൂടെ പകരുന്ന മഞ്ഞപ്പിത്തരോഗങ്ങൾ. പനി, ഛർദി, മൂത്രത്തിനും കണ്ണിനും കടുത്ത മഞ്ഞനിറം, ഭക്ഷണത്തോടുള്ള വിരക്തി തുടങ്ങിയവയാണ് ഇവ രണ്ടിന്റെയും ലക്ഷണങ്ങൾ. ഹെപ്പറ്റൈറ്റിസ് - എ യ്ക്ക് പ്രതിരോധകുത്തിവയ്പ് ലഭ്യമാണ്.

**ടൈഫോയ്ഡ്**

സാൽമൊണെല്ല എന്ന ബാക്ടീരിയ പരത്തുന്ന ഒരു രോഗമാണ് ടൈഫോയ്ഡ്. വൃത്തിഹീനമായ ജലം, ആഹാരപദാർഥങ്ങൾ എന്നിവയിലൂടെയാണ് ടൈഫോയ്ഡ് പകരുന്നത്. പനി, ഛർദി തുടങ്ങിയവയാണ് പ്രധാനലക്ഷണങ്ങൾ. ചികിത്സിച്ചില്ലെങ്കിൽ വളരെ സങ്കീർണമായേക്കാവുന്ന ഒരു രോഗമാണിത്. ജലജന്യരോഗങ്ങളുടെയെല്ലാം പ്രധാന ലക്ഷണങ്ങൾ പനി, ഛർദി, വയറിളക്കം തുടങ്ങിയവയാണ്. നിർജലീകരണം തടയുക എന്നതാണ് ചികിത്സയുടെ ആദ്യപടി.

ഉപ്പിട്ട കഞ്ഞിവെള്ളമോ, തിളപ്പിച്ചാറ്റിയ വെള്ളത്തിൽ അളവിനുള്ള ഉപ്പും പഞ്ചസാരയും ചേർത്തോ നല്കി പാനീയചികിത്സ തുടങ്ങാവുന്നതാണ്. എന്നാൽ, രോഗത്തിനുള്ള ശരിയായ ചികിത്സ വൈകിപ്പിക്കരുത്. ഏതു രോഗമാണെങ്കിലും സ്വയം ചികിത്സ നടത്താൻ പാടുള്ളതല്ല.

■

# ‘ഹിസ് ഒൺലി സൺ’

## മാർച്ച് 31 ന് തിയേറ്ററുകളിലേക്ക്




ന്യൂയോർക്ക്: അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ജീവിതത്തെ ആസ്പദമാക്കിയുള്ള ചിത്രം ‘ഹിസ് ഒൺലി സൺ’ ഈസ്റ്ററിനോടനുബന്ധിച്ച് മാർച്ച് 31 നു തിയേറ്ററുകളിലെത്തും. ഇതാദ്യമായാണ് പൂർണമായി ക്രൗഡ് ഫണ്ടിങ്ങിലൂടെ പണം സ്വരൂപിച്ചു നിർമിച്ച ചിത്രം അമേരിക്കയിലുടനീളം റിലീസ് ചെയ്യുന്നത്. അറുപതിനായിരത്തോളം നിക്ഷേപകരിൽനിന്ന് 12,35,000 ഡോളറാണ് ചിത്രത്തിനുവേണ്ടി സ്വരൂപിച്ചത്. പ്രമുഖ വീഡിയോ സ്ട്രീമിങ് പ്ലാറ്റ്ഫോം ആയ എയ്ഞ്ചൽ സ്റ്റുഡിയോസാണ് ചിത്രത്തിന്റെ നിർമാണം അടക്കമുള്ളതിന്റെ ചുക്കാൻ പിടിക്കുന്നത്. ദ ചോസൺ പരമ്പരയുടെ പിന്നിൽ പ്രവർത്തിക്കുന്നതും എയ്ഞ്ചൽ സ്റ്റുഡിയോസാണ്.

ഉത്പത്തിപ്പുസ്തകത്തിലെ പന്ത്രണ്ടാം അധ്യായംമുതൽ ഇരുപത്തിരണ്ടാം അധ്യായംവരെയുള്ള ഭാഗങ്ങളെ ആസ്പദമാക്കിയാണ് ചിത്രം നിർമിച്ചിരിക്കുന്നത്. മുൻ യുഎസ് മറൈൻ ആയിരുന്ന ഡേവിഡ് ഹെല്ലിങ്ങാണ് ചിത്രത്തിന്റെ സംവിധായകൻ. ഇറാഖിൽ സേവനം ചെയ്യുന്ന കാലത്താണ് അദ്ദേഹത്തിന് ഇങ്ങനെ ഒരു ആശയം മനസ്സിൽ ഉദിച്ചത്. ‘ദ ചോസൺ’ പരമ്പര ‘ദ പാഷൻ ഓഫ് ദ ക്രൈസ്റ്റ്’ ചിത്രവുമായി കണ്ടുമുട്ടുന്ന നിലവാരമാണ് ‘ഹിസ് ഒൺലി സണ്ണി’ന് ഉള്ളതെന്ന് ഹെല്ലിങ് പറഞ്ഞു.

ഇറാഖിൽ ഉണ്ടായിരുന്ന കാലത്താണ് ഹെല്ലിങ് ബൈബിളുമായി കൂടുതൽ അടുക്കുന്നതെന്ന് എയ്ഞ്ചൽ സ്റ്റുഡിയോസിന്റെ വക്താവ് ജാർഡ് ജീസി പറഞ്ഞു. ഒരു ഫിലിം സ്കൂളിൽ ചെന്ന് ബൈബിൾകഥകൾ എങ്ങനെയാണു പറയേണ്ടതെന്നു പഠിക്കാൻ അദ്ദേഹം തീരുമാനിച്ചു. അഞ്ചുവർഷം ഹെല്ലിങ് ചിത്രത്തിന്റെ പണിപ്പുരയിൽ ആയിരുന്നുവെന്നും ജീസി പറഞ്ഞു. ആരാധകരിലേക്കു ചിത്രം എത്തിക്കുന്നതിന്റെ ആകാംക്ഷ പങ്കുവച്ച ജീസി, ദ ചോസൺ ഇഷ്ടപ്പെടുന്നവരാണെങ്കിൽ തീർച്ചയായും ഹിസ് ഒൺലി സണ്ണും ഇഷ്ടപ്പെടുമെന്നു കൂട്ടിച്ചേർത്തു. ലെബനീസ് നടനായ നിക്കോളാസ് മൗവ്വാദാണ് ചിത്രത്തിൽ അബ്രാഹമായി വേഷമിടുന്നത്.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



വാക്കിൽ പിഴയ്ക്കാത്തവൻ അനുഗൃഹീതൻ; അവനു പാപത്തെപ്രതി ദുഃഖിക്കേണ്ടിവരികയില്ല.

പ്രഭാഷകൻ 14:1

**എഡിറ്റോറിയൽ**

# ഇവിടെ വികസിക്കുന്നത് സാമ്പത്തിക അസമത്വം

ദരിദ്രർ കൂടുതൽ ദരിദ്രരും സമ്പന്നർ കൂടുതൽ സമ്പന്നരുമായി വളരുന്ന ഒരു ലോകക്രമത്തിലാണു നാമിന്നു ജീവിക്കുന്നത്. ഇന്ത്യയെപ്പോലെ ഇത്രയും ബഹുസ്വരതയും ചരിത്രപാരമ്പര്യവുമുള്ള ഒരു ജനാധിപത്യസംവിധാനത്തിൽ സാമ്പത്തിക അസമത്വത്തിന്റെ വൈറസുകൾ രാജ്യത്തെ ഭിന്നിപ്പിക്കുന്നത് വച്ചുപൊറുപ്പിക്കാനാവില്ല. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം അവസാനിക്കുകയും സാമൂഹികഘടനയിലടക്കം സാഹോദര്യത്തിന്റെ ഇഴയടുപ്പം വേഗത്തിലാവുകയും ചെയ്യേണ്ടത് ജനാധിപത്യഭാരതത്തിന്റെ സംശുദ്ധിക്ക് അനിവാര്യമായിരിക്കുന്നു.

കൊവിഡ്കാലത്തും അതിനുശേഷവും ഇന്ത്യയിലെ സാമ്പത്തിക ഉച്ചനീചത്വം വെളിവാക്കുന്ന ഒട്ടേറെ റിപ്പോർട്ടുകളാണ് പുറത്തുവന്നത്. ഉണ്ണാനും ഉടുക്കാനും കിടക്കാനും ഗതിയില്ലാത്ത ദരിദ്രനാരായണന്മാർ ഒരു വശത്തു പെരുകുകയും, മറുവശത്ത് ശതകോടീശ്വരന്മാരുടെ സമ്പത്തു കുമിഞ്ഞുകൂടുകയും ചെയ്തതിന്റെ റിപ്പോർട്ടുകൾ പുറത്തുവന്നു. 'സർവൈവൽ ഓഫ് ദ റിച്ചസ്റ്റ്: ദ ഇന്ത്യ സപ്ലിമെന്റ്' ഈയിടെ റിപ്പോർട്ടു ചെയ്തതനുസരിച്ച്, ഇന്ത്യയിലെ അതിസമ്പന്നരായ നൂറു പേരുടെ സമ്പത്ത് 54.12 ലക്ഷം കോടിയാണ്. ഇവരുടെ കൈയിലുള്ള അധികപ്പണം ഇന്ത്യയിലെ കൊടുംദാരിദ്ര്യമനുഭവിക്കുന്ന 13.8 കോടി ജനങ്ങൾക്കിടയിൽ തുല്യമായി വീതിച്ചാൽ ഒരാൾക്ക് 94,000 രൂപവീതം ലഭിക്കും. അതിജീവനത്തിനായി എല്ലുമുറിയെ പണിയെടുക്കുന്ന പട്ടിണിപ്പാവങ്ങളുടെ ചെലവിലും അവർ തിരഞ്ഞെടുത്ത സർക്കാരിന്റെ തണലിലുമാണ് കോർപറേറ്റ് മുതലാളിമാർ കോടീശ്വരന്മാരായി വിലസുന്നതെന്നോർക്കണം. കോർപറേറ്റുകൾക്ക് അനുകൂലമായ നികുതിഘടന നിലവിലിരിക്കുന്നിടത്തോളംകാലം ഇന്ത്യയിലെ അതിസമ്പന്നരുടെ വിജയഗാഥ വർത്തമാനകാലത്തേതു മാത്രമല്ല, ഭാവിയുടേതുമാണെന്നു പറയാൻ വിധിക്കപ്പെട്ടവനാണ് ഓരോ ഭാരതീയനും! ഇന്ത്യയിൽ തഴച്ചുവളരുന്ന അംബാനിമാരുടെയും അദാനിമാരുടെയും യുഗപ്രഭാവം അവസാനിച്ചാൽ മാത്രമേ, ഭരണാധികാരത്തിന്റെ അന്തപ്പുരങ്ങളിൽനിന്ന് അവരെ സ്ഥാനഭ്രഷ്ടരാക്കിയാൽ മാത്രമേ ഇന്ത്യയിൽ ജനാധിപത്യത്തിന്റെ പുതുപ്രഭാതം പുലരുകയുള്ളൂ.

രാജ്യത്തെ ശതകോടീശ്വരന്മാരുടെ എണ്ണം 2020 ൽ 102 ആയിരുന്നെങ്കിൽ, 2022 ലാകട്ടെ 166 ആയി ഉയർന്നു. ഈ കോടീശ്വരന്മാരുടെ പെരുപ്പമാണ് ഇന്ത്യയുടെ ഭാവി വികസനത്തെ അടയാളപ്പെടുത്തുന്നതെന്ന നഗ്നസത്യം ഭരണസിരാകേന്ദ്രങ്ങളിൽനിന്നുപോലും കേൾക്കേണ്ടിവരുന്നത് അതിദയനീയവും ലജ്ജാവഹവുമാണ്. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജനാധികാരികളുടെ ഭരണാധികാരികളായി ഇത്തരക്കാർ വാഴുന്നത് ജനാധിപത്യസംവിധാനത്തിന് അത്യന്തം ആക്ഷേപാർഹമാണ്.

രാജ്യത്തിന്റെ ആകെ സമ്പത്തിന്റെ പകുതിയിലധികം കൈവശംവച്ചിരിക്കുന്ന ഒരു ശതമാനംപോലുമില്ലാത്ത സമ്പന്നവർഗത്തിന്റെ പ്രാമാണികത്വം ചോദ്യം ചെയ്യപ്പെടുന്ന കാലം അകലെയല്ല. 2017 മുതൽ 2021 വരെ ഗൗതം അദാനി സമ്പാദിച്ച സ്വത്തിന് ഒറ്റത്തവണ നികുതി ചുമത്തിയാൽ 1.79 ലക്ഷം കോടി രൂപ സമാഹരിക്കാം. സമ്പത്തിന്റെ മൂന്നു ശതമാനംമാത്രം പങ്കിടുന്ന ആകെ ജനസംഖ്യയുടെ പകുതിയോളമെത്തുന്ന മനുഷ്യർക്കു മാന്യമായി ജീവിക്കാൻ ഈ തുക മതിയാകും.

ഇന്ത്യയിലെ പെറ്റുപെരുകുന്ന അസമത്വത്തിന്റെയും അരാജകത്വത്തിന്റെയും വൈറസുകളെ ഉന്മൂലനം ചെയ്യാൻ സർക്കാർ ഇനിയെങ്കിലും ഇച്ഛാശക്തി കാണിക്കണം. ഇന്ത്യയെ ദരിദ്രരാജ്യമായി എക്കാലവും നിലനിർത്തുന്നതിൽ തത്പരരായ കുറേപ്പേരോടൊപ്പം സർക്കാർ പങ്കുപറ്റുന്നെങ്കിൽ, അത്തരം അവിശുദ്ധ കൂട്ടുകെട്ടുകളെ എന്നന്നേക്കുമായി അവസാനിപ്പിക്കാൻ ഭരണാധികാരികൾ പ്രതിബദ്ധരായേ പറ്റൂ. പ്രതിപക്ഷകക്ഷികളും മാധ്യമങ്ങളും കോടതിയുമൊക്കെ ഇക്കാര്യത്തിൽ അതിജാഗ്രത പുലർത്തുകയും കാര്യക്ഷമമായി ഇടപെടുകയും ചെയ്യേണ്ടതുണ്ട്. ഇന്ത്യയിലെ സമ്പത്തിന്റെ പേരിലുള്ള ഉച്ചനീചത്വം വേരറുക്കപ്പെടേണ്ട അഴിമതിവൈറസാണെന്ന കാര്യത്തിൽ തർക്കമില്ലാതിരിക്കേ, നീതിയും സാഹോദര്യവും സമത്വവും കാംക്ഷിക്കുന്ന പുതിയൊരു ഭാരതത്തിന്റെ ഉയിർത്തെഴുന്നേല്പ് വിദൂരമല്ലെന്നു പ്രത്യാശിക്കാം. ■

# വിമർശനംകൊണ്ടു തളരുന്നതല്ല സഭ




**പ്രതികരണം**

സന്ന്യാസജീവിതം കൃപ ലഭിച്ചവർക്കുള്ള വിളിയാണ്. കർത്താവു വിളിച്ചു വിലയിട്ട് മുദ്രകുത്തി അവിടുത്തേക്കായി മാറ്റിനിർത്തിയ ജീവിതങ്ങളാണ് ഞങ്ങളുടേത്. വിളിച്ചവൻ മരണംവരെ വിശ്വസ്തനാണ്. അവനാണ് ഞങ്ങളെ തിരഞ്ഞെടുത്തത്. ആരെങ്കിലും നിർബന്ധിച്ചതുകൊണ്ടോ ആഗ്രഹിച്ചതുകൊണ്ടോ അല്ല; മറിച്ച്, അവിടുത്തെ കൃപയാണ് വിളിയുടെ അടിസ്ഥാനം. കത്തോലിക്കാസഭയെയും സന്ന്യാസത്തെയും അധിക്ഷേപിക്കുന്ന തരത്തിലുള്ള പ്രവണതകൾ കലാസാഹിത്യരംഗങ്ങളിൽ കാണാൻ തുടങ്ങിയിട്ടു കുറച്ചുനാളായി. ഇപ്പോഴിതാ, ഒരു ക്രൈസ്തവനാമധാരിതന്നെ സന്ന്യാസത്തെ അപമാനിക്കുന്ന നാടകവുമായി രംഗത്തുവന്നിരിക്കുന്നു.

വാക്ശരങ്ങളാൽ തകരുന്നതോ തളരുന്നതോ അല്ല കത്തോലിക്കാസഭയും കത്തോലിക്കാസന്ന്യാസവും. തിളയ്ക്കുന്ന എണ്ണയിലും കത്തുന്ന പന്തങ്ങളിലും എല്ലാം ജ്വലിച്ച വിശ്വാസപാരമ്പര്യമാണ് ക്രൈസ്തവർക്കുള്ളത്. സത്യത്തിനുവേണ്ടി, നീതിക്കുവേണ്ടി, മിശിഹായോടുള്ള സ്നേഹത്താൽ ജീവൻ ത്യജിച്ച അനേകായിരങ്ങളുടെ ജ്വലിക്കുന്ന വിശ്വാസത്തിന്റെ അടിത്തറയിൽ പണിയപ്പെട്ട കത്തോലിക്കാസഭയ്ക്കും സന്ന്യാസത്തിനുമെതിരേ ചെളിവാരിയെറിഞ്ഞല്ല പേരും പണവും സമ്പാദിക്കേണ്ടത്.

ക്രൈസ്തവഭയെയും പവിത്രമായ സന്ന്യാസത്തെയും താറടിച്ചു നശിപ്പിച്ചാലേ, തങ്ങളുടെ ഹിഡൻ അജണ്ടകൾ സമൂഹത്തിൽ പ്രാവർത്തികമാക്കാനാവൂ എന്നുള്ള തിരിച്ചറിവ് കിട്ടിയ ഒരു പറ്റം സഹോദരങ്ങളാണ് കക്കുകളി പോലുള്ള നാടകത്തിന്റെ പിന്നിലെന്ന് സാമാന്യബുദ്ധിയുള്ളവർക്കു മനസ്സിലാകും. എല്ലാവരുടെയും ശ്രദ്ധയും എല്ലാ മീഡിയാക്കാരുടെയും ക്യാമറയും സമർപ്പിതരുടെ വിശുദ്ധ വസ്ത്രത്തിലേക്കു തിരിച്ചുവച്ചിട്ട്, അതിന്റെ മറവിൽ മയക്കുമരുന്നു കച്ചവടവും മറ്റെല്ലാ പേക്കൂത്തുകളും നിർഭയം തുടരുന്നതിനുള്ള കള്ളക്കളി അല്ലാതെ മറ്റെന്താണ് ഇതിന്റെയൊക്കെ പിന്നിൽ? ഞങ്ങളുടെ വിശുദ്ധ വസ്ത്രത്തെയും ആത്മാഭിമാനത്തെയും കക്കുകളിപോലുള്ള വികടസാഹിത്യ-കലാസൃഷ്ടികളിലൂടെ തകർക്കാമെന്നു കരുതുന്നുണ്ടെങ്കിൽ നിങ്ങൾക്കു തെറ്റി. ഇതുപോലുള്ള പേക്കൂത്തുകൾ ഇനിയും ഉണ്ടായാലും അഗ്നിയിൽ സ്വർണമെന്നപോലെ ഞങ്ങൾ തിളങ്ങിപ്രശോഭിക്കുമെന്നതിൽ സംശയംവേണ്ട. ഞങ്ങളുടെ ഈ നിശ്ശബ്ദതയ്ക്കും ശാന്തതയ്ക്കും പിന്നിൽ, ആത്മീയതയുടെ ഒരു കൊടുങ്കാറ്റ് മറഞ്ഞിരിക്കുന്നുണ്ട്



എന്ന് നിങ്ങൾ ഓർക്കുന്നതു നല്ലതാണ്. കാലം അതു നിങ്ങൾക്കു മനസ്സിലാക്കിത്തരും.

കൊന്നുകളഞ്ഞാലും മഠത്തിൽ വിടരുതെന്നു കലിയിളകി ഒരു കൂട്ടർ പ്രസംഗിക്കുമ്പോൾ, കിടപ്പറയിൽ കഴുത്തിൽ മിന്നു ചാർത്തിയവനാൽ കൊലചെയ്യപ്പെടുന്ന പാവപ്പെട്ട സ്ത്രീകളെ മറക്കരുത്. ആരാണ്, എവിടെയാണ് കൊലയ്ക്കു കൊടുക്കുന്നത്? എല്ലാം ആലോചിച്ച്, അന്വേഷിച്ചു നടത്തുന്ന ബന്ധങ്ങളാണല്ലോ? വണ്ടിയിടിപ്പിച്ചും വിഷംകൊടുത്തും അന്യർക്കു കാഴ്ചവച്ചും വിഷജീവികളെ ഉപയോഗിച്ചും തന്റെ 'പാതി'യെ ഇല്ലായ്മ ചെയ്യുന്ന അനുഭവങ്ങളെ കണ്ടിട്ടും എന്റെ മകളെ, സഹോദരിയെ ഞാൻ ആർക്കും കല്യാണം കഴിപ്പിച്ചു കൊടുക്കില്ല എന്നു തീരുമാനിക്കാത്തതെന്തേ? കത്തോലിക്കാവിശ്വാസത്തെ എതിർത്തുകൊണ്ട് കത്തോലിക്കാസഭയിലേക്കും വിശ്വാസികളിലേക്കും ആരാധനക്രമത്തിലേക്കും വൈദികസന്ന്യാസജീവിതത്തിലേക്കും ഇമവെട്ടാതെ നോക്കിയിരിക്കുന്നവർ ഓർക്കുക, അതിശക്തരായ നിരീശ്വരവാദികളൊക്കെ അവസാനം കർത്താവിന്റെ കുരിശിൻചുവട്ടിലായിരുന്നു തങ്ങളുടെ അവസാനജീവിതനിമിഷങ്ങളിൽ ആശ്വാസം അനുഭവിച്ചതെന്ന്.

കത്തോലിക്കാവിശ്വാസികളുടെ കണ്ണീരും പ്രാർഥനകളും നിങ്ങളെയും ആ കുരിശിൻചുവട്ടിൽ അവസാനം എത്തിക്കട്ടെ. ധൂർത്തപുത്രന്റെ പിതാവ് വഴിയിലേക്കു കണ്ണുംനട്ട് പടിവാതിൽക്കൽ ക്ഷമയോടെ കാത്തിരിപ്പുണ്ട്. ധൈര്യത്തോടെ കടന്നുവരാം.

**സിസ്റ്റർ തെരേസ് കോഴികൊത്തിക്കൽ എസ്.എച്ച്.**

## ഉചിതമായ വാക്കുകൾ

മലയാളനിരൂപണത്തിന്റെ ജനപ്രിയമുഖമായിരുന്ന പ്രഫ. എം. കൃഷ്ണൻനായരെ വിലയിരുത്തിക്കൊണ്ടുള്ള ജിൻസ് കാവാലിയുടെ ലേഖനം (നിർഭയവിമർശനത്തിന്റെ പ്രകാശഗോപുരം-നാളം 2) ഉന്നതനിലവാരം പുലർത്തി. കൃഷ്ണൻനായരെയും അദ്ദേഹത്തിന്റെ സാഹിത്യവാരഫലത്തെയും അടുത്തറിഞ്ഞവർക്ക് അദ്ദേഹത്തെ ആദരവോടെയേ കാണാനാകൂ. അവരെ തൃപ്തരാക്കുന്ന നിരീക്ഷണങ്ങൾകൊണ്ട് ലേഖനത്തെ സമൃദ്ധമാക്കാൻ ജിൻസിനു കഴിഞ്ഞുവെന്ന് സന്തോഷപൂർവം അറിയിക്കട്ടെ. സാഹിത്യവാരഫലത്തെ ലേഖകൻ ഉചിതമായ വാക്കുകളിൽ കൃത്യമായി വിലയിരുത്തിയിരിക്കുന്നു. കൃഷ്ണൻനായർ തന്റെ തൂലികത്തുമ്പിലൂടെ വായനക്കാർക്കു പകർന്നേകിയ ഹൃദയാനന്ദത്തെ തന്റെ ലേഖനത്തിലൂടെ ജിൻസ് പ്രത്യാനയിച്ചിരിക്കുന്നു.

**പോൾ ജോസഫ് കോഴിക്കോട്**

# കാർഷികരംഗത്തെ നാനോവിപ്ലവം



ഡോ. റ്റീന മാത്യു

കർഷകരെ കേന്ദ്രീകരിച്ച് സ്വയംപര്യാപ്തതയിലേക്കുള്ള രാജ്യത്തിന്റെ പ്രയാണത്തിന്റെ പ്രഭവകേന്ദ്രമായി കൃഷിയെ പ്രതിഷ്ഠിച്ചുകൊണ്ട്, കർഷകരുടെ സുസ്ഥിരതയ്ക്കും ഉന്നമനത്തിനും സമഗ്രമായ രീതിയിൽ ഇന്ത്യ സുപ്രധാനനടപടികൾ കൈക്കൊള്ളേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നു. ഈ സാഹചര്യത്തിൽ, മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിനുമായി സംയോജിത പോഷകപരിപാലനം പ്രോത്സാഹിപ്പിച്ച് സമീപവർഷങ്ങളിൽ നാനോവളങ്ങൾ വിപണിയിൽ അവതരിപ്പിക്കപ്പെട്ടു. വർധിച്ച പോഷകാഗിരണം, പോഷകങ്ങളുടെ നിയന്ത്രിതപ്രകാശനം, കുറഞ്ഞ പാരിസ്ഥിതികാഘാതം, പരമ്പരാഗത വളങ്ങളെക്കാൾ ലാഭകരം എന്നീ കാരണങ്ങളാൽ നാനോ വളങ്ങൾ കാർഷികമേഖലയുടെ നൂതന വാഗ്ദാനമായി നിലകൊള്ളുന്നതായി ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രിക്കൾച്ചറൽ റിസർച്ച് വെളിപ്പെടുത്തുന്നു. കാർഷികരംഗത്തു വിപ്ലവം സൃഷ്ടിച്ച നാനോ ദ്രവ യൂറിയയ്ക്കുശേഷം നാനോ ദ്രവ ഡൈ അമോണിയം ഫോസ്ഫേറ്റും വാണിജ്യാടിസ്ഥാനത്തിൽ പുറത്തിറക്കാൻ കേന്ദ്ര സർക്കാർ അംഗീകാരം നല്കിയതായി രാസവളം മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ മാർച്ച് 4 ന് പ്രഖ്യാപിക്കുകയുണ്ടായി. ഈ സുപ്രധാനചുവടുവയ്പ്പ് കർഷകസഹോദരങ്ങളുടെ ജീവിതം സുഗമമാക്കുന്നതോടൊപ്പം ഇന്ത്യൻ കാർഷികമേഖലയിലും, സമ്പദ്‌വ്യവസ്ഥയിലും മാറ്റങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമായതാണെന്നു കരുതപ്പെടുന്നു. പുതുതായി വികസിപ്പിച്ച ഇഫ്കോയുടെ 90% വരെ ഫലശേഷിയുള്ള നാനോ ദ്രവ ഡൈ അമോണിയം ഫോസ്ഫേറ്റ് (NDAP), 25% മാത്രം ഫലശേഷിയുള്ള പരമ്പരാഗത ഡിഎപിയുമായി താരതമ്യപ്പെടുത്തുമ്പോൾ ചെലവു കുറയ്ക്കുമെന്നും സബ്സിഡി വെട്ടിക്കുറയ്ക്കുമെന്നും പ്രതീക്ഷിക്കുന്നു. ഒരേക്കർ കൃഷിഭൂമിക്കാവശ്യമായ 500 മില്ലി നാനോ ഡി എപിക്ക് 600 രൂപയാണ് വില. നിലവിൽ 1350 രൂപയുടെ 50 കി. ഗ്രാം പരമ്പരാഗത ഡിഎപി വളം അരയേക്കർ കൃഷിഭൂമിയിൽമാത്രം ഉപയോഗിക്കാൻ കഴിയുന്ന അവസ്ഥയിലാണ് നമ്മുടെ കർഷകർ. എൻ.ഡി.എ.പി. യുടെ പ്രാദേശിക ഉത്പാദനം ലക്ഷ്യമിടുന്നതിനാൽ ഇറക്കുമതി രാസവളങ്ങളെ ആശ്രയിക്കാതിരിക്കാമെന്നതും ശ്രദ്ധേയമാണ്. നാനോ ഡിഎപിയുടെ അംഗീകാരം രാജ്യത്തെ കർഷകരുടെ ജീവിതത്തിൽ ആകർഷകമായ മാറ്റമുണ്ടാക്കുമെന്ന് കേന്ദ്ര കെമിക്കൽസ് ആൻസ് ഫെർട്ടിലൈസേഴ്സ് മന്ത്രി അഭിപ്രായപ്പെടുകയുണ്ടായി.


ഫോസ്ഫറസ് (പി) അതിന്റെ അജൈവരൂപത്തിന്റെ ജൈവലഭ്യതയെ അടിസ്ഥാനമാക്കി സസ്യവളർച്ചയെയും വികാസത്തെയും നിയന്ത്രിക്കുന്ന പരിമിതമായ ഒരു പോഷകപദാർഥമാണ്. പി വളങ്ങളുടെ ബാഹ്യപ്രയോഗം ഉത്പന്നങ്ങളുടെ വിളവിൽ ഇന്ന് വർധിച്ചുവരുന്ന ആവശ്യങ്ങൾക്ക് അനിവാര്യമാണ്. സ്വാഭാവിക പി കരുതൽ ശേഖരത്തിന്റെ പുനരുത്പാദിപ്പിക്കാനാവാത്ത സ്വഭാവവും ദ്രുതഗതിയിലുള്ള ജനസംഖ്യാവളർച്ചയും ഭക്ഷ്യവിളകളുടെ ഉത്പാദനവർധനവിലേക്കും കുറഞ്ഞ പി വളം പ്രയോഗത്തിലേക്കും വിരൽചൂണ്ടുന്നു. ആയതിനാൽത്തന്നെ നാനോ വളങ്ങളുടെ വികസനവും ഫലപ്രാപ്തിയും നിർണായകമായി മാറുന്നു. കൂടുതൽ കാര്യക്ഷമമായതിനാൽ പരമ്പരാഗതവളങ്ങളുടെ അതേ ഫലങ്ങൾ കൈവരിക്കുന്നതിന് കുറച്ചു വളംമാത്രം ആവശ്യമായി വരുന്നു; ഇതുവഴി രാസവളങ്ങൾ ഒഴുകിപ്പോകുന്നതിനും ജലസ്രോതസ്സുകൾ മലിനമാകുന്നതിനുമുള്ള സാധ്യതകൾ കുറയുന്നു. വളത്തിലെ നാനോ കണികകൾ ആവരണമായി പ്രവർത്തിക്കുന്നതുമൂലം സാവധാനം പോഷണങ്ങൾ പുറത്തുവരുന്നതിനാൽ സസ്യങ്ങൾക്ക് ദീർഘകാലത്തേക്ക് ഇവയുടെ സ്ഥിരമായ വിതരണം സാധ്യമാകുന്നു.

നൈട്രജനും ഫോസ്ഫറസും വളരെ സാന്ദ്രമായ രൂപത്തിൽ അടങ്ങിയിരിക്കുന്ന നാനോ ഡൈ അമോണിയം ഫോസ്ഫേറ്റ് നാനോ ടെക്നോളജിയുടെ സഹായത്താൽ നിർമിക്കപ്പെടുന്നതിനാൽ സസ്യങ്ങൾ അനായാസം ആഗിരണം ചെയ്യുന്ന ചെറിയ കണങ്ങളാക്കി വളത്തിന്റെ തന്മാത്രകളെ വിഘടിപ്പിക്കുന്നു. വിളകൾ മെച്ചപ്പെടുത്തുന്നതോടൊപ്പം എൻ ഡി എ പി മണ്ണിന്റെ ഫലഭൂയിഷ്ഠത വർധിപ്പിക്കുകയും മണ്ണിലെ സൂക്ഷ്മാണുക്കളുടെ വളർച്ചയെ പരിപോഷിപ്പിക്കുകയും മണ്ണിലൂടെ പകരുന്ന രോഗങ്ങളെ അടിച്ചമർത്തുകയും ചെയ്യുന്നു. ഭൂഗർഭജലത്തിലേക്കു കടക്കാനുള്ള സാധ്യത കുറവായതിനാൽ മലിനീകരണത്തിനും ആവാസവ്യവസ്ഥയുടെ നാശത്തിനും ഇതു കാരണമാകുന്നില്ല. മനുഷ്യർക്കും മൃഗങ്ങൾക്കും സുരക്ഷിതമായതിനാലും മണ്ണിനെയോ വെള്ളത്തെയോ മലിനമാക്കുന്ന ദോഷകരമായ രാസവസ്തുക്കളോ ഘനലോഹങ്ങളോ അടങ്ങിയിട്ടില്ലാത്തതിനാലും എൻഡിഎപിയെ ഒരു പരിസ്ഥിതിസൗഹൃദവളമായി കണക്കാക്കാവുന്നതാണ്. അരി, ഗോതമ്പ്, ചോളം, പച്ചക്കറികൾ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന വിളകളിലും വിവിധതരം മണ്ണുകളിലും ഇത് ഉപയോഗിക്കാം. എൻഡിഎപി ഒരു സ്ലോ റിലീസ് വളമായതിനാലും പോഷണങ്ങൾ കാലക്രമേണ പുറത്തുവിടുന്നതിനാലും നാനോ വലുപ്പത്തിലുള്ള കണങ്ങളെ വേരുകൾ വേഗത്തിൽ വലിച്ചെടുക്കുന്നതിനാലും അമിതവളപ്രയോഗത്തിന്റെ അപകടസാധ്യതകൾ കുറച്ച് ആരോഗ്യവും മെച്ചപ്പെട്ട വിളവും ഗുണനിലവാരവുമുള്ള സസ്യങ്ങളെ സൃഷ്ടിച്ചെടുക്കാൻ കഴിയും. പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനൊപ്പം വിളകളുടെ ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിനാൽ എൻഡിഎപി കർഷകരുടെ സ്വപ്നങ്ങൾ ചിറകുവിരിക്കാൻ സഹായകമാകുമെന്നു കരുതാം. ഈ ഘട്ടത്തിലും എൻഡിഎപിയുടെ ഉയർന്ന ലായകത പോഷകങ്ങളുടെ ഒഴുക്കിനു കാരണമാകുന്നതിനാൽ ജല ആവാസവ്യവസ്ഥ ദോഷകരമായി ബാധിക്കപ്പെടുമോയെന്ന ആശങ്കയും നിലനില്ക്കുന്നുണ്ട്. എന്നിരുന്നാലും, മണ്ണിന്റെയും പരിതഃസ്ഥിതിയുടെയും ദീർഘകാല ആരോഗ്യം ഉറപ്പാക്കുന്നതിന് വിളഭ്രമണം, കവർവിളകൾ, മണ്ണുസംരക്ഷണം തുടങ്ങിയ മറ്റ് കാർഷികരീതികളുമായി സംയോജിപ്പിച്ച് എൻഡിഎപി ഉപയോഗിക്കുന്നതു പ്രധാനമാണ്.

ഇടത്തരക്കാരനെന്ന മേൽവിലാസത്തോടെ മുദ്രകുത്തപ്പെടുമ്പോഴും ചെറുകിട കർഷകൻ എന്നും പ്രാരബ്ധങ്ങൾ പേറുന്നവനാണ്. അവന്റെ കഠിനാധ്വാനവും കഷ്ടപ്പാടുകളും ആകാശത്തിന്റെ നിറംമാറ്റത്തെയും പ്രകൃതിയുടെ വികൃതികളെയും വിപണിയിലെ ഇന്ദ്രജാലങ്ങളെയും ആശ്രയിച്ചാണ് ഫലപ്രാപ്തിയിൽ എത്തിച്ചേരേണ്ടത്. ഇത്തരത്തിലുള്ള കർഷകരുടെ കണ്ണീരിനും വിയർപ്പിനും തണലാകാൻ എൻഡിഎപിക്കു സാധിച്ചാൽ അത് ഇന്ത്യയെന്ന കാർഷികരാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിലും ജീവിതനിലവാരത്തിലും വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ചേക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം.

■






ശ്രേഷ്ഠമലയാളം

ഡേവിസ് സേവ്യർ

# സുഖവും ദുഃഖവും



വൃദ്ധി - ക്ഷയംപോലെ മനുഷ്യജീവിതത്തിലെ രണ്ട് അവസ്ഥകളാണ് സുഖവും ദുഃഖവും. 'അഴലും സുഖവും സ്ഫുരിപ്പതും/ നിഴലും ദീപവുമെന്നപോലെ'* എന്നു മഹാകവി കുമാരനാശാനും എഴുതിയിട്ടുണ്ട്. ഇന്ദ്രിയങ്ങൾക്ക് അനുകൂലമായ അവസ്ഥയാണ് സുഖം. ഖം എന്നാൽ ഇന്ദ്രിയം. 'സു സുഷ്ഠുഹിതം ഏതത് ഖേഭ്യഃ ഇന്ദ്രിയേഭ്യഃ ഇതി സുഖം'* എന്നാണ് ദുർഗാചാര്യൻ രേഖപ്പെടുത്തിയിട്ടുള്ളത്. ശരീരവും മനസ്സും സന്തോഷകരമായിരിക്കുന്ന സ്ഥിതിയാണല്ലോ സുഖം. ദം എന്ന ശബ്ദം ദാനത്തോടു (നല്കലിനോട്) ബന്ധപ്പെട്ടതാണ്. സുഖദത്തിന് (സുഖ+ദം) സുഖമുളവാക്കുന്നത് എന്നാണർഥം. 'സുഖധം' തെറ്റായ രൂപമാണ്.

"ദുഷ്ടം ഖനതി ഇതി ദുഃഖം"* ഖന എന്നാൽ കുഴിക്കുക ആണ്. ദുഷ്ടമായി മനസ്സിനെ കുഴിക്കുന്നതാണു ദുഃഖം. വേദന, അപമാനം, വിരഹം, നിരാശത തുടങ്ങിയവകൊണ്ട് മനസ്സിനുണ്ടാകുന്ന അസ്വസ്ഥതയാണത്. ദുരിതം, ക്ലേശം, കഷ്ടപ്പാട്, പ്രയാസം മുതലായവയെ കുറിക്കാനും ദുഃഖശബ്ദം പ്രയോഗിക്കുന്നു. ദുഃഖശബ്ദത്തോട് ദം ചേർന്നുവരുന്ന ദുഃഖദത്തിന് (ദുഃഖ + ദം) ദുഃഖത്തെ നൽകുന്നത് എന്നുതന്നെ വിവക്ഷിതം. ദുഃഖത്തിൽ അവസാനിക്കുന്നത് ദുഃഖപര്യവസായിയാണ്; 'ദുഃഖപര്യവസാനി അല്ല. അവസാനം എന്ന വിചാരത്തിൽനിന്നാണ വണം അങ്ങനെ ഒരു വികലരൂപം ഉണ്ടാകാൻ ഇടവന്നത്.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വാരംതോറും എഴുതിവരുന്ന അക്ഷരംപ്രതി എന്ന പംക്തിയിൽ കെ. സി. നാരായണൻ ഇങ്ങനെ രേഖപ്പെടുത്തുന്നു: "സുഖം എന്നാൽ എന്താണ്? സുഷ്ഠുവായ ഖം എന്നാണ് സുഖത്തിന്റെ നിരുക്തം. സുഷ്ഠു എന്നാൽ ഭംഗിയുള്ളത്, തെളിഞ്ഞത് എന്നർഥം. ഖം എന്നാൽ ആകാശമെന്നും. മനസ്സ് തെളിഞ്ഞ ആകാശം പോലെ ആയിരിക്കുന്ന അവസ്ഥയാണ് സുഖം. ദുഃഖമോ? ദുഷ്ടമായ അഥവാ ദുഷിച്ച ഖം അഥവാ ആകാശമെന്നാണ് അതിന്റെ നിരുക്തം. ആകാശം കാർമേഘം പരന്ന് ഇരുണ്ടു ദുഷിച്ച അവസ്ഥയാണ് ദുഃഖം. മനസ്സിനെ നഭസ്സുതന്നെയായി കല്പിക്കാൻ കഴിഞ്ഞ മഹാകവിയാകണം ആ വാക്കിന്റെ സ്രഷ്ടാവ്.*

വാക്കുകളുടെ നിരുക്തിയും പൊരുളും മനസ്സിലാക്കി പ്രയോഗിക്കുമ്പോഴാണ് ഭാഷയുടെ ശക്തിയും സൗന്ദര്യവും വെളിപ്പെടുന്നത്.

1. കുമാരനാശാൻ, എൻ., ചിന്താവിഷ്ടയായ സീത, പഠനം ഭാഷ്യം, ഡോ. ഡേവിസ് സേവ്യർ, ബുക്ക് മീഡിയ, പാലാ, 2021, പുറം - 56,

2. രാജഗോപാൽ, എൻ.കെ., സംസ്കൃതനിരുക്തകോശം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999, പുറം - 234.

3. രാജഗോപാൽ, എൻ.കെ., സംസ്കൃതനിരുക്തകോശം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999, പുറം - 113

4. നാരായണൻ, കെ.സി., അക്ഷരംപ്രതി (പംക്തി), മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2023 ഫെബ്രുവരി 12, പുസ്തകം 100, ലക്കം 4, പുറം - 93.




**മാർച്ച് 26**
**നോമ്പുകാലം ആറാം ഞായർ**

ഉത്പ 19:15–26
ജോഷ്വ 21:43–22:5
റോമ 14:13–23
യോഹ 10:11–18

# നല്ല ഇടയൻ



ഡോ. ജോസഫ് കരികുളം

**ദൈ**വരാജ്യത്തിന്റെ മഹത്ത്വത്തിലേക്കു പ്രവേശിക്കാനുള്ള ഒരുക്കകാലമാണ് നോമ്പുകാലം. ദൈവത്തെ മുഖാഭിമുഖം കാണുന്നതിൽനിന്നും അവന്റെ മഹത്ത്വം അനുഭവിക്കുന്നതിൽനിന്നും നമ്മെ തടയുന്ന, പാപത്തിന്റെ കെണിയിൽനിന്നു നമ്മെ രക്ഷിക്കുന്ന പദ്ധതിയുടെ ഭാഗമായിരുന്നു ഈശോയുടെ പീഡാസഹനവും മരണവും ഉത്ഥാനവും.

മനുഷ്യനെ അവന്റെ വിവിധ സാഹചര്യങ്ങളിൽ, രക്ഷയുടെ വിവിധ തലങ്ങളിലേക്കു കൈപിടിച്ചുനടത്തുന്ന ദൈവത്തെയാണ് വി. ഗ്രന്ഥത്താളുകളിൽ നാം കണ്ടുമുട്ടുന്നത്. സോദോമിൽനിന്നു ലോത്തിനെ രക്ഷിക്കുന്ന ദൈവത്തെയാണ് ഒന്നാം വായന കാണിച്ചുതരുന്നത് (ഉത്പ. 19: 15–26). പാപത്തിന്റെ നഗരമാണ് സോദോം എങ്കിലും ലോത്തിന്റെ ധാർമികബോധവും നന്മയും നാശത്തിൽനിന്ന് അവനെ രക്ഷിക്കാനുള്ള കാരണങ്ങളായി ദൈവം കാണുന്നു (19:7). താൻ താമസിച്ചുവന്ന നഗരത്തോടുള്ള സ്നേഹം ലോത്തിനെ അവിടെത്തന്നെ തങ്ങാൻ പ്രേരിപ്പിക്കുന്നു (19:16). എന്നാൽ, വരാനിരിക്കുന്ന നാശത്തിന്റെ ഭീകരത കൃത്യമായി മനസ്സിലാക്കുന്ന ദൈവത്തിന് ലോത്തിന്റെ അജ്ഞതയിൽ കരുണതോന്നുകയും അവനെ കൈയ്ക്കുപിടിച്ച് നഗരത്തിനു പുറത്തുകൊണ്ടുപോയി വിടുകയും ചെയ്തു (19:16). നന്മയിൽ ജീവിക്കുന്ന മനുഷ്യനെ തിന്മയുടെ ഫലമായ നാശത്തിൽനിന്നു രക്ഷിക്കാൻ ദൈവം കൈപിടിച്ചു നടത്തുന്നു.

അടിമത്തത്തിന്റെ ഈജിപ്തിൽനിന്ന്, കാനാൻദേശത്തിന്റെ രക്ഷയിലേക്ക് ഇസ്രായേൽ ജനത്തെ എത്തിക്കുന്ന ദൈവത്തിന്റെ കരുതലാണ് രണ്ടാം വായന സൂചിപ്പിക്കുന്നത് (ജോഷ്വാ 21:43–22:5). പിതാക്കന്മാരോടു ദൈവം വാഗ്ദാനം ചെയ്ത ദേശമാണ് അവിടുന്ന് ഇസ്രായേൽജനത്തിനു നൽകിയത് (21:43). ജോഷ്വാ ജനത്തോടു പറയുന്നു; "കർത്താവു തന്റെ വാഗ്ദാനമനുസരിച്ച് നിങ്ങളുടെ സഹോദരന്മാർക്ക് സ്വസ്ഥത നൽകിയിരിക്കുന്നു'' (22:4). പക്ഷേ, ദൈവമായ കർത്താവിനെ സ്നേഹിക്കുകയും അവിടുത്തെ വഴികളിലൂടെ ചരിക്കുകയും അവിടുത്തെ പ്രമാണങ്ങൾ അനുസരിക്കുകയും, അവിടുത്തെ ആരാധിക്കുകയും ചെയ്യണം (22:5) എന്ന ഒരു കാര്യം, ഒരു കാര്യം മാത്രം ജോഷ്വാ ജനത്തോട് വളരെ കർക്കശമായി ആവശ്യപ്പെടുന്നുണ്ട്.

ലോത്തിന്റെയും ഇസ്രായേൽ ജനത്തിന്റെയും അനുഭവം സൂചിപ്പിക്കുന്നത് അവർ ഇപ്പോൾ ആയിരിക്കുന്നതല്ലാത്ത മറ്റൊരനുഭവം അവരെ കാത്തിരിക്കുന്നുണ്ട് എന്നുതന്നെയാണ്. ഒരു സ്ഥലത്ത് സുരക്ഷ അനുഭവിക്കുന്നവർ മറ്റൊരു സ്ഥലത്തെത്തുമ്പോൾ, ഒരുപക്ഷേ, കൂടുതൽ സുരക്ഷയുള്ളതായി തോന്നിയേക്കാം. ഇനിയും മറ്റൊരു സ്ഥലം കൂടുതൽ സുരക്ഷയുള്ളത് നമുക്ക് ഈ ഭൂമിയിൽ പ്രാപ്യവുമായേക്കാം. എന്നിരുന്നാലും, ഈ ഭൂമിയിലെ എല്ലാ സ്ഥലങ്ങളും വ്യക്തികളും സാഹചര്യങ്ങളും പൂർണമായ സുരക്ഷയോ രക്ഷയോ നൽകുന്നില്ല. അതുകൊണ്ടാണ് വാഗ്ദാനദേശമായ കാനാനിലും ദൈവത്തെ മറക്കരുതെന്ന് ജോഷ്വാ ഓർമിപ്പിക്കുന്നത്.

ഈശോ നൽകുന്ന രക്ഷയാകട്ടെ പൂർണമാണ്. ദൈവമായ അവിടുത്തേക്കു മാത്രമേ അതു നൽകാനാവൂ. ഈശോ തന്റെ ജനമായ ആടുകളെ നയിക്കുന്ന നല്ല ഇടയനാണ് (യോഹ. 10:11–18). ഈ ഇടയൻ ആടുകളെ നയിക്കുന്നത് പച്ചയായ പുൽത്തകിടിയിലേക്കാണ് (സങ്കീ. 23:2). അത് കർത്താവിന്റെ ആലയമാണ് (സങ്കീ. 23:6). അതേ, ഈശോയാകുന്ന ഇടയൻ നമ്മെ ദൈവത്തിന്റെ മഹത്ത്വം നിറഞ്ഞുനിൽക്കുന്ന കർത്താവിന്റെ ആലയത്തിലേക്കു (എസെക്കി. 43:5) നടത്തുന്നു. കർത്താവിന്റെ ആലയം, ദൈവത്തിന്റെ മഹത്ത്വം നിറഞ്ഞുനിൽക്കുന്ന സ്ഥലം–അത് ഈശോതന്നെയാണ് (യോഹ. 2:19–21; മർക്കോ. 14:58). നാം ഈശോയിലേക്കു നയിക്കപ്പെടുകയാണ്. നമ്മെ നയിക്കുന്നതും അവൻ തന്നെ.

നല്ല ഇടയന്റെ രണ്ടു ഗുണങ്ങളാണ് ഈശോ എടുത്തു പറയുന്നത്. ഒന്ന്, നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു (10:11). സ്വയം ഇല്ലാതായിക്കൊണ്ട് മറ്റുള്ളവരെ രക്ഷിക്കാനുള്ള ആർജവം നല്ല ഇടയൻ മാത്രമേ കാണിക്കൂ. തങ്ങളുടെ സ്വാർഥതാത്പര്യങ്ങൾക്കുവേണ്ടി തങ്ങളോടുചേർന്നു നിൽക്കുന്നവരെ ഉപയോഗിക്കുന്നവർ ഒരിക്കലും നല്ല ഇടയന്മാരല്ല.

നല്ല ഇടയന്റെ രണ്ടാമത്തെ ലക്ഷണം അടിസ്ഥാന അറിവുകൾ ഉണ്ടായിരിക്കുക എന്നതാണ് (10:14,15). തന്റെ ആടുകൾക്ക് മറ്റു മൃഗങ്ങളുടെ അക്രമണമില്ലാതെ മേയാൻ പറ്റിയ സ്ഥലം മുതൽ രോഗമുള്ള ആടുകളുടെ ചികിത്സവരെ ഇടയന് അറിവുണ്ടായിരിക്കണം. അതിനാൽ, ആടുകൾക്ക് ഇടയനുമായി ജീവബന്ധം തന്നെയുണ്ട്. കാരണം, ആടുകളുടെ ജീവൻതന്നെ ഇടയന്റെ അറിവുകളെ ആശ്രയിച്ചിരിക്കുന്നു. പിതാവും ഈശോയും പരസ്പരം അറിയുന്നതുപോലെ ഈശോയും അവിടുത്തേക്കുള്ളവരും പരസ്പരം അറിയുന്നു. അതിനാൽത്തന്നെ, അവിടത്തേക്കുള്ളവർ ഈശോയിലൂടെ പിതാവിനെയുമറിയുന്നു. "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ. 14:9).

ഈശോയും പിതാവുമായുള്ള അടുപ്പം പൂർണമായ അറിവിന്റേതാണ് (10:14, 15). അതുകൊണ്ടുതന്നെ, രക്ഷാപദ്ധതിയിൽ തന്റെ ഭാഗമെന്താണെന്ന് ഈശോയ്ക്കു കൃത്യമായി അറിയാം. ജനത്തിന്റെ രക്ഷയ്ക്കായി ജീവൻ അർപ്പിക്കുക എന്നതാണത്. ആ ജീവൻ അർപ്പിക്കുന്നതുകൊണ്ടു രണ്ടു നേട്ടങ്ങളുണ്ട്. ആടുകളുടെ രക്ഷ ഉറപ്പാക്കുകയും മരണത്തെ കീഴടക്കി ഈശോ പുതിയ സൃഷ്ടിയായി ഉത്ഥാനം ചെയ്യുകയും ചെയ്യുന്നു. പാപമില്ലാത്തവൻ പാപികൾക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുമ്പോൾ, പാപികൾ അവന്റെ മരണത്താൽ നീതിമത്കരിക്കപ്പെടുകയും, അവൻ പാപത്തിന്റെ ഫലമായ മരണത്തെ കീഴടക്കി പുതിയ സൃഷ്ടിയായി മാറുകയും ചെയ്യുന്നു. പിതാവും പുത്രനുമായുള്ള നിരന്തരദൈവികസ്നേഹബന്ധത്തിന്റെ ഫലമാണത് (10:17,18).


രക്ഷയിലേക്കുള്ള വഴിയിൽ സഹോദരനു മാർഗതടസ്സം സൃഷ്ടിക്കരുത് എന്ന ആനുകാലികപ്രസക്തമായ ഉപദേശമാണ് പൗലോസ്ശ്ലീഹാ ലേഖനത്തിലൂടെ നൽകുന്നത് (റോമാ. 14:13–23). അപ്രസക്തവും നിസ്സാരങ്ങളുമായ തർക്കങ്ങൾ പലപ്പോഴും മറ്റുള്ളവർക്കു മാർഗതടസ്സങ്ങൾ സൃഷ്ടിക്കാറുണ്ട്. അത് ദൈവരാജ്യപ്രവേശനവുമായി ബന്ധപ്പെട്ടതാകുമ്പോൾ നമ്മുടെയും മറ്റുള്ളവരുടെയും രക്ഷയ്ക്കു തടസ്സമായി നില്ക്കും. ദൈവാരാജ്യപ്രവേശനവുമായി ബന്ധപ്പെട്ട് തികച്ചും ഭൗമിക യാഥാർഥ്യമായ ഭക്ഷണത്തെക്കുറിച്ചു തർക്കിക്കുന്നത് രക്ഷയ്ക്കുതകില്ല എന്ന് പൗലോസ് ഓർമിപ്പിക്കുന്നു (14,15). മറിച്ച്, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ് ദൈവരാജ്യം (14,17) എന്ന ബോധ്യം എല്ലാ ഭൗമിക തർക്കവിതർക്കങ്ങളും അവസാനിപ്പിച്ച് നീതിയുടെയും സമാധാനത്തിന്റെയും യഥാർഥ മധ്യസ്ഥനായ ഈശോമിശിഹായിൽ അഭയം തേടാൻ നമ്മെ പ്രാപ്തരാക്കണം. ■



## വായന

### നിർമലദുഃഖങ്ങൾ


ഗ്രന്ഥകർത്താ: ചെഞ്ചേരി
പ്രസാധനം : മധ്യസ്ഥൻ ബുക്സ്, ചങ്ങനാശേരി
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 80




നിർമലദുഃഖങ്ങൾ ധ്യാനാത്മകമായ ചിന്തയാണ്. ജീവിതപ്രതിസന്ധികളിൽ തളരാതെ വചനാധിഷ്ഠിതമായി ചിന്തിക്കാനും പ്രവർത്തിക്കാനും ആത്മീയതയിൽ വളർന്ന് ക്രിസ്തുവിനെപ്പോലെ അപരനായി പകുത്തുനൽകാനും നുറുങ്ങാനും നമ്മെത്തന്നെ ഒരുക്കാനും രൂപാന്തരപ്പെടുത്താനും സഹായിക്കുന്ന ചെറു പുസ്തകം.

### ഈ വഴിയിൽ ഇത്തിരി വെളിച്ചം

ഗ്രന്ഥകർത്രി : ഡോ. സി. നോയൽ റോസ്
പ്രസാധനം : ജീവൻ ബുക്സ്, ഭരണങ്ങാനം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 130




മലയാളമണ്ണിൽ ചവിട്ടിനടന്ന് നമ്മുടെതന്നെ കാലമറിഞ്ഞ്, ഈ നാടും ശീലവുമറിഞ്ഞ്, നമ്മുടെതന്നെ ഭാഷ പറഞ്ഞ്, നമ്മോടൊപ്പം ജീവിച്ചുമരിച്ച നാലുപേർ. വിശുദ്ധ അൽഫോൻസാമ്മ, വിശുദ്ധ എവുപ്രാസ്യാമ്മ, വിശുദ്ധ മറിയം ത്രേസ്യാ, വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ. അവരുടെ ധന്യവും വിശുദ്ധവുമായ ജീവിതത്തിന്റെ പരിപ്രേക്ഷ്യം ഇവിടെ സമ്യക്കായി അവതരിപ്പിച്ചിരിക്കുന്നു.



**ഡോ. മാത്യു ജോർജ് കുന്തറ**

# വൃക്കകളെ തിരിച്ചറിയുക

**വൃ**ക്കരോഗത്തെക്കുറിച്ചും വൃക്കകളുടെ ആരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അവബോധം വളർത്താൻ ലക്ഷ്യമിട്ടുള്ള ആഗോളപ്രചാരണത്തിന്റെ ഭാഗമായാണ് എല്ലാവർഷവും മാർച്ചിലെ രണ്ടാം വ്യാഴാഴ്ച ലോകവൃക്കദിനമായി ആഘോഷിക്കുന്നത്. 2006 മുതലാണ് ഇന്റർനാഷണൽ സൊസൈറ്റി ഓഫ് നെഫ്രോളജിയും ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് കിഡ്നി ഫൗണ്ടേഷനും സംയുക്തമായി ഈ ദിനാചരണം ആരംഭിക്കുന്നത്. ഇപ്പോൾ ഏകദേശം നൂറോളം രാജ്യങ്ങൾ ഈ ദിനം ലോകവൃക്കദിനമായി ആഘോഷിക്കുന്നു. ഓരോ വർഷവും വൃക്കദിനത്തോടനുബന്ധിച്ച് വ്യത്യസ്തവിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ വർഷം ചർച്ച ചെയ്യുന്ന വിഷയം 'കിഡ്നി ഹെൽത്ത് ഫോർ ഓൾ – പ്രിപ്പയറിങ് ദി അൺഎക്സ്പെക്റ്റഡ്, സപ്പോർട്ടിങ് ദി വൾണറബിൾ' – അതായത്, എല്ലാവർക്കും വൃക്ക ആരോഗ്യം – അപ്രതീക്ഷിതമായ കാര്യങ്ങൾക്കായി തയ്യാറെടുക്കുന്നു, ദുർബലരെ പിന്തുണയ്ക്കുന്നു എന്നതാണ്.

ജനസംഖ്യയിൽ ഏകദേശം പത്തുശതമാനം ആളുകളിൽ ഏതെങ്കിലും തരത്തിലുള്ള വൃക്കരോഗം ഉണ്ടെന്നാണു കണക്കുകൾ സൂചിപ്പിക്കുന്നത്; അതായത്, ഏകദേശം 840 ദശലക്ഷത്തിലധികം വൃക്കരോഗികൾ. എന്നാൽ, ഇന്ത്യയിൽ ഇത് 13–17% വരെയാണ്. ഏതെങ്കിലും 80–90% വൃക്കരോഗികളും ഇന്ത്യയിൽ ശരിയായ ചികിത്സാപരിചരണങ്ങൾ താങ്ങാനാവാതെ മരണപ്പെടുന്നു. ഡയാലിസിസ് ആരംഭിക്കുന്നവരിൽ, അറുപതുശതമാനത്തിലേറെ രോഗികൾ സാമ്പത്തികകാരണങ്ങളാൽ പിന്നീട് ഡയാലിസിസ് നിർത്തുന്നു. 2018 ലെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ 1,75,000 ഡയാലിസിസ് രോഗികളാണുള്ളത്. ഇതിൽ അറുപതു ശതമാനത്തിലേറെ രോഗികൾ 50 കിലോമീറ്റർ ദൂരം താണ്ടിയാണ് ഡയാലിസിസ് ചെയ്യുന്നത്. 50% ലേറെ രോഗികൾ വൃക്കരോഗം മൂർച്ഛിച്ചതിനുശേഷമാണ് ഡോക്ടറെ പ്രാഥമികമായി കാണുന്നത്. കാരണം, വൃക്കരോഗത്തിന്റെ ആദ്യകാലലക്ഷണങ്ങൾ പലപ്പോഴും ഇവരിൽ പ്രകടമല്ല. ലോകമെമ്പാടുമുള്ള വൃക്കരോഗങ്ങളുടെ വ്യാപനത്തിൽ പുരുഷന്മാരിൽ 10.4%, സ്ത്രീകളിൽ 11.8% എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.


**വൃക്കരോഗലക്ഷണങ്ങൾ?**

മേല്പറഞ്ഞതുപോലെ ആദ്യകാലലക്ഷണങ്ങൾ ചിലപ്പോൾ നിശ്ശബ്ദമായേക്കാം. പ്രധാനലക്ഷണങ്ങൾ താഴെ പറയുന്നവയാണ്: ശരീരത്തിൽ നീരുവരിക, മൂത്രത്തിൽ പത കാണുക, മൂത്രത്തിൽ രക്തം കാണുക, അമിതമായ ക്ഷീണം, വിശപ്പില്ലായ്മ, നിരന്തരമായ ചർദി, ഉയർന്ന രക്തസമ്മർദം.

മേല്പറഞ്ഞ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ രക്തം, മൂത്രം എന്നിവയുടെ പരിശോധനയും വൃക്കകളുടെ സ്കാനിങ്ങും രോഗനിർണയത്തിന് ആവശ്യമായി വരുന്നു.

**വൃക്കരോഗത്തിന്റെ കാരണങ്ങൾ:**

**1. ഏറ്റവും സാധാരണയായി കണ്ടുവരുന്നത് പ്രമേഹംമൂലമുള്ള വൃക്കത്തകരാണ്.**



പ്രമേഹം ഉള്ളവരിൽ മൂന്നിൽ ഒരാൾക്ക് വൃക്കരോഗമുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. മൂത്രത്തിൽ ആൽബുമിൻ എന്ന പ്രോട്ടീൻ നഷ്ടപ്പെടുന്നതാണ് ആദ്യസൂചന. അതിനാൽ, പ്രമേഹം കണ്ടുപിടിക്കുന്നതോടൊപ്പം വൃക്കകളുടെ പ്രവർത്തനം അറിയുന്നതിനായി രക്തവും മൂത്രവും പരിശോധിക്കേണ്ടതുണ്ട്.

**2. ഉയർന്ന രക്തസമ്മർദം**

അനിയന്ത്രിതമായ ഉയർന്ന രക്തസമ്മർദം വൃക്കത്തകരാറിനു കാരണമായേക്കാം. ചില സന്ദർഭങ്ങളിൽ ഉയർന്ന രക്തസമ്മർദം വൃക്കത്തരാറിന്റെ പ്രഥമലക്ഷണമായും കാണാറുണ്ട്.

**3. ഗ്ലോമെരുലാർ അസുഖങ്ങൾ**

രക്തത്തിൽനിന്ന് മൂത്രത്തിലൂടെ അമിതമായി പ്രോട്ടീൻ നഷ്ടപ്പെടുകയും തൽഫലമായി ശരീരമൊട്ടാകെ നീരുവയ്ക്കുകയും ശരീരത്തിലുള്ള കൊളസ്ട്രോൾ വർധിപ്പിക്കുകയും ചെയ്യുന്ന രോഗാവസ്ഥയാണ് ഇത്.

**4. ഇന്റർസ്റ്റീഷ്യൽ നെഫ്രൈറ്റിസ്**

ഇപ്പോൾ കൂടുതലായും കണ്ടുവരുന്ന ഒരുതരം വൃക്കരോഗമാണിത്. ഈ രോഗാവസ്ഥയിൽ, ചിലപ്പോൾ രോഗലക്ഷണങ്ങൾ പ്രാരംഘട്ടത്തിൽ ഉണ്ടാവാറില്ല.

ഈ വർഷത്തെ ലോകവൃക്കദിനത്തോടനുബന്ധിച്ച് ചില സുപ്രധാനവിഷയങ്ങൾ ചർച്ച ചെയ്യേണ്ടതുണ്ട്.

ലോകമെമ്പാടും ആഗോളതാപനം ഉയരുന്നത് വൃക്കരോഗങ്ങളുടെ ഒരു കാരണമായി ചില പഠനങ്ങൾ കണക്കാക്കുന്നു. പ്രത്യേകിച്ചു വളരെയധികം ചൂടുതരംഗങ്ങളിൽ ജോലി ചെയ്യുന്നവരിൽ കാണുന്ന വൃക്കരോഗം. ഇതിന് ഹീറ്റ് സ്ട്രെസ് നെഫ്രോപ്പതി എന്നു പറയുന്നു. പരിസ്ഥിതിമലിനീകരണം ഉണ്ടാക്കുന്ന പല കെമിക്കലുകൾ പ്രത്യേകിച്ച് ലെഡ്, മെർക്കുറി, ആർസെനിക് എന്നിവയുടെ അമിതസമ്പർക്കം മൂലവും വൃക്കകളിൽ പല പ്രത്യാഘാതങ്ങൾ ഉണ്ടാവുന്നു. വർധിച്ചുവരുന്ന കീടനാശിനികളുടെ ഉപയോഗം, കുടിവെള്ളത്തിൽ അമിതമായി സിലിക്ക, ലെഡ് പോലെയുള്ള രാസവസ്തുക്കൾ കലരുന്നത് എല്ലാം വൃക്കസ്തംഭനത്തിനു കാരണമാവുന്നു. ദീർഘനാളുകളായി വായുമലിനീകരണത്തിന് ഇരയാകുന്നവരുടെ വൃക്കകൾ രോഗബാധിതമാകുന്നതായി ചില പഠനങ്ങൾ സൂചിപ്പിക്കുന്നു. വൃക്കരോഗികൾ പ്രകൃതിദുരന്തങ്ങളുടെയും മനുഷ്യനിർമിതദുരന്തങ്ങളുടെയും ഇരകളാകുന്നു, പ്രത്യേകിച്ച് ഡയാലിസിസ് രോഗികൾ. അങ്ങനെയുള്ള അവസരങ്ങളിൽ ദുരന്തനിവാരണതയ്യാറെടുപ്പു മെച്ചപ്പെടുത്തുകയും വർധിപ്പിക്കുകയും വേണം. കടന്നുപോയ കൊവിഡ് മഹാമാരിയിൽ വളരെയധികം വൃക്കരോഗികൾ മരണപ്പെട്ടു.

വൃക്കരോഗികളിൽ; പ്രത്യേകിച്ച്, ഡയാലിസിസ് രോഗികളിൽ 60–80% വരെ പോഷകാഹാരക്കുറവ് കാണുന്നു. നമ്മൾ ഇപ്പോൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ഫുഡ് ഇൻസെക്യൂരിറ്റി അഥവാ ഭക്ഷ്യ അരക്ഷിതാവസ്ഥയാണ്. പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണങ്ങൾ പരിമിതലഭ്യമായി വരുന്നു. ഇതിന്റെ ഫലമായി പ്രമേഹം, ഉയർന്ന രക്തസമ്മർദം, ഹൃദയസ്തംഭനം, വൃക്കരോഗങ്ങൾ എന്നിവ വർധിച്ചുവരുന്നു.

വൃക്കകളെ സംരക്ഷിക്കാൻ നാം എട്ടു സുവർണനിയമങ്ങൾ പാലിക്കേണ്ടതുണ്ട്.

**1. ഫിറ്റ്നസ് നിലനിറുത്തുക**

ആഴ്ചയിൽ മിനിമം 150 മിനിറ്റെങ്കിലും മിതമായ തീവ്രതയിൽ വ്യായാമം ചെയ്യുക. ഇത് വേഗത്തിലുള്ള നടത്തം, ജോഗിങ്, സൈക്ലിങ്, എയ്റോബിക് ആക്റ്റിവിറ്റി എന്നിവയാകാം. അതായത്, ദിവസം 30 മിനിറ്റു വച്ച് ആഴ്ചയിൽ അഞ്ചുദിവസം ചെയ്യുക. ബാക്കിയുള്ള രണ്ടുദിവസം പേശികളുടെ ബലത്തിനായുള്ള വ്യായാമം ചെയ്യുക.

**2. ആരോഗ്യപരമായ ഭക്ഷണം കഴിക്കുക**

ഫാസ്റ്റ് ഫുഡ് സംസ്കാരവും കാർബണേറ്റഡ് പാനീയങ്ങളും ഒഴിവാക്കുക. സാധാരണ ആളുകൾ സമീകൃതാഹാരമാണു കഴിക്കേണ്ടത്. എന്നാൽ, വൃക്കരോഗമുള്ളവർ പൊട്ടാസ്യം, ഫോസ്ഫറസ് അടങ്ങിയ ഭക്ഷണം കുറയ്ക്കുക. പച്ചക്കറികൾ പാചകം ചെയ്യുന്നതിനുമുമ്പ് കുറഞ്ഞത് രണ്ടു മണിക്കൂറെങ്കിലും വെള്ളത്തിൽ കുതിർത്ത് പൊട്ടാസ്യം ഭക്ഷണത്തിൽനിന്നു വെള്ളത്തിലേക്കു കളയുന്ന പ്രക്രിയയാണ് ലീച്ചിങ്. വൃക്കരോഗികളിൽ രണ്ടു ഗ്രാമിൽ താഴെയാണ് ദിവസം ഉപ്പു നിർദേശിച്ചിട്ടുള്ളത്.

**3. രക്തത്തിലുള്ള പഞ്ചസാര പരിശോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക**

പ്രമേഹമുള്ള പകുതിയിലേറെ ആളുകളിൽ കാലക്രമേണ വൃക്കത്തകരാറ് സംഭവിക്കുന്നു. വൃക്കത്തകരാറിന്റെ പ്രാരംഘട്ടമായ മൈക്രോആർബുമിന്യൂറിയ സ്റ്റേജിൽ കണ്ടുപിടിച്ചാൽ, വൃക്കത്തകരാർ പരിമിതപ്പെടുത്താം. അതിനാൽ രക്തത്തിന്റെയും മൂത്രത്തിന്റെയും പരിശോധനയിലൂടെ നിങ്ങളുടെ വൃക്കകളുടെ പ്രവർത്തനം പതിവായി പരിശോധിക്കുക.

**4. രക്തസമ്മർദം പരിശോധിക്കുകയും നിയന്ത്രിക്കുകയുംചെയ്യുക**

ഉയർന്ന രക്തസമ്മർദം വൃക്കകളെ തകരാറിലാക്കും. സാധാരണ രക്തസമ്മർദം 120/ 80 ആണ്. എന്നാൽ, രണ്ടു വ്യത്യസ്ത ദിവസങ്ങളിൽ രക്തസമ്മർദം 140/90 മുകളിലാണെങ്കിൽ ഉയർന്ന രക്തസമ്മർദ മായി നിർണയിക്കുന്നു. ഇങ്ങനെയുള്ളവർ ഡോക്ടറുടെ നിർദേശപ്രകാരം ചികിത്സ ആരംഭിക്കേണ്ടതാണ്.

**5. ഉചിതമായ അളവിൽ വെള്ളം കുടിക്കുക**

സാധാരണമായി സുഖപ്രദമായ കാലാവസ്ഥയിൽ ആരോഗ്യമുള്ളവർ ഏകദേശം രണ്ടുലിറ്റർ വെള്ളം കുടിക്കണം.

എന്നാൽ, വൃക്കത്തകരാർ, ഹാർട്ട് ഫെയ്‌ലിയർ, ലിവർ സംബന്ധമായ അസുഖമുള്ളവർ തുടങ്ങിയവർ ഡോക്ടറുടെ നിർദേശപ്രകാരം വെള്ളം പരിമിതപ്പെടുത്തേണ്ടതുണ്ട്.

**6. പുകവലി ഒഴിവാക്കുക**

പുകവലി വൃക്കയിലേക്കുള്ള രക്തയോട്ടം കുറയ്ക്കുകയും തത്ഫലമായി വൃക്കയുടെ പ്രവർത്തനശേഷി കുറയ്ക്കുകയും ചെയ്യുന്നു. അതുപോലെതന്നെ വൃക്കകളോടൊപ്പം മറ്റു പല അവയവങ്ങളിലെ അർബുദത്തിനും കാരണമാകുന്നു.

**7. വേദനസംഹാരികൾ ഒഴിവാക്കുക**

സ്ഥിരമായ വേദനസംഹാരികളുടെ ഉപയോഗം വൃക്കകളെ വളരെയധികം ദോഷകരമായി ബാധിക്കുകയും വൃക്കസ്തംഭനത്തിനു കാരണമാകുകയും ചെയ്യുന്നു.

**8. താഴെപ്പറയുന്ന ഒന്നോ അതിലധികമോ ഉയർന്ന അപകടസാധ്യതയുള്ള ഘടകങ്ങൾ ഉണ്ടെങ്കിൽ നിങ്ങളുടെ വൃക്കകളുടെ പ്രവർത്തനം പരിശോധിക്കുക**

- നിങ്ങൾക്കു പ്രമേഹമുണ്ടെങ്കിൽ
- നിങ്ങൾക്ക് ഉയർന്ന രക്തസമ്മർദമുണ്ടെങ്കിൽ
- നിങ്ങൾക്ക് പൊണ്ണത്തടിയുണ്ടെങ്കിൽ
- കുടുംബത്തിൽ വൃക്കത്തകരാറുണ്ടെങ്കിൽ

സ്ഥായിയായ വൃക്കസ്തംഭനം മൂർച്ഛിച്ചാൽ, ഒടുവിൽ ഡയാലിസിസ് അല്ലെങ്കിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്യേണ്ടിവരും. ഡയാലിസിസ് ആഴ്ചയിൽ രണ്ടോ മൂന്നോ വച്ച് ചെയ്യേണ്ടതാണ്. ഇന്നു വളരെയധികം ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും അതിന്റെ സാധ്യതകളും.

കണക്കുകൾ പ്രകാരം എല്ലാ വർഷവും ഇന്ത്യയിൽ 1.5 മുതൽ 2 ലക്ഷംവരെ ആളുകൾക്കാണ് വൃക്ക മാറ്റിവയ്ക്കൽ നടത്തേണ്ടത്. ഇതിൽ പതിനായിരത്തിൽ താഴെ വൃക്ക മാറ്റിവയ്ക്കലാണ് 2022 ൽ നടന്നത്. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ ദാതാവ് ഒന്നുകിൽ രക്തബന്ധം ഉള്ളയാളോ പരോപകാരദാതാവോ അതുമല്ലെങ്കിൽ മസ്തിഷ്കമരണം സംഭവിച്ചവരിൽനിന്നോ ആകാം.

എന്നാൽ, കേരളത്തിൽ മസ്തിഷ്കമരണം സംഭവിച്ചവർ ദാതാവാകുന്നതിൽ വളരെയധികം തെറ്റുധാരണ പൊതുജനങ്ങൾക്കിടയിൽ ഉണ്ട്. ഇതിനു കാരണം ഒരു പരിധിവരെ സാമൂഹികമാധ്യമപ്രചാരണങ്ങളാണ്. ഇന്ത്യയിൽ മസ്തിഷ്കരമരണ ദാതാവു വഴിയുള്ള വൃക്കമാറ്റശസ്ത്രക്രിയ 837 (2013 ൽ)നിന്ന് 2765 (2022 ൽ). എന്നാൽ, കേരളത്തിൽ പല കാരണങ്ങളിൽ ഇത് 132 (2015) ൽ നിന്ന് ഇപ്പോൾ 18 (2022) ആയി കുറഞ്ഞു. ഒരു മസ്തിഷ്കമരണം സംഭവിച്ചാൽ, പ്രധാനമായും ഹൃദയം, ശ്വാസകോശം, കരൾ, വൃക്ക, പാൻക്രിയാസ്, കണ്ണ് എന്നീ അവയവങ്ങളാണ് ദാനം ചെയ്യാൻ സാധിക്കുക.

ആരോഗ്യകരവും സുഗമവുമായ ജീവിതം നയിക്കാൻ നമുക്കു വേണ്ടത് ആരോഗ്യമുള്ള വൃക്കകളാണ്. നമ്മുടെ വൃക്കകളെ നമ്മൾതന്നെ സംരക്ഷിക്കുക.

# വേണം, പുതിയ സാങ്കേതികവിദ്യകൾ

1-ാം പേജ് തുടർച്ച

പൊട്ടിയ ബൾബ് പോലെയുള്ള സാധനങ്ങൾ പൊട്ടക്കിണറ്റിലും. വീട്ടിൽനിന്നു പുറത്തു വരുന്ന മാലിന്യങ്ങളുടെ അളവും രൂപവും മാറിയതോടെ ഇതൊരു സാധ്യമായ കാര്യമല്ലാതായി.

ഒരു നഗരത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിൽ ബഹുഭൂരിഭാഗവും ഉറവിടത്തിൽ സംസ്കരിക്കാൻ പറ്റില്ല. നമ്മുടെ വീട്ടിലെ ഫ്യൂസായ ബൾബും കേടായ ഫ്രിഡ്ജും മാത്രമല്ല, പഴയ പേപ്പറും സാനിറ്ററി നാപ്കിനും വരെ ഉറവിടത്തിൽ സംസ്കരിക്കുക എന്നത് അസാധ്യമാണ്. ഉറവിടസംസ്കരണം ഒറ്റമൂലിയാണെന്ന തരത്തിലുള്ള ചിന്താഗതി മാറണം.

**ഉറവിടത്തിൽ സംസ്കരിക്കുമ്പോൾ**

ഇതിനായി പഴയ തരത്തിലുള്ള ബയോ ഗ്യാസ് പ്ലാന്റ്, തുമ്പൂർമുഴി ഏറോബിക് കമ്പോസ്റ്റിങ്, മുറ്റത്തു കുഴിച്ചിടാവുന്ന പൈപ്പ് കമ്പോസ്റ്റിങ്, ഫ്ളാറ്റിനകത്തുപോലും ചെയ്യാവുന്ന ബാസ്കറ്റ് കമ്പോസ്റ്റ് എന്നിങ്ങനെ പല രൂപങ്ങളും സാങ്കേതികവിദ്യയുമുണ്ട്. ഉറവിടസംസ്കരണത്തിന്റെ കാര്യത്തിൽ പ്രധാനമായി മനസ്സിലാക്കേണ്ട കാര്യം മാലിന്യസംസ്കരണം നടത്തുന്നത് ബാക്ടീരിയമുതൽ മണ്ണിരവരെയുള്ള ജീവികളാണ്. അവയ്ക്കെല്ലാം വളരാൻ കൃത്യമായ ജീവിത സാഹചര്യവും വേണം. അതില്ലാതായാൽ അവർ പണിമുടക്കും. ഉദാഹരണത്തിന്, ഓക്സിജന്റെ അഭാവത്തിലാണ് ബയോ ഗ്യാസ് പ്ലാന്റുകളിലെ ബാക്ടീരിയ പ്രവർത്തിക്കുന്നത്. അപ്പോൾ ടാങ്കിലേക്കു ലീക്കുണ്ടായാൽ അവ പ്രവർത്തിക്കുകയില്ല. അധികം അമ്ലമോ അധികക്ഷാരമോ ഇല്ലാത്ത അന്തരീക്ഷത്തിലേ ഏറോബിക് ആയാലും അല്ലെങ്കിലും ജീവികൾക്കു പ്രവർത്തിക്കാൻ സാധിക്കൂ. അപ്പോൾ വീട്ടിൽ ചെറിയൊരു അച്ചാറുകുപ്പി പൊട്ടിയതെടുത്ത് ബയോഗ്യാസ് പ്ലാന്റിലിട്ടാൽപോലും പ്ലാന്റ് പണിമുടക്കും. ജൈവ സംസ്കരണത്തിനും ഒരു 'ലോഡിങ് റേറ്റ്' ഉണ്ട്. അതായത്, എത്ര ബാക്ടീരിയയ്ക്ക് എത്ര ഭക്ഷണം കഴിക്കാമെന്ന്. ശരാശരി നാലുപേർക്കു പാചകം ചെയ്യുമ്പോൾ ഉണ്ടാകുന്ന അടുക്കളമാലിന്യം മാത്രമുപയോഗിച്ചു നിലനിർത്തുന്ന ഒരു ജൈവസംസ്കരണശാലയിൽ അതിഥികൾ വന്നിട്ടു ബാക്കിയായ നാലുപേരുടെ ഭക്ഷണംകൂടി കമഴ്ത്തിയാൽത്തന്നെ പ്ലാന്റ് അപ്സെറ്റാകും. ഇക്കാര്യത്തിൽ സാങ്കേതികജ്ഞാനമുള്ളവർക്കു കുറച്ചൊക്കെ മാനേജ് ചെയ്യാൻ സാധിക്കും. പക്ഷേ, പരിസ്ഥിതിബോധംകൊണ്ടോ സർക്കാർ സബ്സിഡികൊണ്ടോ മറ്റു മാർഗങ്ങൾ ഇല്ലാത്തതുകൊണ്ടോ ഉറവിടമാലിന്യസംസ്കരണം വീട്ടിൽത്തന്നെ ആകാമെന്നു വിചാരിച്ച ബഹുഭൂരിപക്ഷത്തിനും ഇതു ബുദ്ധിമുട്ടാണ്. ഒരിക്കൽ അപ്സെറ്റായ പ്ലാന്റുകൾ നന്നാക്കിക്കൊടുക്കാനുള്ള ടെക്നീഷ്യന്മാരും കുറവാണ്.

**വലുപ്പം പ്രധാനം**

ജൈവമാലിന്യസംസ്കരണത്തിനുൾപ്പെടെ എല്ലാ മാലിന്യസംസ്കരണത്തിലും വലുപ്പം പ്രധാനമാണ്. ഇതിന് മൂന്നു കാരണങ്ങളുണ്ട്. ഒന്ന്, ഒരു നഗരത്തിലെ പതിനായിരക്കണക്കിന് ആളുകളുടെ വീട്ടിൽനിന്നും ഓഫീസിൽനിന്നും ഹോട്ടലിൽനിന്നുമെല്ലാം ജൈവമാലിന്യം ഒരിടത്ത് എത്തുമ്പോൾ മുമ്പു പറഞ്ഞ അച്ചാർകുപ്പി പ്രശ്നവും അധികം വരുന്ന ബിരിയാണിപ്രശ്നവും മൊത്തം മാലിന്യത്തിന്റെ ചെറിയൊരു അംശമേ വരൂ. അതുകൊണ്ടുതന്നെ അത് മൊത്തം പ്രോസസ്സിനെ ബാധിക്കില്ല. രണ്ട്, ഒരു നഗരത്തിലെ മുഴുവൻ മാലിന്യവും ഒരുമിച്ച്



സംസ്കരിക്കുമ്പോൾ ആ വിഷയത്തിൽ പരിചയവും പ്രാവീണ്യവുമുള്ളവരെ അവിടെ ജോലിക്കു വയ്ക്കാം. അവർ പ്ലാന്റിനെ വേണ്ടവിധത്തിൽ പരിപാലിക്കും. സമയത്തിന് അറ്റകുറ്റപ്പണികൾ നടത്തും. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അതു പരിഹരിക്കുകയും ചെയ്യും. മൂന്ന്, ആയിരം വീടുകളിലെ മാലിന്യം ഒറ്റയ്ക്കൊറ്റയ്ക്കു സംസ്കരിക്കുന്നതിനെക്കാൾ ശരാശരി ചെലവു കുറവായിരിക്കും ഇവ ഒരുമിച്ചു സംസ്കരിക്കുമ്പോൾ. ഇങ്ങനെ പല ഗുണങ്ങൾ കേന്ദ്രീകൃതസംസ്കരണത്തിനുണ്ട്.

**വികേന്ദ്രീകരണം രാഷ്ട്രീയമാകുമ്പോൾ**: കേരളത്തിലെ ഖരമാലിന്യസംസ്കരണം ഇപ്പോൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. കേരളത്തിൽ ആയിരത്തിൽപ്പരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുണ്ട്. കേരളത്തിലെ വൻനഗരങ്ങളായ കൊച്ചിയും തിരുവനന്തപുരവും പോലും ഇന്ത്യയിലെ വലിയ നഗരങ്ങളുടെ അടുത്തുപോലും വരില്ല. അപ്പോൾ ആയിരം പഞ്ചായത്തിലെ കാര്യം പറയാനുമില്ലല്ലോ. ശരാശരി ജനസംഖ്യ മുപ്പതിനായിരമാണ്. ഈ ചെറിയ ജനസംഖ്യവച്ച് ജൈവമാലിന്യസംസ്കരണംപോലും ഓരോ തദ്ദേശസ്ഥാപനത്തിന്റെ അതിർത്തിയിൽ സംസ്കരിക്കുകയെന്നത് സാധ്യമല്ല. സാങ്കേതികമായ പരിമിതികൾ മാത്രമല്ല, ഇതു ചെയ്യാനുള്ള സാങ്കേതിക വിദഗ്ധരുടെ അഭാവം, ഇത്ര ചെറിയ സ്കെയിലിൽ ഇതു ചെയ്യുമ്പോളുണ്ടാകുന്ന വലിയ ചെലവ് ഇതെല്ലാം കാരണമാണ് നമ്മുടെ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും ഒന്നും മാലിന്യസംസ്കരണം പച്ചപിടിക്കാത്തത്.

**മാലിന്യത്തിൽനിന്നു വൈദ്യുതി**: കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ മാലിന്യസംസ്കരണ പദ്ധതികൾ കേരളത്തിൽ പരാജയപ്പെട്ടിരിക്കയാണ്. പുതിയൊരു ഒറ്റമൂലി കണ്ടെത്താൻ ജനം അക്ഷമരാണ്. ഇവിടെയാണ് മാലിന്യത്തിൽനിന്നു വൈദ്യുതി (waste to energy) എന്ന സാങ്കേതികവിദ്യ കേരളത്തിലേക്കെത്തുന്നത്.

മൂന്നു കാര്യങ്ങൾ ആദ്യമേ പറയാം.

1. ഒരു നഗരത്തിൽനിന്നുണ്ടാകുന്ന എല്ലാ ഖരമാലിന്യങ്ങളും ശുദ്ധീകരിക്കുന്ന സംവിധാനമല്ല വേസ്റ്റ് റ്റു എനർജി. ഉദാഹരണത്തിന്, പഴയ കമ്പ്യൂട്ടറോ മൊബൈൽ ഫോണോ ബൾബോ ബാറ്ററിയോ ഒന്നും ഊർജമാക്കി മാറ്റാൻ സാധിക്കില്ല.

2. കത്തിച്ചുകളയാൻ സാധിക്കുന്ന മാലിന്യങ്ങളിൽനിന്നേ ഊർജമുണ്ടാക്കാൻ പറ്റുന്നത്. ഓരോതരം മാലിന്യത്തിൽനിന്നും ഓരോ അളവിലാണ് ഊർജം ലഭിക്കുന്നത്. പക്ഷേ, ശരാശരി എടുത്താൽ വൈദ്യുതി ഉണ്ടാക്കാനുള്ള ലാഭകരമായ ഒരു മാർഗമല്ല, ഖരമാലിന്യസംസ്കരണം.

3. കൽക്കരിമുതൽ ന്യൂക്ലിയർവരെയുള്ള വൈദ്യുതിസ്ഥാപനങ്ങളിൽനിന്നു ലഭിക്കുന്ന വൈദ്യുതിയെക്കാളും വളരെ ചെലവുള്ളതാണ് മാലിന്യത്തിൽനിന്നു ലഭിക്കുന്ന വൈദ്യുതി. അപ്പോൾ മാലിന്യത്തിൽനിന്ന് ഊർജമുണ്ടാക്കുന്ന പദ്ധതി ലാഭകരമാകണമെങ്കിൽ രണ്ടു മാർഗങ്ങളേയുള്ളൂ, ഇത് മാലിന്യസംസ്കരണത്തിന്റെ ഭാഗമായിക്കണ്ട് സർക്കാർ ഇത്തരം പ്ലാന്റുകൾക്ക് വലിയ തോതിൽ സബ്സിഡി നൽകണം. അല്ലെങ്കിൽ പരിസ്ഥിതിസൗഹൃദമായ വൈദ്യുതിയായതിനാൽ ഉപഭോക്താക്കൾ വലിയ വില നൽകി ഇതു വാങ്ങണം.

കേരളത്തിൽ ഇതിനു രണ്ടിനും ബുദ്ധിമുട്ടുകളുണ്ട്. ഒന്നാമത്, വേസ്റ്റ് റ്റു എനർജി പ്ലാന്റിന് സബ്സിഡി കൊടുക്കാനുള്ള പണം സർക്കാരിന്റെ കൈയിലില്ല. രണ്ട്, പരിസ്ഥിതിസൗഹൃദമായ ഊർജം കൂടുതൽ വിലയ്ക്കു വാങ്ങുന്ന ഒരു സംസ്കാരമോ സംവിധാനമോ ഇപ്പോൾ കേരളത്തിലില്ല. അതുകൊണ്ട്, മറ്റൊരു രീതിയാണ് സർക്കാർ പ്ലാൻ ചെയ്തിരിക്കുന്നതെന്നാണ് എനിക്കു മനസ്സിലായത്. അതായത്, വേസ്റ്റ് റ്റു എനർജി പ്ലാന്റിലുണ്ടാക്കുന്ന വൈദ്യുതി മറ്റു വൈദ്യുതിനിലയങ്ങളിൽനിന്നു കിട്ടുന്ന വൈദ്യുതിയെക്കാൾ വില കൊടുത്തു വാങ്ങാൻ വൈദ്യുതി ബോർഡിനോട് ആവശ്യപ്പെടുക. ഈ വില വൈദ്യുതി ബോർഡ് ഉപഭോക്താക്കളുടെ കൈയിൽനിന്നു വാങ്ങുന്ന വിലയിലും അധികമാണ്. പ്രത്യക്ഷത്തിൽ വലിയ കുഴപ്പമില്ലെന്നു തോന്നുന്ന ഈ സംവിധാനത്തിന് ഒരു കുഴപ്പമുണ്ട്. ഒരു നഗരത്തിലെ വേസ്റ്റ് റ്റു എനർജി പ്ലാന്റിലെ വൈദ്യുതി ഉയർന്ന വിലയ്ക്കു വാങ്ങുകയും അതിലും കുറഞ്ഞ വിലയ്ക്ക് കേരളത്തിലെ മൊത്തം ഉപഭോക്താക്കൾക്കു വിൽക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന നഷ്ടം സഹിക്കുന്നത് കേരളത്തിലെ മുഴുവൻ ഉപഭോക്താക്കളുമാണ്. അതായത്, കൊച്ചിയിലെ മാലിന്യസംസ്കരണത്തിന്റെ ഗുണമനുഭവിക്കുന്നത് കൊച്ചിക്കാർ മാത്രമാകുമ്പോൾ അതിനു പണം കൊടുക്കുന്നതിൽ കേരളത്തിലെ എല്ലാ ഉപഭോക്താക്കളും കാണും. ഇതിൽ യാതൊരു തരത്തിലുള്ള ഖരമാലിന്യസംസ്കരണ സൗകര്യങ്ങളും ലഭിക്കാത്ത കുഗ്രാമത്തിലെ പാവപ്പെട്ടവരും കാണും. ഇത് തീരെ ശരിയല്ല. നഗരവത്കരണത്തിന്റെ ചെലവു വഹിക്കേണ്ടത് നഗരവാസികൾ തന്നെയാണ്. കൊച്ചിയിലെ വേസ്റ്റ് റ്റു എനർജി പ്ലാന്റിലെ വൈദ്യുതി ഉയർന്ന നിരക്കിൽ വാങ്ങാൻ വൈദ്യുതി ബോർഡ് ചെലവാക്കുന്ന മുഴുവൻ തുകയും കൊച്ചിയിലെ ഖരമാലിന്യം ഉണ്ടാക്കുന്നവരിൽനിന്നുതന്നെ ഈടാക്കണം. അപ്പോഴാണ് ഖരമാലിന്യം നഗരത്തിന്റെ ഉത്തരവാദിത്വമാകുന്നത്.

ഓരോ നഗരത്തിലെ ഖരമാലിന്യവും ഇരുപതോളം പ്രധാന പിരിവുകൾ ഉള്ളതാണെന്നു പറഞ്ഞല്ലോ. ഇതിലോരോന്നും സംസ്കരിക്കുന്നതിനു വ്യത്യസ്ത തരത്തിലുള്ള സംവിധാനങ്ങളാണു വേണ്ടത്. നമുക്കറിയാവുന്നതോ പരിചയമുള്ളതോ ആയ സാങ്കേതികവിദ്യകൊണ്ട് മാലിന്യം സംസ്കരിക്കുന്നതു നിർത്തി ലോകത്തെ ഏറ്റവും നല്ല സാങ്കേതികവിദ്യകൾതന്നെ ഓരോന്നിനും നാട്ടിലെത്തിക്കണം.

ഇനിയുള്ള കാലം മാലിന്യപ്രശ്നം നമ്മുടെ ഉറക്കം കെടുത്താൻ പോകുകയാണ്. മണ്ണിട്ടുമൂടിയ ജൈവമാലിന്യം അവിടെക്കിടന്നഴുകി മീതേ വാതകം നിറയുന്നു. അതു പുറത്തുവന്ന് ഹരിതവാതകമായി കാലാവസ്ഥാവ്യതിയാനത്തിന് ആക്കം കൂട്ടുകയും വല്ലപ്പോഴും അതിന് തീ പിടിക്കുകയും പൊട്ടിത്തെറിക്കുകയും ചെയ്യും. ഇതൊക്കെ ലോകത്ത് പലയിടത്തും സംഭവിച്ചിട്ടുണ്ട്. പക്ഷേ, ഇതു മാത്രമല്ല അവിടുത്തെ പ്രധാന പ്രശ്നം. നമ്മുടെ മാലിന്യങ്ങളിൽ ഖരലോഹങ്ങളും രാസവസ്തുക്കളും ധാരാളമുണ്ട്. മുകളിൽനിന്നു വെള്ളമൊഴുകിയും ജൈവമാലിന്യങ്ങൾ അഴുകുമ്പോൾ ഉണ്ടാകുന്ന രാസമാറ്റങ്ങൾകൊണ്ടും ഈ രാസവസ്തുക്കൾ വെള്ളത്തിൽ കലർന്ന് അടുത്തുള്ള കിണറ്റിലും കുളത്തിലും എത്തുന്നു. അത് പിന്നീട് കുടിവെള്ളത്തിലൂടെയും കഴിക്കുന്ന മത്സ്യങ്ങളിലൂടെയും നമ്മുടെ ശരീരത്തിൽ എത്തുന്നു.

യൂറോപ്പിലും സിംഗപ്പൂരിലും പോയി നല്ല രീതിയിലുള്ള മാലിന്യസംസ്കരണം കണ്ടിട്ട് 'ഇതൊന്നും നാട്ടിൽ എന്താണു നടക്കാത്തത്' എന്ന് ചോദിക്കുന്നവരുണ്ട്. ഇവിടെ നാം അറിയേണ്ട ഒരു കാര്യമുണ്ട്. ഖരമാലിന്യങ്ങൾ പരിസ്ഥിതിസൗഹൃദമായി സംഭരിക്കാനും ശേഖരിക്കാനും സംസ്കരിക്കാനും നവീനസാങ്കേതികവിദ്യകൾ വേണം. ഉന്നത സാങ്കേതികപരിശീലനം ലഭിച്ച ആളുകളെ അവിടെ ജോലിക്കു വയ്ക്കണം. അതിനു ധാരാളം പണച്ചെലവുണ്ട്. ഇപ്പോൾ കേരളത്തിലെ ആളുകൾ മുനിസിപ്പാലിറ്റി ടാക്സ് കൊടുക്കുന്ന പണംകൊണ്ടു സാധിക്കുന്ന കാര്യമല്ലത്.

സമൂഹത്തിൽ പണമില്ല എന്നതല്ല കേരളത്തിലെ പരിസ്ഥിതിപ്രശ്നങ്ങൾക്കു പ്രധാന കാരണം. പണം വേണ്ടിടത്തു ചെലവാക്കുന്നില്ല എന്നതാണ്. മുനിസിപ്പാലിറ്റി പത്തു ശതമാനം നികുതി വർധിപ്പിച്ചാൽത്തന്നെ നമ്മൾ യുദ്ധത്തിനിറങ്ങും. വോട്ടു നഷ്ടപ്പെടുത്തേണ്ട എന്നു കരുതി സർക്കാർ ഉടനടി അതു പിൻവലിക്കും.

**വിദഗ്ധരുടെ സേവനം വേണം**

കേരളത്തിലെ ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലും ചുരുങ്ങിയത് ബിരുദാനന്തര ബിരുദമെങ്കിലുമുള്ള പരിസ്ഥിതിവിദഗ്ധരെ നിയമിക്കണം. പാറമടയുടെ പരിസ്ഥിതി ക്ലിയറൻസ് മുതൽ മറൈൻ പെർമിറ്റ് വരെ, പുഴസംരക്ഷണംമുതൽ ജലസുരക്ഷവരെ, ഖരമാലിന്യസംസ്കരണം മുതൽ റിന്യൂവബിൾ എനർജിയുടെ വ്യാപനംവരെ വിദഗ്ധർക്കു ചെയ്യാൻ സാധിക്കുന്നതിലും എത്രയോ അധികം ജോലി ഓരോ പഞ്ചായത്തിലുമുണ്ട്. ഓരോ ഗ്രാമത്തിലെയും വിഭവം ചൂഷണം ചെയ്യുന്നതിന് ഏർപ്പെടുത്തുന്ന ചെറിയൊരു ടാക്സിലൂടെ, ഖരമാലിന്യസംസ്കരണത്തിന് ഏർപ്പെടുത്തുന്ന ഫീയിലൂടെ, സോളാർ പ്ലാന്റുകൾ വിറ്റഴിച്ചാലുണ്ടാകാവുന്ന ലാഭത്തിലൂടെ എങ്ങനെ വേണമെങ്കിലും ഇതിനുള്ള പണം നമുക്കു കണ്ടെത്താം. ഇങ്ങനെയൊക്കെയാണ് കേരളം ഇന്ത്യയ്ക്കു വഴി കാട്ടേണ്ടത്, ഇങ്ങനെയാണ് നാം നമ്പർ വൺ ആകുന്നത്, ഇങ്ങനെയാണ് നാം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ എത്തേണ്ടത്. ■

# സാധുജീവിതം സാർഥകമാക്കിയ സ്നേഹഗായകൻ

## മാർച്ച് 14 ന് അന്തരിച്ച സുപ്രസിദ്ധ അല്മായപ്രേഷിതൻ സാധു ഇട്ടിയവിരായെ ഓർക്കുമ്പോൾ



ഷാജി മാലിപ്പാറ

**കാ**ക്കിപ്പാന്റും നീളൻ കുപ്പായവും ധരിച്ച ദീർഘകായൻ. ഉടുപ്പിന്റെ മുൻവശത്ത് 'ദൈവം സ്നേഹമാകുന്നു' എന്നും പിൻവശത്ത് GOD IS LOVE എന്നും ലിഖിതങ്ങൾ. തോളിൽ സഞ്ചി. പറ്റെ വെട്ടിനിർത്തിയ തലമുടിയും കുറ്റിമീശയും. മുഖത്തു കുട്ടികളുടേതുപോലുള്ള നിഷ്കളങ്കമായ പുഞ്ചിരിയും ഉള്ളുനിറയെ ജ്വലിക്കുന്ന സ്നേഹവുമായി ഇങ്ങനെ ഒരു മനുഷ്യൻ പതിറ്റാണ്ടുകളോളം മനുഷ്യരെ കാണുന്നിടത്തെല്ലാം പ്രസംഗിച്ചുനടന്നു. സാധു ഇട്ടിയവിരാ എന്ന ആ വ്യത്യസ്തനായ മനുഷ്യൻ നൂറ്റൊന്നു വയസിന്റെ 'ചെറുപ്പ'വുമായാണ് നമ്മിൽ നിന്നു വിടപറഞ്ഞിരിക്കുന്നത്. ഒരു നൂറ്റാണ്ടിനുള്ളിൽ നടന്നുതീർത്ത വഴികളും ചെയ്ത കാര്യങ്ങളും ഏറെയാണ്. സന്ന്യാസതുല്യമായ മനസ്സോടെ വൈവിധ്യമാർന്ന ജീവിതരംഗങ്ങളിൽ സഞ്ചരിച്ച സാധു ഇട്ടിയവിരാ തലമുറകൾക്കു പ്രചോദനമാണ്.

മീനച്ചിൽ താലൂക്കിലെ കൊല്ലപ്പള്ളി ഗ്രാമത്തിൽ പെരുമാട്ടിക്കുന്നേൽ മത്തായി-അന്ന ദമ്പതികളുടെ മകനായി 1922 മാർച്ച് 18 നാണ് ഇട്ടിയവിരായുടെ ജനനം. അന്തീനാട് ഗവ. സ്കൂൾ, പ്രവിത്താനം സെന്റ് മൈക്കിൾസ് സ്കൂൾ, പാലാ സെന്റ് തോമസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായി വിദ്യാഭ്യാസം. സ്കൂൾ ഫൈനൽ പാസായശേഷം കുറച്ചുനാൾ എറണാകുളത്ത് ഒരു തടിഡിപ്പോയിൽ മാനേജരായി ജോലി നോക്കി. അധികം വൈകാതെ ഇന്ത്യൻ ആർമിയിൽ ചേർന്നു. 1942 ലായിരുന്നു അത്. അഞ്ചു വർഷം സൈനികസേവനം ചെയ്ത അദ്ദേഹം സിംഗപ്പൂർ, മലയ എന്നിവിടങ്ങളിൽ ജോലി ചെയ്തു. യുദ്ധം കഴിഞ്ഞതിനാൽ നാട്ടിലേക്കു തിരികെപ്പോന്നു.

പിന്നീട് ഉപരിപഠനത്തിനായി തേവര എസ്.എച്ച്. കോളജിൽ ചേർന്ന് ഇന്റർമീഡിയറ്റ് പാസായി. വൈദികനാവുക എന്ന ലക്ഷ്യവുമായി ഈശോസഭയിൽ ചേർന്നത് 1950 ലാണ്. പഠനത്തിൽ സമർഥനായ ഇട്ടിയവിരാ വിവിധ സെമിനാരികളിലായി ഫിലോസഫിയും തിയോളജിയും പഠിച്ചു. വൈദികപട്ടം ലഭിക്കാൻ ഒരു വർഷം മാത്രം ബാക്കി നിൽക്കേ അദ്ദേഹം തിരികെപ്പോന്നു. പൗരോഹിത്യത്തിന്റെ പടിവാതിൽക്കൽ നിന്നു പിന്തിരിഞ്ഞുനടന്നത് കുടുംബജീവിതത്തിലേക്കായിരുന്നില്ല. ദരിദ്രനായി നടന്നു പ്രസംഗിച്ച് കർത്താവിനെ അനുകരിക്കാനായിരുന്നു മോഹം. ഉള്ളിന്റെയുള്ളിൽ സ്നേഹത്തിന്റെ വിപ്ലവം വീര്യമുള്ള വീഞ്ഞായി പതഞ്ഞുയർന്നപ്പോൾ ആ വഴിയേ സഞ്ചരിക്കാനുള്ള സാഹസികത കൈവന്നു.

1958 ജൂൺ 22 ന്, തന്റെ 36-ാം വയസ്സിൽ വീടിനോടും വീട്ടുകാരോടും യാത്ര പറഞ്ഞ് ക്രിസ്തുവിന്റെ സാക്ഷിയായി പ്രസംഗിക്കാൻ ഇറങ്ങിത്തിരിച്ചു. ആ യാത്ര കന്യാകുമാരി വരെ നീണ്ടു. കാൽനടയായി സഞ്ചരിച്ചു തീരപ്രദേശത്തുകൂടി തിരികെയെത്തി, ഒരു മാസം കഴിഞ്ഞ്. മംഗലാപുരം വരെ പോയിവന്നത് രണ്ടു മാസം കഴിഞ്ഞപ്പോഴാണ്. ദൈവം സ്നേഹമാകുന്നു എന്ന സന്ദേശവാക്യവുമായി നടത്തിയ



യാത്രകളിലൂടെ ക്രിസ്തുവിന്റെ ലാളിത്യം സ്വജീവിതത്തിൽ ലോകത്തിനു പരിചയപ്പെടുത്താനായിരുന്നു ശ്രമം.

അക്കാലത്താണ് 'സാധു ഇട്ടിയവിരാ' എന്ന പേരു കൈവന്നത്. ഒരു യഥാർത്ഥഭിക്ഷുവിന്റെ ജീവിതമായിരുന്നു അത്. മൺകുടിലിലും മണിമാളികകളിലും പണിശാലകളിലും പാഠാലയങ്ങളിലും കയറിയിറങ്ങി. തെരുവുതിണ്ണകളിലും മരച്ചുവട്ടിലും കിടന്നുറങ്ങി. എല്ലായിടത്തും ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് എത്രയും ലളിതമായി പങ്കുവച്ചു. പഠിപ്പിന്റെ കനം തീണ്ടാത്ത വാക്കുകൾ അനേകരുടെ ഹൃദയത്തിൽ നേരിട്ടു പതിഞ്ഞു. പത്തുവർഷത്തോളം ഭിക്ഷുവായി പദയാത്ര നടത്തിയതിലൂടെ അനേകർക്കു നൽകിയ നന്മകൾ അനവധിയാണ്.

ശാസ്ത്ര-സാങ്കേതികവിഷയങ്ങളിൽ അഗാധമായ താത്പര്യം പുലർത്തിയിരുന്ന സാ-ധു ഇട്ടിയവിരാ ആ വഴിക്കും ചുവടുവച്ചു. പ്രാർഥനയുടെ അരൂപിയിൽ ശാസ്ത്രീയഗവേഷണങ്ങൾ നടത്താൻവേണ്ടി മധ്യപ്രദേശിലെ റായ്പൂരിൽ 'അനുസന്ധാൻ ആശ്രമം' സ്ഥാപിച്ചു. സമാനഹൃദയർ ഒത്തുചേർന്ന ആ വേദിയിൽ അദ്ദേഹംതന്നെ സൗരോർജസംബന്ധിയായ അനേകം ഗവേഷണങ്ങൾ നടത്തി. അനാരോഗ്യം നിമിത്തം അവിടത്തെ പ്രവർത്തനങ്ങൾ ഏറെക്കാലം തുടരാനായില്ല.

തിരികെ നാട്ടിലെത്തിയ സാധു ഇട്ടിയവിരാ വായനയും എഴുത്തും പ്രഭാഷണവുമൊക്കെയായി യാത്രകൾ തുടർന്നു. അതിനിടയിൽ 56-ാം വയസ്സിൽ വിവാഹജീവിതത്തിൽ പ്രവേശിച്ചു. അതും സന്ന്യാസജീവിതത്തിന്റെ മറ്റൊരു മുഖമെന്ന മട്ടിലേ കാണാനാവൂ. ഇട്ടിയവിരാ - ലാലി ദമ്പതികളുടെ ഏകമകൻ ജിജോ അധ്യാപകനാണ്. ഭാര്യയോടും മകന്റെ കുടുംബത്തോടുമൊപ്പം കോതമംഗലം ഇരുമലപ്പടിയിൽ 'ജീവജ്യോതി' എന്നു പേരിട്ട വീട്ടിൽ ജീവിതസായാഹ്നം ചെലവഴിച്ചുവരവേയാണ് അദേഹത്തിന്റെ അപ്രതീക്ഷിതമായ അന്ത്യം.

പ്രകൃതിയിൽനിന്നും ചുറ്റുപാടുകളിൽനിന്നും കൊച്ചുകൊച്ചുദാഹരണങ്ങൾ ചേർത്തുവച്ച്, വലിയ ജീവിതപാഠങ്ങൾ ലളിതസുന്ദരമായി അവതരിപ്പിക്കാൻ അസാമാന്യവിരുതുള്ള അദ്ദേഹത്തിന്റെ പ്രഥമഗ്രന്ഥം 1960 ൽ പുറത്തിറങ്ങിയ 'പിതാവും പുത്രനും' ആണ്. തുടർന്ന് നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. മലയാളത്തിൽ അമ്പതും ഇംഗ്ലീഷിൽ എഴുപത്തഞ്ചുമായി ആകെ 125 പുസ്തകങ്ങൾ. സമാഹരിക്കാത്ത ലേഖനങ്ങൾ ഏഴായിരത്തിലധികം ഉണ്ടാകും.

മനുഷ്യസ്നേഹപരമായ സേവനത്തിന് അഞ്ചുവർഷത്തിലൊരിക്കൽ നൽകുന്ന ആൽബർട്ട് ഷ്വൈറ്റ്സർ അന്താരാഷ്ട്ര അവാർഡിന് സാധു ഇട്ടിയവിരാ അർഹനായതു നിസ്സാരകാര്യമല്ല. 1981 ഏപ്രിൽ 23 ന് അമേരിക്കയിലെത്തി അദ്ദേഹം അവാർഡ് ഏറ്റുവാങ്ങി. സെന്റ് പോൾസ് പബ്ലിക്കേഷൻസ് മൂല്യവത്തായ ഗ്രന്ഥത്തിനു നൽകുന്ന 'അൽബേരിയോണോ' അവാർഡും അദ്ദേഹത്തിനു ലഭിച്ചു. അദേഹത്തിന്റെ ഓർമകൾക്കുമുമ്പിൽ സ്നേഹാദരപൂർവകമായ കൂപ്പുകൈ! ■



പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് കോളേജ് വിദ്യാർഥികൾക്കും ഉദ്യോഗാർഥികൾക്കുംവേണ്ടി തയ്യാറാക്കിയ കറന്റ് അഫയേഴ്സ് കൈപ്പുസ്തകത്തിന്റെ പ്രകാശനം പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചെയർമാൻ റ്റി.കെ ജോസ് ഐ.എ.എസിന് നൽകി നിർവഹിക്കുന്നു.



എസ്.എം.വൈ.എം. പാലാ രൂപത വനിതാദിനാഘോഷം കത്തീഡ്രലിൽ കെസിവൈഎം സംസ്ഥാന വൈസ് പ്രസിഡന്റ് ഡെലിൻ ഡേവിസ് ഉദ്ഘാടനം ചെയ്യുന്നു.

## ഡോ. പോളി മണിയാട്ട് പൗരസ്ത്യ വിദ്യാപീഠം പ്രസിഡന്റ്

കോട്ടയം: വടവാതൂരിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസിന്റെ (പൗരസ്ത്യ വിദ്യാപീഠം) പ്രസിഡന്റായി ഇടുക്കി രൂപതാംഗവും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെയും പൗരസ്ത്യ വിദ്യാപീഠത്തിലെയും പ്രഫസറുമായ ഡോ. പോളി മണിയാട്ട് നിയമിതനായി. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ വിരമിച്ച വേളയിലാണ് പൗരസ്ത്യ സുറിയാനി ആരാധനക്രമപണ്ഡിതനും ഗ്രന്ഥകാരനുമായ ഡോ. പോളി മണിയാട്ടിന് പുതിയ നിയമനം. പൗരസ്ത്യവിദ്യാപീഠത്തിന്റെ വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിക്കുന്നതിനിടെയാണ് പുതിയ നിയമനം.

1986 ഡിസംബർ 30 ന് അവിഭക്തകോതമംഗലം രൂപതയ്ക്കുവേണ്ടി വൈദികനായ അദ്ദേഹം റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ആരാധനക്രമത്തിൽ ബിരുദാനന്തരബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കി. 1996 ൽ അധ്യാപന ജീവിതം ആരംഭിച്ച അദ്ദേഹം സത്നാ സെന്റ് എഫ്രേംസ് തിയോളജിക്കൽ കോളജിലെ ഡീൻ ഓഫ് സ്റ്റഡീസ്, സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി മെമ്പർ, സീറോ മലബാർ സഭ ലിറ്റർജിക്കൽ കമ്മീഷൻ സെക്രട്ടറി എന്നീ നിലകളിൽ സേവനം ചെയ്തിട്ടുണ്ട്.



കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചുപെൺമക്കളിൽ മൂത്തയാളാണ് ഇന്ദുലേഖ. അവൾക്കു ദൂരെ സ്കൂളിൽ റ്റീച്ചറായി ജോലികിട്ടി. സ്കൂൾ മാനേജർ ആനന്ദന്റെ മകൻ അഭിഷേകുമായി ഇന്ദു സൗഹൃദത്തിലായി. അവർ തമ്മിൽ പ്രണയമാണെന്ന് സഹപ്രവർത്തകയായ സ്നേഹലത മാനേജരെ തെറ്റിധരിപ്പിച്ചു. മാനേജർ ഇന്ദുവിനെ പിരിച്ചുവിട്ടു. ഇതറിഞ്ഞ് ഹൃദയാഘാതം വന്ന് ഇന്ദുവിന്റെ അച്ഛൻ നാരായണൻനമ്പൂതിരി മരിച്ചു. പക അടങ്ങാതെ ആനന്ദൻ ഇന്ദുവിനെ തെറ്റിധരിപ്പിച്ച് ഹോട്ടൽമുറിയിലെത്തിച്ചിട്ട് പൊലീസിനെ വരുത്തി അപമാനിച്ചു. സായാഹ്നപ്പത്രത്തിൽ ആ വാർത്ത വന്നു. അപമാനിതയായ ഇന്ദു മരണത്തെപ്പറ്റി ചിന്തിച്ചു. സന്ദർശകവിസയിൽ അമേരിക്കയിൽ പോയ അഭിഷേക് തിരിച്ചെത്തി. കാര്യങ്ങൾ അറിഞ്ഞ അഭിഷേക് ഇന്ദുവിനെത്തേടി അവളുടെ വീട്ടിലെത്തി. ഇന്ദു എവിടെപ്പോയി എന്ന് വീട്ടുകാർക്കും അറിയില്ലായിരുന്നു. ഇന്ദുവിന്റെ അമ്മ ദേവകി അന്തർജനം അഭിഷേകിനോടു പൊട്ടിത്തെറിച്ചു. അവരെ ആശ്വസിപ്പിച്ച്, കുറെ പണം നൽകിയിട്ട് അഭിഷേക് മടങ്ങിപ്പോന്നു. ഇതിന്റെ പേരിൽ അച്ഛനുമായി അഭിഷേക് വഴക്കുണ്ടാക്കി.
(തുടർന്നു വായിക്കുക)



നോവൽ 22

ഇഗ്നേഷ്യസ് കലയന്താനി

# മഴനിലാവ്

ദേവകി അന്തർജനം മരിച്ചു എന്ന വാർത്തയായിരുന്നു അഭിഷേക് കേട്ടത്. സീതാലക്ഷ്മി രാവിലെ വന്നു നോക്കിയപ്പോൾ അമ്മ കട്ടിലിൽ ചലനമറ്റു കിടക്കുകയായിരുന്നവത്രേ. കുലുക്കി വിളിച്ചിട്ടും പ്രതികരണമില്ല. നിലവിളികേട്ട് ഓടിയെത്തിയ അയൽക്കാരാണ് മരണം സ്ഥിരീകരിച്ചത്.

സീതയുടെ കരച്ചിൽ ഫോണിലൂടെ കേട്ടപ്പോൾ അഭിഷേകിന്റെ ഹൃദയം മുറിഞ്ഞു വേദന ഒഴുകി. ഇനി ആരുണ്ട് ആ നാലു പെൺകുട്ടികൾക്ക്? തന്റെ അച്ഛൻ ചെയ്ത ക്രൂരതയിൽ രണ്ടു ജീവനാണു പൊലിഞ്ഞത്. ആദ്യം ഇന്ദുവിന്റെ അച്ഛന്റെ. ഇപ്പോൾ അമ്മയുടെയും. പൊറുക്കുമോ ദൈവം അച്ഛനോട്?

ബ്രേക്ക്ഫാസ്റ്റ് കഴിച്ചിട്ട് കാറെടുത്ത് അഭിഷേക് ഇന്ദുവിന്റെ താമസസ്ഥലത്തേക്കു പുറപ്പെട്ടു. എങ്ങോട്ടു പോകുന്നെന്ന് അച്ഛനോടോ അമ്മയോടോ പറഞ്ഞില്ല.

അഭിഷേക് ചെല്ലുമ്പോൾ പോസ്റ്റ്മോർട്ടം കഴിഞ്ഞു മൃതദേഹം വീട്ടിൽ കൊണ്ടുവന്നിരുന്നു. നാലു പെൺമക്കളും മൃതദേഹത്തിൽ കെട്ടിപ്പിടിച്ചു പൊട്ടിക്കരയുന്നു. മുറ്റത്തും പരിസരത്തുമൊക്കെ ആളുകൾ കൂടിനിൽക്കുന്നു.

അഭിഷേക് സാവധാനം മൃതദേഹത്തിനരികിലേക്കു ചെന്നു. കൈകൂപ്പിനിന്നു കുറെനേരം ആ ആത്മാവിനുവേണ്ടി പ്രാർഥിച്ചു. ഇടയ്ക്ക് മിഴികൾ തിരിച്ചു ചുറ്റും നോക്കി. സീതാലക്ഷ്മി തന്നെ കണ്ടുവെന്നു മനസ്സിലായപ്പോൾ മൗനമായി ആ ദുഃഖത്തിൽ പങ്കുചേർന്ന്, ആ കണ്ണുകളിലേക്കു നോക്കി സ്നേഹം കൈമാറി.

പുറത്തേക്കിറങ്ങിയിട്ട് തലമുതിർന്ന ഒരു കാരണവരോടു തിരക്കി:

"എപ്പഴാ ശവദാഹം?"

"അഞ്ചുമണിക്ക്."

"നമ്പൂതിരിയുടെ ഒരു മൂത്തകുട്ടിയുണ്ടല്ലോ. ഇന്ദുലേഖ. അവരുണ്ടോ ഇവിടെ?"

"ആ പെണ്ണ് നാടുവിട്ടുപോയില്ലേ? എന്തോ പ്രശ്നമുണ്ടാക്കി പോലീസു പിടിച്ചപ്പം ഒളിച്ചോടിപ്പോയീന്നാ കേട്ടത്. എവിടാന്ന് ആർക്കും അറിയില്ല."

"അവരെ കണ്ടുപിടിക്കുന്നതുവരെ കുറച്ചുദിവസം മൃതദേഹം മോർച്ചറീൽ വച്ചൂടെ?"

"എന്തിന്? അവർക്ക് അമ്മയോട് ഇഷ്ടമുണ്ടായിരുന്നെങ്കിൽ ഒന്നു വിളിക്കുകയെങ്കിലും ചെയ്യില്ലായിരുന്നോ? അവരെ നോക്കണ്ട കാര്യമില്ല."

അതു പറഞ്ഞിട്ട് അയാൾ അവിടെനിന്നുമാറി, ശവദാഹത്തിനുള്ള ഒരുക്കങ്ങൾ നടക്കുന്ന സ്ഥലത്തേക്കു പോയി.

സന്ധ്യയ്ക്കുമുമ്പേ ദേവകി അന്തർജനത്തിന്റെ ഭൗതികദേഹം വീട്ടുവളപ്പിൽ ദഹിപ്പിച്ചു. കത്തിയമരുന്ന ചിതയിലേക്കു നോക്കി വരാന്തയിൽനിന്ന് സീതയും അനിയത്തിമാരും ഏങ്ങലടിച്ചു കരഞ്ഞു.

ഇരുട്ടു പടർന്നപ്പോഴേക്കും നാട്ടുകാരും ബന്ധുക്കളുമൊക്കെ യാത്രപറഞ്ഞു പിരിഞ്ഞു. അയൽക്കാരനായ വാസുദേവനും ഭാര്യയും ഓരോന്നു പറഞ്ഞ്, ആശ്വസിപ്പിച്ചുകൊണ്ട് സീതയുടെയും അനിയത്തിമാരുടെയും അരികിൽ ഇരുന്നു.

നാലു പെൺകുട്ടികളെ ഒറ്റയ്ക്കാക്കിയിട്ട് തിരിച്ചുപോരാൻ അഭിഷേകിന്റെ മനസ്സ് അനുവദിച്ചില്ല. അയാൾ അവിടെ ചുറ്റിപ്പറ്റി നിന്നു. വാസുദേവനും ഭാര്യയും പുറത്തേക്കിറങ്ങിപ്പോയപ്പോൾ അഭിഷേക് സാവധാനം വീട്ടിലേക്കു കയറിച്ചെന്നു.

കിടപ്പുമുറിയിലെ കട്ടിലിൽ തളർന്നുകിടന്ന് കരയുകയാണ് നാലു പെൺമക്കളും.

"സീതേ..."

വിളികേട്ട് സീതാലക്ഷ്മി മുഖം തിരിച്ചുനോക്കി. അഭിഷേകിനെ കണ്ടതും കട്ടിലിൽ എണീറ്റിരുന്നു.

"ഓർമയുണ്ടോ എന്നെ?" ഇടറിയ സ്വരത്തോടെ അഭിഷേക് ചോദിച്ചു.

"ഉം." സീത തലയാട്ടി.

"എന്റച്ഛൻ ചെയ്ത തെറ്റിന് ഞാനൊരിക്കൽക്കൂടി മാപ്പു ചോദിക്കുന്നു."

സീത ഒന്നും മിണ്ടിയില്ല. ഇനി മാപ്പു ചോദിച്ചിട്ട് എന്തു പ്രയോജനം എന്ന ഭാവമായിരുന്നു അവളുടെ മുഖത്ത്.

"ഇന്ദു എവിടുണ്ടെന്ന് അറിയാമോ?" അഭിഷേക് ചോദിച്ചു.

"ഇല്ല.'

"നിങ്ങളു തനിച്ചിനി എങ്ങനെ ഇവിടെ കഴിയും?'

"എനിക്കറിയില്ല."

"എന്റെകൂടെ പോരുന്നോ? ഞാൻ സംരക്ഷിച്ചോളാം നിങ്ങളെ."

"ഇല്ല."

അഭിഷേക് പോക്കറ്റിൽനിന്ന് കുറെ കറൻസികൾ എടുത്ത് സീതയുടെ നേരേ നീട്ടിക്കൊണ്ടു പറഞ്ഞു.

"എന്റച്ഛൻ ചെയ്ത തെറ്റിന് ഇതു പരിഹാരമാവില്ലെന്നറിയാം. എന്നാലും. എന്റെ മനസ്സമാധാനത്തിന് ഇത് വാങ്ങിച്ചോളൂ."

സീത കൈനീട്ടി ആ പണം വാങ്ങി.

"രാത്രി തനിയെ കിടക്കാൻ പേടിയാകില്ലേ?"

"വാസുദേവൻ അങ്കിൾ വരും."

"ഞാൻ പോട്ടെ. കാശിന് ആവശ്യം വന്നാൽ എനിക്കു ഫോൺ ചെയ്യണം."



സീത തലകുലുക്കി.

"ഇന്ദുവിനെപ്പറ്റി എന്തെങ്കിലും വിവരം കിട്ടിയാൽ എന്നെ അറിയിക്കണം."

അറിയിക്കാമെന്ന് അവൾ തലകുലുക്കി. സീതയെയും അനിയത്തിമാരെയും ആശ്വസിപ്പിച്ചിട്ട് അഭിഷേക് യാത്ര പറഞ്ഞു വെളിയിലേക്കിറങ്ങി.

പാതിരാത്രി കഴിഞ്ഞാണ് അഭിഷേക് വീട്ടിൽ തിരിച്ചെത്തിയത്. ശ്രീദേവി കാത്തിരിക്കുകയായിരുന്നു. വന്നപാടെ അവർ മകനെ കുറെ വഴക്കു പറഞ്ഞു.

"പല പ്രാവശ്യം വിളിച്ചിട്ടും നിന്റെ ഫോൺ സ്വിച്ചോഫായിരുന്നല്ലോ. എവിടായിരുന്നു ഇത്രേം നേരം? അച്ഛൻ കലിതുള്ളിയിരിക്കുവാ. ഇപ്പഴാ പോയി കിടന്നത്."

"ഞാൻ എന്റെ ഒരു കൂട്ടുകാരനെ കാണാൻ പോയതായിരുന്നു."

"എന്നാ അതൊന്നു പറഞ്ഞിട്ടു പോകരുതായിരുന്നോ? ഫോൺ സ്വിച്ചോഫ് ചെയ്തതെന്തിനാ?"

"അതിന്റെ ചാർജ് തീർന്നുപോയതാ."

അഭിഷേക് ഒരു കള്ളം പറഞ്ഞു.

ഭക്ഷണം കഴിച്ചിട്ട് ഉറങ്ങാൻ കിടന്നപ്പോൾ സീതയുടെയും അനിയത്തിമാരുടെയും കണ്ണീരു പടർന്ന മുഖമായിരുന്നു മനസ്സിൽ. ഉറക്കം വന്നില്ല. ആ നാലു പെൺകുട്ടികൾ ഇനി എങ്ങനെ ജീവിക്കുമെന്ന ചിന്തയായിരുന്നു മനസ്സുനിറയെ.

ഇന്ദുലേഖ എവിടെപ്പോയി? ജീവിതം അവസാനിപ്പിച്ച് സ്വർഗലോകത്തേക്കു പോയിട്ടുണ്ടാകുമോ? സ്വന്തം അമ്മയെ അവസാനമായി ഒന്നു കാണാൻപോലും അവൾ വന്നില്ലല്ലോ. ജീവിച്ചിരിപ്പുണ്ടാവില്ല. ഉണ്ടായിരുന്നെങ്കിൽ വീട്ടിലേക്ക് ഒന്നു വിളിക്കുകയെങ്കിലും ചെയ്യില്ലായിരുന്നോ?

ഈ ലോകത്ത് എവിടെയെങ്കിലും അവൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ കണ്ടുപിടിച്ച് അവളെ അനിയത്തിമാരുടെ അടുത്തെത്തിക്കേണ്ടത് തന്റെ ചുമതലയാണ്. തന്റെ അച്ഛൻ കാരണമാണല്ലോ സ്വന്തം വീടുപേക്ഷിച്ച് അവൾക്കു പോകേണ്ടി വന്നത്. ആ തെറ്റിന് പ്രായശ്ചിത്തം ചെയ്യേണ്ടത് തന്റെ കടമയാണ്.

പിറ്റേന്നു രാവിലെ ആനന്ദൻ മകനെ വിളിച്ചു കുറെ വഴക്കു പറഞ്ഞു. തിരിച്ചൊന്നും പറയാതെ എല്ലാം കേട്ടുനിന്നതേയുള്ളൂ അഭിഷേക്.

ആനന്ദൻ പുറത്തേക്കു പോയിക്കഴിഞ്ഞപ്പോൾ അഭിഷേക് അശ്വതിറ്റീച്ചറെ ഫോണിൽ വിളിച്ചു.

"റ്റീച്ചർ അറിഞ്ഞുകാണുമോന്നറിയില്ല. ഇന്ദുലേഖയുടെ അമ്മ മരിച്ചു. കഴിഞ്ഞദിവസം രാത്രി. ഹാർട്ട് അറ്റാക്കായിരുന്നു. ഇന്നലെ ഞാനവിടെ പോയിരുന്നു. ശവദാഹം കഴിഞ്ഞാ മടങ്ങിയത്. ഇന്ദുലേഖ വന്നില്ല. അവരെവിടുണ്ടെന്ന് ആർക്കും അറിഞ്ഞൂടാ."

"ഞാനൊന്നും അറിഞ്ഞില്ല."

"നാലനിയത്തിമാർ ഒറ്റയ്ക്കാ ഇപ്പം താമസം. എനിക്കവരെ സഹായിച്ചേ പറ്റൂ. ഇന്ദു ജീവിച്ചിരിപ്പുണ്ടോന്നുപോലും അറിയില്ല. ജീവിച്ചിരുപ്പുണ്ടെങ്കിൽ അവരെ കണ്ടെത്തി ആ വീട്ടിലെത്തിക്കേണ്ടത് എന്റെ കടമയാ. എന്റച്ഛൻ ചെയ്ത തെറ്റിന് അങ്ങനെയെങ്കിലും ഒരു പ്രായശ്ചിത്തം ചെയ്യേണ്ടേ?"

"പോലീസിലറിയിച്ചാൽ അവരു കണ്ടുപിടിക്കില്ലേ?"

"തത്കാലം അതുവേണ്ട. നമ്മുടെ പോലീസല്ലേ. വിശ്വസിക്കാൻ കൊള്ളില്ല. നമുക്കൊന്നന്വേഷിക്കാം. ഇന്ദു എവിടുണ്ടാകുമെന്ന് വല്ല സൂചനയും റ്റീച്ചർക്കു തരാൻ പറ്റുമോ?"

"പോയതിനുശേഷം എന്നെ ഒരിക്കൽപ്പോലും വിളിച്ചിട്ടില്ല. അങ്ങോട്ടു വിളിക്കുമ്പോഴൊക്കെ ഫോൺ സ്വിച്ചോഫാ."

"ഒരിക്കൽ പറഞ്ഞിരുന്നല്ലോ തിരുവല്ലയിലെവിടെയോ ഒരു വീട്ടിൽ കുറച്ചുകാലം അവരു ജോലിക്കു നിന്നിട്ടുണ്ടെന്ന്. ആ വീട്ടിലെ ഫോൺ നമ്പർ അറിയാമോ?"

"ഇല്ല."

"പോകാൻ സാധ്യതയുള്ള സ്ഥലങ്ങൾ ഏതൊക്കെയെന്ന് ഒരു സൂചന തരാൻ പറ്റോ?"

"ഇവിടാരുമായിട്ട് അവൾക്കങ്ങനെ ബന്ധങ്ങളൊന്നുമില്ല. നാട്ടിലുള്ള ബന്ധത്തെപ്പറ്റി എനിക്കത്ര അറിവുമില്ല."

"എന്തെങ്കിലും സൂചനകിട്ടിയാൽ എന്നെ അറിയിക്കണം."

"തീർച്ചയായും."

അഭിഷേക് ഫോൺ കട്ട് ചെയ്തു. അടുത്ത നിമിഷം അയാൾ സീതാലക്ഷ്മിയുടെ നമ്പർ ഡയൽ ചെയ്തു. സീതയെ ലൈനിൽ കിട്ടി. കുശലാന്വേഷണത്തിനുശേഷം ചോദിച്ചു.

"ഇന്ദു തിരുവല്ലയിലെവിടെയോ ഒരു വീട്ടിൽ കുറച്ചു കാലം ജോലി ചെയ്തിരുന്നല്ലോ. ആ വീട്ടിലെ ഫോൺ നമ്പർ അറിയാമോ?"

"അറിയാം. എന്റെ ഫോണിൽ സേവ് ചെയ്തിട്ടുണ്ട്."

"അതൊന്നു പറയൂ."

ശേഷം 13-ാം പേജിൽ

# സുന്ദരകേരളം രൂപപ്പെടുത്താൻ

(1-ാം പേജ് തുടർച്ച)

wp (c) 26304/2006 ആയി നമ്പർ ചെയ്ത കേസ് ചീഫ് ജസ്റ്റീസ് വി.കെ. ബാലിയുടെയും ജസ്റ്റീസ് പി.ആർ. രാമന്റെയും ബഞ്ചാണ് പരിഗണിച്ചത്. ഹൈക്കോടതി അഡ്വ. സഹസ്രനാമത്തെ കമ്മീഷനായി നിയമിച്ചു. ഹൈക്കോടതി നിയമിച്ച കമ്മീഷന്റെ തെളിവെടുപ്പുസമയത്ത് പാലാക്കാരനായ ഡിജോ കാപ്പന് എന്താണ് കൊച്ചിയിലെ മാലിന്യക്കാര്യത്തിലെ പൊതുതാത്പര്യം എന്നായിരുന്നു അന്നു കൊച്ചിയിലെ മാലിന്യനീക്കം നടത്തുന്നവരുടെ എതിർവാദം. അക്കാലത്ത് കൊച്ചിയിലെ മാലിന്യക്കാര്യം കൊച്ചിക്കാർ മാത്രമാണ് ചർച്ച ചെയ്തിരുന്നതെങ്കിൽ ഈ കുറിപ്പ് എഴുതിക്കൊണ്ടിരിക്കുമ്പോൾ ചാനലിൽ വരുന്ന വാർത്ത കേന്ദ്രസർക്കാർ ബ്രഹ്മപുരം പ്ലാന്റിലെ തീപ്പിടുത്തത്തെക്കുറിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുന്നുവെന്നാണ്.

നിയമങ്ങളനുസരിച്ചും പരിസരവാസികൾക്കു ബുദ്ധിമുട്ടുണ്ടാക്കാതെയും ബ്രഹ്മപുരത്ത് മാലിന്യം നിക്ഷേപിക്കാൻ അനുവദിച്ചുകൊണ്ട് 2007 ജനുവരി 22 ന് ഹൈക്കോടതി അനുമതി നൽകി. തുടർന്നു കേസ് ഹൈക്കോടതിയുടെ പരിഗണനയ്ക്ക് 2007 ജൂലൈ 16 ന് എത്തിയപ്പോൾ അന്നത്തെ കോർപറേഷൻ സെക്രട്ടറിയായിരുന്ന മിനി ആന്റണി ഐഎഎസ് ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ ഖരമാലിന്യനിർമാർജനചട്ടങ്ങൾ പാലിച്ചാണ് ബ്രഹ്മപുരത്ത് മാലിന്യം നിക്ഷേപിക്കുന്നതെന്നും ജെസിബി ഉപയോഗിച്ചു നിരത്തിയശേഷം കുമ്മായമിട്ട് മാലിന്യങ്ങൾക്കു മുകളിൽ പത്തു സെന്റീമീറ്റർ കനത്തിൽ മണ്ണു വിരിക്കുന്നുണ്ടെന്നും പറഞ്ഞിരുന്നു.

പതിനേഴു വർഷങ്ങൾക്കു ശേഷം ബ്രഹ്മപുരംവിഷയത്തിൽ ഹൈക്കോടതി സ്വമേധയാ എടുത്ത കേസിൽ വാദം കേൾക്കേ പ്ലാന്റിലെ തീ കാരണമുള്ള പുക എത്രനാൾ ജനങ്ങൾ സഹിക്കണമെന്ന് കൊച്ചിൻ കോർപറേഷൻ സെക്രട്ടറിയോടു കോടതി ചോദിച്ചു. കൊച്ചിനഗരത്തിലും സമീപപ്രദേശങ്ങളിലും മാലിന്യനിർമാർജനത്തിനു വഴിയില്ലാതായതോടെ പ്രദേശവാസികൾ വലിയ പ്രതിസന്ധിയിലാണ്. മാലിന്യം വീടുകളിലും ഫ്ളാറ്റുകളിലുംതന്നെ സൂക്ഷിക്കേണ്ട അവസ്ഥ. എന്നിട്ടും പൗരപ്രമുഖരോ സാംസ്കാരികസാഹിത്യനായകരോ പ്രതികരണത്തിനോ പ്രതിഷേധത്തിനോ തുനിഞ്ഞുകണ്ടില്ല.

വായു, ജലം, മണ്ണ് എന്നിവ മലിനീകരിക്കപ്പെട്ട് ജനങ്ങൾ ദുരിതത്തിലായി. കൊച്ചിക്കുചുറ്റും കിലോമീറ്ററുകളോളം പുക പടർന്ന് കൊച്ചിക്കാരുടെ കുടിവെള്ളസ്രോതസ്സായ കടമ്പ്രയാറും ചിത്രപ്പുഴയാറും നശിപ്പിക്കപ്പെട്ടു. കൊച്ചിയെ ഗ്യാസ് ചേംബറിനോടാണ് ഹൈക്കോടതി താരതമ്യം ചെയ്തത്. പ്ലാന്റിനു തീ പിടിച്ചപ്പോൾ കാൻസറിനു സാധ്യതയുള്ള വായുമാലിന്യങ്ങളാണ് കൊച്ചിക്കു ചുറ്റും വ്യാപിച്ചത്. വിവിധ ഡൈ ഓക്സിനുകൾ, ഘനലോഹബാഷ്പങ്ങൾ, പോളി ആരോമാറ്റിക് ഹൈഡ്രോകാർബണുകൾ, നൈട്രജൻ ഡൈ ഓക്സൈഡ്, കാർബൺ ഡൈ ഓക്സൈഡ് എന്നിവയൊക്കെ കൊച്ചിക്കാർക്കു ശ്വസിക്കേണ്ടിവന്നിട്ടുണ്ട്. ഇതുമൂലം ഭാവിയിൽ ഏതെല്ലാം തരത്തിലുള്ള രോഗത്തിനു ചികിത്സ തേടേണ്ടിവരും? എന്തായാലും വിഷപ്പുക ആരോഗ്യപ്രശ്നങ്ങൾക്കു വഴിയൊരുക്കാൻ സാധ്യതയുണ്ടെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ മുന്നറിയിപ്പു നൽകിക്കഴിഞ്ഞു.

43,37,718.6 ടൺ മാലിന്യം കേരളത്തിൽ ഒരു വർഷം ഉണ്ടാകുന്നുണ്ടെന്നാണ് ശുചിത്വമിഷൻ പുറത്തുവിട്ട കണക്കുകൾ പറയുന്നത്. ഇതിൽ 18 ശതമാനം പ്ലാസ്റ്റിക്കാണ്. ബാക്കി 33 ലക്ഷം ടൺ ജൈവമാലിന്യമാണ്. സംസ്ഥാനത്തെ 1,07,11,989 വീടുകളിൽ ഉറവിട ജൈവമാലിന്യസംസ്കരണസംവിധാനമുള്ളത് 23,79,841 എണ്ണത്തിനു മാത്രമാണ്. 10,17,358 സ്ഥാപനങ്ങളിൽ 56378 നും കമ്യൂണിറ്റി കംമ്പോസ്റ്റിങ് സംവിധാനത്തിലൂടെ 767.3 ടൺ ജൈവമാലിന്യം സംസ്കരിക്കുന്നു. വീടുകളിലും ഫ്ളാറ്റുകളിലും സ്ഥാപനങ്ങളിലും ഉറവിടസംസ്കരണത്തിലൂടെ ഇല്ലാതാക്കുന്ന മാലിന്യത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ക്ലീൻ കേരള കമ്പനി ഒരു മാസം ശേഖരിക്കുന്ന ആകെ മാലിന്യം 2135.07 ടൺ.



കരയിലെ മാലിന്യപ്രശ്നം പോലെതന്നെ രൂക്ഷമാണ് കടലിലെത്തിച്ചേരുന്ന മാലിന്യവും. 2040 ഓടെ കടലിലെ പ്ലാസ്റ്റിക് മാലിന്യം മൂന്നിരട്ടിയായി ഉയരുമെന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്. അമേരിക്കൻ സംഘടനയായ 5 Gyres Institute ന്റെ കണക്കുപ്രകാരം 2019 ൽ സമുദ്രങ്ങളിലാകെ ഏകദേശം 171 ട്രില്യൺ പ്ലാസ്റ്റിക് ഉണ്ടായിരുന്നതായാണ് കണക്കാക്കിയിട്ടുള്ളത്.

മാലിന്യക്കൂമ്പാരത്തിന്റെ അടിയിൽ നടക്കുന്നത് ഓക്സിജന്റെ അഭാവത്തിലുള്ള രാസപ്രവർത്തനമാണ്. ഇതിൽനിന്നു ബഹിർഗമിക്കുന്ന വാതകങ്ങളിൽ ജ്വലനസ്വഭാവമുള്ള മീഥേൻഗ്യാസ് ഉണ്ടാവാമെന്നതുകൊണ്ടാണ് തീയണയ്ക്കാൻ പ്രയാസപ്പെടുന്നതെന്നാണ് വിദഗ്ധരുടെ അഭിപ്രായം. മീഥേൻ വാതകങ്ങൾ കത്തുമ്പോൾ ഉണ്ടാവുന്ന ഉയർന്ന താപത്തിൽ ജീവികളുടെ ആരോഗ്യത്തെ അതിഭീകരമായ വിധത്തിൽ ബാധിക്കാനിടയുള്ള അനേകം മാരകമായ രാസസംയുക്തങ്ങൾ ഉണ്ടാവുമെന്നതുകൊണ്ട് ഇത് ഒരു സ്ളോ ബോംബാണെന്നാണ് കുറവിലങ്ങാട് ദേവമാതാ കോളജിലെ എൻവയോൺമെന്റൽ കെമിസ്ട്രിയിലെ റിട്ടയേർഡ് പ്രഫസർ പ്രസാദ് പോൾ സാക്ഷ്യപ്പെടുത്തുന്നത്. അണുബോംബുകൾ പൊട്ടുമ്പോഴുണ്ടാകുന്ന നാശം നേരിട്ട് അപ്പോൾത്തന്നെ ജീവജാലങ്ങളെ ബാധിക്കുമെങ്കിൽ ഇതങ്ങനെയല്ല, അനേകകാലം നീണ്ടുനിൽക്കുന്ന ആരോഗ്യപ്രശ്നങ്ങളാണ് ഉണ്ടാക്കുന്നതെന്നും അദ്ദേഹം പറയുന്നു. കാൻസർ, ജനിതകവൈകല്യങ്ങൾ, ഞരമ്പുകൾ, തലച്ചോർ എന്നിവയെ മാരകമായി ബാധിക്കുന്ന രോഗങ്ങൾ, വന്ധ്യത ശ്വാസംമുട്ടൽ, ത്വഗ്രോഗങ്ങൾ തുടങ്ങി നമ്മിലേക്കു പ്രവേശിക്കുന്ന അവയുടെ അളവും കാലവുമനുസരിച്ച് ഒരിക്കലും പരിഹരിക്കാനാവാത്ത പ്രശ്നങ്ങളാണ് സകല ജീവജാലങ്ങൾക്കും അതുണ്ടാക്കുന്നതെന്നും പ്രസാദ് പോൾ മുന്നറിയിപ്പുനൽകുന്നുണ്ട്.

ഖരമാലിന്യസംസ്കരണം നടത്തുന്നതിനുവേണ്ട ചട്ടങ്ങൾ ബ്രഹ്മപുരത്തു പാലിച്ചിട്ടില്ലെന്നാണ് കേന്ദ്രമലിനീകരണനിയന്ത്രണബോർഡിന്റെ പരിശോധനയിൽ കണ്ടെത്തിയത്. പ്ലാന്റിന് സംസ്ഥാന മലിനീകരണനിയന്ത്രണബോർഡിന്റെ അനുമതിയും ലഭിച്ചിട്ടില്ല.

പ്ലാന്റിലെ മാലിന്യനിർമാർജനത്തിനു കരാർ ലഭിച്ച സോൻട്ര ഇൻഫ്രാടെക്കിന് 55 കോടിക്കു കരാർ കൊടുത്തിട്ട് 14 കോടി കൈമാറിയെങ്കിലും മാലിന്യസംസ്കരണം കാര്യമായി നടന്നില്ല. തീപിടിച്ച് മാലിന്യം കത്തിത്തീർന്നാൽ പിന്നെ സംസ്കരിക്കാൻ ഒന്നുമില്ലല്ലോ. നാലുപാടുനിന്നും തീ ഒരുമിച്ചാണ് പടർന്നതെന്നാണ് ദൃക്സാക്ഷികൾ പറയുന്നത്. സത്യസന്ധമായ അന്വേഷണത്തിലൂടെ മാത്രമേ തീ സ്വമേധയാ ഉണ്ടായതാണോ അതോ ആരെങ്കിലും കത്തിച്ചതാണോ എന്നു കണ്ടെത്താൻ കഴിയൂ. പ്ലാന്റിന് തീപ്പിടുത്തമുണ്ടാകുന്നതിനുമുമ്പുതന്നെ ബയോ മൈനിങ് കരാറെടുത്ത കമ്പനിക്ക് മുന്നറിയിപ്പ് നൽകിയിരുന്നിട്ടും കമ്പനി ഇത് അവഗണിക്കുകയായിരുന്നുവെന്ന് കോർപറേഷൻ പറയുന്നു. എന്നാൽ, ഇത്തരത്തിലുള്ള ഒരു മുന്നറിയിപ്പും തനിക്കു ലഭിച്ചിട്ടില്ലെന്നും കമ്പനിയെ ബലിയാടാക്കാൻ കോർപറേഷൻ രണ്ട് വ്യാജക്കത്തുകൾ നിർമിച്ചുവെന്നുമുള്ള ആരോപണമാണ് കമ്പനി മാനേജിങ് ഡയറക്ടർ രാജ്കുമാർ ചെല്ലപ്പൻപിള്ള ഉന്നയിക്കുന്നത്.

ബ്രഹ്മപുരത്ത് വേനൽക്കാലത്തു ചെയ്യേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്ന് കൊച്ചിമേയറെ അറിയിച്ചിരുന്നതായി അഗ്നിരക്ഷാസേനാവിഭാഗം ഡിജിപി ബി. സന്ധ്യ അറിയിച്ചു. പ്ലാന്റിലെ സ്ഥിതിഗതികൾ ഞെട്ടിക്കുന്നതാണെന്നും മുപ്പതു വർഷം മുമ്പ് ഉപേക്ഷിച്ച ഏതോ ഫാക്ടറിപോലെയാണ് പ്ലാന്റിലെ നിലവിലെ സ്ഥിതിയെന്നുമാണ് ഏറ്റവും ഒടുവിലായി ഹൈക്കോടതിയുടെ നിരീക്ഷണം ഉണ്ടായിരിക്കുന്നത്. തൃശൂർ, എറണാകുളം ഫോറൻസിക് സയൻസ് ലാബുകളിൽനിന്നുള്ള എട്ടംഗസംഘം സിറ്റി പോലീസ് കമ്മീഷണർ കെ. സേതുരാമന്റെ നേതൃത്വത്തിൽ കത്തിയ മാലിന്യത്തിന്റെ സാംപിളുകൾ ശേഖരിച്ച് വിദഗ്ധ പരിശോധന ആരംഭിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവകലാശാലയിലെ എൺവയോൺമെന്റൽ സയൻസ് വിഭാഗം തലവൻ പ്രഫ. ഇ.വി. രാമസ്വാമിയുടെ നേതൃത്വത്തിൽ വായുവിന്റെ ഗുണനിലവാരം അളക്കുന്ന ആംബിയന്റ് എയർക്വാളിറ്റി മോണിറ്ററിങ് വാൻ കാക്കനാട്ട് സിവിൽസ്റ്റേഷനിലെത്തി പരിശോധന തുടങ്ങി.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് ജില്ലാതലത്തിൽ 23 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഉണ്ടെന്നാണ് കണക്ക്. മാലിന്യം വലിച്ചെറിയുന്നവർക്കും കത്തിക്കുന്നവർക്കുമെതിരേ ഫൈൻ ഉൾപ്പെടെയുള്ള നടപടികളാണാണ്ടാവുക. സർക്കാർ അനുവാദമില്ലാതെ പ്രവർത്തിക്കുന്ന പ്ലാന്റുകൾക്കെതിരേയും സ്ക്വാഡുകൾ നടപടിയെടുക്കുമെന്നാണ് അറിയിപ്പ്.

കൊച്ചിക്കാരുടെ മാത്രം പ്രശ്നമാണ് പ്ലാന്റിലെ തീയും പുകയും എന്നു ധരിച്ചുവയ്ക്കുന്നവരോട് ഒരു കാര്യമേ പറയാനുള്ളൂ. പരസ്പരം പഴിചാരി പ്രശ്നത്തിൽനിന്ന് ഒളിച്ചോടിയാൽ നമ്മുടെ ശവപ്പെട്ടിക്കുള്ള ആണിയാണ് ഓരോരുത്തരായി അടിക്കുന്നതെന്ന് ഓർമിക്കുന്നതു നന്ന്. ആമസോൺ കാട് കത്തിയപ്പോൾ ബ്രസീൽ എംബസിക്കു മുന്നിൽ പ്രതിഷേധം സംഘടിപ്പിച്ചവർ നമ്മുടെ കാലിനടിയിലെ മണ്ണ് ഒലിച്ചുപോകുന്നതറിയുന്നില്ല. ബ്രഹ്മപുരത്തെ പുക സ്വന്തം ജീവനു ഭീഷണിയാണെന്ന ചെറിയ സംശയം ഉണ്ടായാൽ മതി, 24 മണിക്കൂർ പ്രവർത്തക്ഷമമായ ഇൻഫോപാർക്കിലെ ആയിരവും രണ്ടായിരവും പേർ ജോലി ചെയ്യുന്ന ഷിഫ്റ്റിൽ പണിയെടുക്കുന്ന പ്രഫഷണലുകൾ കൂട്ടത്തോടെ കൊച്ചി വിടും. ഇവിടെനിന്നു ഖജനാവിലേക്ക് പമ്പ് ചെയ്യപ്പെടുന്ന വരുമാനം നിശ്ചലമാകും. അതുണ്ടാവാതിരിക്കാൻ നല്ല മോഡലുകൾ കണ്ടെത്തി കൊച്ചിയെ മനോഹരമാക്കണം.

വൈറ്റില - കുണ്ടന്നൂർ റോഡിൽ പ്രവർത്തിക്കുന്ന പ്രസ്റ്റീജ് കൺസ്ട്രക്ഷൻ ഗ്രൂപ്പിന്റെ ഓഫീസ് കോംപ്ലക്സിൽ ഉച്ചയ്ക്കു ഭക്ഷണം കഴിക്കുന്ന ആയിരത്തോളം പേരുടെ ഭക്ഷണവേസ്റ്റ് അവിടെ വച്ചിരിക്കുന്ന ചെറിയ ഒരു മെഷിൻ അരമണിക്കൂർകൊണ്ട് ജൈവവളമാക്കി മാറ്റുന്നു. മറ്റു ഖരമാലിന്യം ഇഷ്ടികരൂപത്തിലും അവിടെനിന്നു ലഭ്യമാണ്. ഒരു വ്യക്തിക്കു ചെയ്യാൻ കഴിയുന്ന മാലിന്യനിർമാർജനം ആ വ്യക്തിയും കുടുംബത്തിനു ചെയ്യാവുന്നത് കുടുംബവും സ്ഥാപനത്തിനു കഴിയുന്നത് അവരും നിർവഹിച്ചാൽ സമൂഹത്തിൽ വലിയ മാറ്റം പ്രകടമാകും.

നല്ല വീട് നല്ല നഗരം എന്ന മുദ്രാവാക്യവുമായി കുന്നംകുളംകാർ വാർഡുകൾ നിരവധി ക്ലസ്റ്ററുകളായി തിരിച്ചുനടത്തിയ മുന്നേറ്റം അദ്ഭുതകരമായ മാറ്റമാണ് അവിടെ ഉണ്ടാക്കിയത്. ജനജീവിതത്തിന് ഏറ്റവും ഭീഷണിയുയർത്തുന്ന വിഷയമായി മാലിന്യപ്രശ്നം മാറിയിരിക്കുന്നു. ജൈവ-പ്ലാസ്റ്റിക്-ഖരമാലിന്യങ്ങൾ മൂന്നായി തിരിച്ച് ഉറവിടങ്ങളിൽനിന്നു ശേഖരിച്ച് വികേന്ദ്രീകൃതസംസ്കരണപ്രവർത്തനങ്ങൾ കൃത്യമായി നടപ്പാക്കിയാൽ സുന്ദരകേരളം രൂപപ്പെടുത്താൻ കഴിയും.

■



ടി.പി. ശാസ്തമംഗലം




പ്രശസ്ത കവി ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ പ്രഥമ കാവ്യസമാഹാരമായ 'ബാഷ്പാഞ്ജലി'യിലെ 'ഇരുളിൽ' എന്ന കവിതയിൽ ഏവർക്കും പരിചിതമായ രണ്ടു വരികളുണ്ട്.

"കപടലോകത്തിലാത്മാർഥമായൊരു

ഹൃദയമുണ്ടായതാണെൻ പരാജയം"

പ്രണയഭംഗത്തെക്കുറിച്ചു സൂചിപ്പിക്കുമ്പോഴെല്ലാം ഈ ഈരടി പലരും ഉദ്ധരിക്കാറുണ്ട്. എന്നാൽ, അദ്ഭുതമെന്നുപറയട്ടെ, 'പ്രയാണം' എന്ന മ്യൂസിക് ആൽബത്തിനുപിന്നിൽ പ്രവർത്തിച്ചവർക്ക് ഈ കാവ്യഭാഗം ശരിയായ വിധത്തിൽ അറിഞ്ഞുകൂടാ. പോരെങ്കിൽ ഈ വരികൾ 'രമണനി'ലേതാണെന്ന പടുവങ്കത്തം അവർ എഴുന്നള്ളിക്കുകയും ചെയ്തിരിക്കുന്നു. ഈ ഗാനത്തിന്റെ തുടക്കത്തിൽ അധ്യാപകൻ മലയാളം ക്ലാസ്സിൽ കുട്ടികളെ ഈ കവിത പഠിപ്പിക്കുന്നതായിട്ടാണു ചിത്രീകരിച്ചിരിക്കുന്നത്. അങ്ങനെ പഠിപ്പിക്കുന്നതാകട്ടെ വരികൾ താഴെ എഴുതിയിരിക്കുന്ന വിധത്തിൽ യഥാർഥകവിയെപ്പോലും വെല്ലുവിളിക്കുന്ന മട്ടിലാണ്. എന്നിട്ടു തെറ്റോടുകൂടിയ വരികൾ വിദ്യാർഥികളെക്കൊണ്ട് ആ അധ്യാപകൻ യാതൊരു ലജ്ജയുംകൂടാതെ ഏറ്റുപാടിക്കുകയും ചെയ്യുന്നു. ഇത്തരം അധ്യാപകരാണ് പഠിപ്പിക്കുന്നതെങ്കിൽ കുട്ടികളുടെ ഭാവി വഴിയാധാരമാകാൻ മറ്റെന്തുവേണം?

# അടിതെറ്റിയുള്ള വീഴ്ച

"കപടമീ ലോകത്താത്മാർത്ഥമായൊരു

ഹൃദയമുണ്ടായതാണെൻ പരാജയം!"

'ഉപസർപ്പിണി' എന്ന ഭാഷാവൃത്തത്തിലാണ് ചങ്ങമ്പുഴ ആ കവിത രചിച്ചിരിക്കുന്നത്. വരിയിൽ മാറ്റം വന്നതോടെ വൃത്തഭംഗം വരുമെന്നു തീർച്ച. പക്ഷേ, അതൊക്കെ ആരു ഗൗനിക്കുന്നു? എങ്ങനെയും ആൽബം ചെയ്താൽ മതിയല്ലോ.

ചങ്ങമ്പുഴയെയും ബാഷ്പാഞ്ജലിയെയും രമണനെയും മറ്റും അറിയാത്ത ഗാനശില്പികൾ പുറത്തിറക്കിയ ആൽബവും അത്തരത്തിലാകാനല്ലേ തരമുള്ളൂ. ഇതാ നോക്കൂ, അവരുടെ ഗാനം ഇങ്ങനെ ആരംഭിക്കുന്നു:

"മൃത്യുവന്നു വിളിച്ച നേരം

മൃദുവായ് നിന്നിലലിഞ്ഞ നേരം

നീയെന്നയെൻ പ്രാണൻ എന്നിലലിഞ്ഞപ്പോൾ

അറിഞ്ഞു നീയാണു ഞാനെന്ന്" (ഗാനരചന - സക്കീന എ.എസ്., സംഗീതം & ആലാപനം - രാജൂ മണ്ണൂർ)

മരിച്ചയാളിന്റെ ആത്മഗതം എന്ന മട്ടിലാണ് ഈ ഗാനം രൂപപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, അതു വരികളിൽ വേണ്ടപോലെ പ്രതിഫലിപ്പിക്കാൻ രചയിത്രിക്കു കഴിഞ്ഞിട്ടില്ല. 'മൃത്യുവന്നു വിളിച്ച നേരം' എന്ന വരിയോടെ ഗാനമാരംഭിക്കാൻ തയ്യാറായ പാട്ടെഴുത്തുകാരി അടുത്ത വരിയും 'മൃ' എന്ന അക്ഷരത്തിൽ ആയിരിക്കണമെന്ന നിർബന്ധബുദ്ധിയോടെ 'മൃദുവായ് നിന്നിലലിഞ്ഞ നേരം' എന്നെഴുതി. 'മൃദു' വന്നതോടെ മൃത്യുവിന്റെ ഭീകരാവസ്ഥ മുഴുവൻ നഷ്ടപ്പെട്ടുപോയി. നായകനെ മരണം വന്നു വിളിക്കാത്തതാമസം അവൻ നായികയിൽ മൃദുവായങ്ങ് അലിഞ്ഞുചേർന്നു. പിന്നീട് അങ്ങോട്ടുമിങ്ങോട്ടും അലിയലോടലിയൽ! ഒടുവിൽ അവളാണു താനെന്ന് അറിഞ്ഞുപോലും. അവളോടുള്ള അവന്റെ അടുപ്പം വ്യക്തമാക്കാൻ രചയിത്രി കാട്ടിക്കൂട്ടിയ വികൃതികളാണിവയെല്ലാം. തൂലികയേന്താൻ അറിഞ്ഞുകൂടാത്തവർ അതെടുത്താൽ ഇതും ഇതിനപ്പുറവും സംഭവിക്കും. ശരിക്കും ഇളിഭ്യരാകുന്നത് ആസ്വാദകരായ നമ്മളാണ്.

"ചിതയിൽ എരിയുമ്പോഴും

എൻ പ്രണയം പൂത്തിരുന്നു.

മൃതിയുടെ മരുഭൂവിൽ നിൻസ്മൃതിയിൽ ലയിക്കെ

കെടാതെ ജ്വലിച്ചു എൻ സ്നേഹഗന്ധി"

ചിരഞ്ജീവിയായ മാർക്കണ്ഡേയനാണോ ഈ പാട്ടിലെ നായകനെന്നു നാം ന്യായമായും സംശയിച്ചുപോകും. കാമുകീകാമുകന്മാരുടെ പ്രണയം ഗാഢമാണെന്നു കാട്ടാൻ ഒട്ടൊക്കെ അതിശയോക്തിയാകാം. അത് ഔചിത്യത്തിനു നിരക്കുന്നതാകണം. ധാരാളം പൂർവമാതൃകകൾ നമുക്കു മുന്നിലുണ്ടുതാനും. അതെങ്ങനെ, പുരോഗാമികളെപ്പോലും ശരിയായി മനസ്സിലാക്കാതെയാണല്ലോ കസർത്ത്. അപ്പോൾ അടിതെറ്റി വീഴുന്നതിൽ അദ്ഭുതമില്ലതന്നെ.

■




# ഉപ്പൂപ്പൻപക്ഷി

മാത്യൂസ് ആർപ്പൂക്കര

ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ കാണപ്പെടുന്ന അപൂർവയിനം പക്ഷിയാണ് ഉപ്പൂപ്പൻ. കേരളത്തിലും ചിലയിടങ്ങളിൽ ഈ പക്ഷിയെ കാണാം. ഇതിന്റെ ഇംഗ്ലീഷ് പേര് ഹൂപ്പൂ (Hoopoe) എന്നാണ്. ശാസ്ത്രനാമം Upupa epops.

ഇതിന്റെ ശരീരത്തിനു മങ്ങിയ നിറമാണ്. മുതുകിലും ചിറകിലും വെളുത്തതും കറുത്തതുമായ വലയങ്ങൾ കാണാം. തലയിലൊരു ശിഖയുണ്ട്. തലയിൽ കുറുകേ കാണാവുന്ന ഭംഗിയാർന്ന ഈ തലപ്പൂവ് കറുപ്പും വെളുപ്പും വരകളുള്ളതാണ്. വിശറിയുടെ ആകൃതിയിലുള്ള ഈ ശിഖ സൗകര്യാർഥം മടക്കാനും നിവർത്തിപ്പിടിക്കാനും സാധിക്കും. ഈ പക്ഷിയുടെ കണ്ണുകൾ നല്ല തിളക്കമാർന്നതാണ്.

നിലത്തു നടന്ന് ഇര തേടുന്ന ഹൂപ്പൂ പക്ഷിയുടെ കൊക്കിനു തവിട്ടുനിറമാണ്. ഇര തേടുന്ന സമയത്ത് തലയിലെ ശിഖ മടക്കിവച്ചിരിക്കും. ഇവയുടെ ഭക്ഷണം മണ്ണിരകളും പുഴുക്കളും കൃമികീടങ്ങളുമാണ്. അതുകൊണ്ടുതന്നെ ഈ പക്ഷികൾ കർഷകരുടെ മിത്രങ്ങളാണെന്നു പറയാം. തുറസ്സായ സ്ഥലങ്ങളിലും പുൽപ്രദേശത്തുമാകും ഇര തേടുക. ഫെബ്രുവരിമുതൽ മേയ് വരെയുള്ള മാസങ്ങളിലാണ് ഈ പക്ഷികൾ മുട്ടയിടുന്നത്. പാറകളുടെ വിള്ളലുകളിലോ മരപ്പൊത്തുകളിലോ ആവാം കൂടുണ്ടാക്കുക. ഒരു തവണ അഞ്ചോ ആറോ മുട്ടകളിടുന്നു. പിടയും പൂവനും ചേർന്നാണ് കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നത്. മറ്റു പല പക്ഷികളിൽനിന്നും വ്യത്യസ്തമായി ഉപ്പൂപ്പന്റെ കൂട് വൃത്തികേടു നിറഞ്ഞതാണ്. കൂട്ടിൽനിന്നുണ്ടാകുന്ന ദുർഗന്ധം ഒരുപക്ഷേ, ശത്രുക്കളെ അകറ്റിനിർത്തുന്നുണ്ടാവാം.

ഉപ്പൂപ്പന്റെ തലയിലെ ശിഖയെപ്പറ്റി രസകരമായൊരു കഥയുണ്ട്.



ഒരിക്കൽ സോളമൻ രാജാവ് ആകാശയാത്ര ചെയ്യുകയായിരുന്നു. സൂര്യന്റെ ചൂട് അസഹ്യമായപ്പോൾ ആ വഴി വന്ന കഴുകന്മാരോട് ചിറകുവിരിച്ചു തനിക്കു തണലേകാൻ രാജാവു കല്പിച്ചു. സോളമൻ രാജാവ് പക്ഷിമൃഗാദികളുടെയൊക്കെ ഭാഷാജ്ഞാനമുള്ള ആളായിരുന്നല്ലോ. കഴുകന്മാർ ആ ഉപകാരം രാജാവിനു ചെയ്തുകൊടുത്തില്ല. രാജാവിന്റെ ശാപമേറ്റാണത്രേ കഴുകന്മാർക്ക് കഴുത്തിലും മറ്റും തൂവലുകളില്ലാതെ പോയത്. സാന്ദർഭികമായി ഹൂപ്പുപക്ഷികൾ അദ്ദേഹത്തെ സഹായിക്കാൻ സന്നദ്ധത കാട്ടുകയും തണലേകി യാത്ര സുഖകരമാക്കുകയും ചെയ്തു. പ്രതിഫലമായി അദ്ദേഹം ഹൂപ്പുപക്ഷികളോട് ഇഷ്ടമുള്ള അനുഗ്രഹവരം ചോദിച്ചുകൊള്ളാൻ കല്പിച്ചു. തദനുസൃതമായി പക്ഷികൾ തലയിൽ സ്വർണശിഖ നൽകി അനുഗ്രഹിക്കണമെന്നറിയിച്ചു. സ്വർണശിഖ തലയിൽ അനുഗ്രഹിച്ചുകിട്ടിയ പക്ഷികൾക്ക് അതൊരു ശാപമായിത്തീർന്നു. സ്വർണശിഖ തട്ടിയെടുക്കാൻ മനുഷ്യർ ഇവറ്റകളെ കൊന്നൊടുക്കാൻ തുടങ്ങി. ഹൂപ്പുപ്പക്ഷികൾ വീണ്ടും സോളമൻ രാജാവിനെ കാണുകയും തങ്ങളുടെ തലയിലെ സ്വർണശിഖ മാറ്റി വർണത്തൂവൽ ശിഖ മാത്രമായി നൽകണമെന്നും അപേക്ഷിച്ചു. ആ അപേക്ഷ അദ്ദേഹം സ്വീകരിക്കുകയും ഹൂപ്പുപ്പക്ഷികൾക്ക് ഇന്നത്തെ മാതിരിയുള്ള തലപ്പൂ അനുഗ്രഹിച്ചു നൽകുകയുമാണുണ്ടായതെന്ന് ഐതിഹ്യം.

ഇന്നിപ്പോൾ ഹൂപ്പുപ്പക്ഷി ഇസ്രായേലിന്റെ ദേശീയപക്ഷിയാണ്. ഉപ്പൂപ്പനു പല ഉപവിഭാഗങ്ങളുണ്ട്. ഈ പക്ഷികൾ ഇടയ്ക്കിടെ 'ഉപ്പൂപ്പ്' എന്നു തുടരേ മൂന്നു തവണ പ്രത്യേക രീതിയിൽ സ്വരമുണ്ടാക്കാറുണ്ട്. അതുകൊണ്ടാണ് മലയാളികൾ ഈ പക്ഷിക്ക് 'ഉപ്പൂപ്പൻ' എന്നു വിളിപ്പേരിട്ടത്.

■




11-ാം പേജ് തുടർച്ച

സീത നമ്പർ പറഞ്ഞു കൊടുത്തു.

അഭിഷേക് ആ നമ്പരിൽ വിളിച്ചു. ചാണ്ടിക്കുഞ്ഞാണ് ഫോൺ എടുത്തത്.

"ഇന്ദു എന്നൊരു പെൺകുട്ടി കുറച്ചുനാൾമുമ്പ് അവിടെ ജോലി ചെയ്തിരുന്നല്ലോ. ആ കുട്ടി ഇപ്പം എവിടുന്നുണ്ടെന്ന് അറിയാമോ?"

"നിങ്ങൾ ആരാ?"

"ഞാനാ പെണ്ണിന്റെ ഒരു ബന്ധുവാ. അവരുടെ അമ്മ മരിച്ചു. അതൊന്നറിയിക്കാൻവേണ്ടിയാ."

"ഇന്ദു എവിടാന്ന് എനിക്കറിയില്ല."

"എന്തെങ്കിലും സൂചന?"

"ഇവിടുന്നു പോയശേഷം ഞങ്ങളെ വിളിക്കുകയോ ഇവിടെ വരുകയോ ചെയ്തിട്ടില്ല. പിന്നെന്തു സൂചന തരാനാണ്?"

അഭിഷേക് തിരിച്ചും മറിച്ചും ചോദിച്ചു. ചാണ്ടിക്കുഞ്ഞിന്റെ സംസാരത്തിൽ പന്തികേടു തോന്നിയപ്പോൾ അഭിഷേക് പറഞ്ഞു:

"എന്നാപ്പിന്നെ പോലീസിലറിയിക്കാം. അവരു വന്നു കണ്ടുപിടിക്കട്ടെ."

പോലീസ് എന്നു കേട്ടപ്പോൾ ചാണ്ടിക്കുഞ്ഞ് ഒന്നു പരുങ്ങി.

"പോലീസിലറിയിക്കുന്നതിനു മുമ്പ് ഒന്നിങ്ങോട്ടു വരൂ. എനിക്കു ചില കാര്യങ്ങൾ പറയാനുണ്ട്."

"ഫോണിലൂടെ പറഞ്ഞൂടേ?"

"അങ്ങനെ പറയാൻ പറ്റുന്ന കാര്യമല്ല. നേരിട്ടു സംസാരിക്കാം. ഇങ്ങോട്ടു വാ."

ചാണ്ടിക്കുഞ്ഞ് മേൽവിലാസം പറഞ്ഞുകൊടുത്തു. ശരി എന്നു പറഞ്ഞിട്ട് അഭിഷേക് ഫോൺ കട്ട് ചെയ്തു.

ബ്രേക്ക്ഫാസ്റ്റ് കഴിച്ചിട്ട് അഭിഷേക് ഡ്രസുമാറി കാറിൽ കയറി നേരേ തിരുവല്ലയിലേക്കു പുറപ്പെട്ടു. വീടു കണ്ടുപിടിക്കാൻ ബുദ്ധിമുട്ടുണ്ടായില്ല.

കോളിങ് ബല്ലിൽ വിരലമർത്തി കാത്തുനിന്നപ്പോൾ ചാണ്ടിക്കുഞ്ഞാണ് വന്നു വാതിൽ തുറന്നത്. അഭിഷേക് ചിരിച്ചുകൊണ്ട് കൈകൂപ്പി.

"ഞാൻ അഭിഷേക്. ഇന്ദുവിനെപ്പറ്റി അറിയാനാ വന്നത്. ഫോണിൽ സംസാരിച്ചിരുന്നല്ലോ."

"വരൂ."

ചാണ്ടിക്കുഞ്ഞ് അഭിഷേകിനെ വിളിച്ചു സ്വീകരണമുറിയിലിരുത്തി.

"ഇന്ദുവിന്റെ ആരാ?"

"ഒരു സുഹൃത്താ."

"സുഹൃത്തോ? എന്നിട്ട് ഫോണിൽ പറഞ്ഞത് ബന്ധുവാണെന്നാണല്ലോ."

"ബന്ധുവിനെക്കാളും അടുപ്പമുള്ള ഒരു സുഹൃത്താ."

"എങ്ങനെയുള്ള അടുപ്പം?"

അഭിഷേക് ഒന്നും ഒളിച്ചുവയ്ക്കാതെ എല്ലാം പറഞ്ഞു. തന്റെ സ്കൂളിൽ ഇന്ദു ജോലിക്കു വന്നതും പിന്നീട് ജോലി നഷ്ടപ്പെടാനുണ്ടായ സാഹചര്യങ്ങളുമെല്ലാം.

"എന്റച്ഛൻ കാരണമാണ് ഇന്ദുവിന് ഈ ദുർവിധിയുണ്ടായത്. അതിനു പ്രായശ്ചിത്തം ചെയ്യാനാണ് ഞാനിപ്പം അവരെ തേടിയിറങ്ങിയിരിക്കുന്നത്."

"കഥകളൊക്കെ അവളു പറഞ്ഞിരുന്നു. പക്ഷേ, സ്വഭാവദൂഷ്യത്തിന്റെ പേരിലാണ് സ്കൂളീന്നു പിരിച്ചുവിട്ടതെന്നാണ് ഹെഡ്മിസ്ട്രസിനെ വിളിച്ചു ചോദിച്ചപ്പം അവരു പറഞ്ഞത്."

"അതു തെറ്റാ. എന്റച്ഛന്റെ ഇഷ്ടത്തിനു വഴങ്ങാതെവന്നപ്പം അവളെ അപമാനിച്ച് ഇറക്കിവിടാൻ ഒരുപാടു നാടകങ്ങൾ അവിടെ നടന്നു." നടന്നതെല്ലാം അഭിഷേക് വിശദീകരിച്ചു.

"ഹോട്ടൽ മുറിയിൽനിന്നു പോലീസ് പിടിച്ചശേഷം അവളെങ്ങോട്ടുപോയീന്നറിയില്ല. ഫോൺ സ്വിച്ചോഫാ. അതുകൊണ്ട് അവളുടെ അമ്മ മരിച്ച കാര്യം അറിയിക്കാൻ പറ്റിയില്ല. ഇപ്പോ നാല് അനിയത്തിമാര് തനിച്ചാ താമസം. ഇന്ദുവിനെ കണ്ടെത്തി ആ വീട്ടിലെത്തിച്ച് ആ കുടുംബം നോക്കേണ്ട ചുമതല ഇനി എന്റേതാ. ഞാൻ കാരണമാണല്ലോ എല്ലാം സംഭവിച്ചത്. എനിക്കവരെ കണ്ടെത്തിയേ പറ്റൂ. ഇന്ദു എവിടുണ്ടെന്നു പറയാമോ?"

"അവരെ കണ്ടെത്തിയാൽ ആ കുടുംബത്തിന്റെ മുഴുവൻ സംരക്ഷണവും നിങ്ങൾ ഏറ്റെടുക്കുമോ?"

"തീർച്ചയായും."

ചാണ്ടിക്കുഞ്ഞ് ഒരു നിമിഷനേരം അഭിഷേകിന്റെ മുഖത്തേക്കു നോക്കി മൗനമായി ഇരുന്നു. എന്തോ ആലോചിക്കുകയാണെന്ന് അഭിഷേകിനു മനസ്സിലായി.

(തുടരും)

# അഴിമതിപ്പുക അവസാനിക്കുന്നില്ല



1-ാം പേജ് തുടർച്ച

കൊച്ചിനഗരത്തിന് ഏകദേശം പത്തു കിലോമീറ്റർ കിഴക്കായി ബ്രഹ്മപുരത്ത് 40 ഏക്കറിൽ ജൈവമാലിന്യസംസ്കരണശാല തുടങ്ങിയത് 2008 ലാണ്. പ്രതിദിനം 100 ടൺ താഴെ മാത്രമേ സംസ്കരണശേഷി ഉള്ളൂവെങ്കിലും നിലവിൽ പ്രതിദിനം 600 ടണ്ണിനടുത്ത് മാലിന്യങ്ങളാണ് ഇവിടെ കൊണ്ടുവന്ന് കുന്നുകൂട്ടുന്നത്. ഇതിൽ അജൈവമാലിന്യങ്ങൾ - പ്ലാസ്റ്റിക്കാണ് ഇതിൽ ഭൂരിഭാഗവും - ഉൾപ്പെടും. കൊച്ചി നഗരത്തിലെയും പരിസരത്തുള്ള മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവിടങ്ങളിലെയും വീടുകളിൽനിന്നും ചന്തകളിൽനിന്നും അറവുശാലകളിൽനിന്നും പുറന്തള്ളുന്ന മാലിന്യങ്ങളാണ് കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള ബ്രഹ്മപുരം പ്ലാന്റിലേക്ക് എത്തുന്നത്.

ജനസാന്ദ്രത വളരെ കൂടുതലും സമുദ്രനിരപ്പിനോട് ഏതാണ്ട് ചേർന്നുകിടക്കുന്നതുമായ കൊച്ചിയിൽ മാലിന്യംനീക്കൽ അടുത്തകാലത്തൊന്നും ശരിയായ രീതിയിൽ നടന്നിട്ടില്ല. തോടുകളും കാനകളും മഴക്കാലത്തിനുമുമ്പ് വൃത്തിയാക്കുക എന്ന പ്രാഥമികനടപടിപോലും അഴിമതിക്കുള്ള അവസരമാക്കിയ ചരിത്രമാണ് കോർപ്പറേഷൻ ഭരണാധികാരികൾക്കുള്ളത്. ജനപ്രതിനിധികളായാലും ഉദ്യോഗസ്ഥരായാലും ഇതുതന്നെ സ്ഥിതി. മഴ തുടങ്ങുമ്പോൾ കാനകോരുക, അഴുക്കെല്ലാം തിരികെ ഇറങ്ങുക: ഇതാണു പതിവ്. കൊടിയ അഴിമതിയായിരുന്നു ഇതിനു പിന്നിൽ. ചെയ്യാത്ത പണിക്കാണ് കൂടുതലും കാശു വാങ്ങുക. കോർപ്പറേഷൻ ഭരണസമിതി ഇല്ലാതായ എൺപതുകളിൽ കളക്ടർ എം.പി. ജോസഫിന് മേയറുടെ ചുമതല കിട്ടിയതും അദ്ദേഹം കൊച്ചിയുടെ മുഖംതന്നെ മാറ്റിയതും പിന്നീട് ഭരണസമിതി വന്നപ്പോൾ കാര്യങ്ങൾ പഴയപടിയായതും ചരിത്രം.

കോർപ്പറേഷൻ ആസ്ഥാനത്തിന് ഒരു വിളിപ്പാടകലെ നഗരമധ്യത്തിലായിരുന്നു അക്കാലത്ത് മാലിന്യങ്ങൾ കൂനകൂട്ടിയിരുന്നത്. ആലുവയിൽനിന്ന് നഗരത്തിലേക്കുള്ള ശുദ്ധജലക്കുഴലുകൾ കടന്നുപോയിരുന്നതും അതിലൂടെത്തന്നെ. അഴുകിയ മാലിന്യങ്ങൾ കുഴലിൽ കയറി കടുത്ത ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുക പതിവായിരുന്നു. ഏറെക്കാലത്തെ പരിശ്രമങ്ങൾക്കു ശേഷമാണ് ബ്രഹ്മപുരത്ത് വിശാലമായ സ്ഥലം ഇതിനായി ഏറ്റെടുത്തത്. പക്ഷേ, അഴിമതിയും വെട്ടിപ്പും കൂടുതൽ വിശാലമായി എന്നതല്ലാതെ കാര്യമായ മാറ്റങ്ങളൊന്നും വന്നില്ല. പുതുതായി പ്ലാസ്റ്റിക് മാലിന്യം എന്ന കൊടുംഭീകരനും വന്നുചേർന്നു എന്നുമാത്രം. ജൈവമാലിന്യങ്ങൾ വീടുകളിൽനിന്നും ചന്തകളിൽനിന്നും പ്ലാസ്റ്റിക് കൂടിൽ ഭദ്രമായി കെട്ടി വലിച്ചെറിയുന്നതാണ് പ്രധാനമായും പ്രശ്നമാകുന്നത്. ഇതിൽ പൊതുജനം കുറ്റക്കാർതന്നെ.

ബ്രഹ്മപുരത്തേത് ജൈവമാലിന്യസംസ്കരണശാലയാണ്. അവിടെ വൻതോതിൽ പ്ലാസ്റ്റിക് കൊണ്ടുപോയി തള്ളുന്നു എന്നതാണ് ഭീകരം. തീപ്പിടിത്തസാധ്യത പതിന്മടങ്ങ് വർധിക്കുന്നു എന്നതിനു പുറമേ തീപിടിക്കുമ്പോൾ മാരകമായ വിഷവാതകങ്ങൾ പുറത്തുവരികയും ചെയ്യുന്നു. പോളി എഥിലീൻ, പോളി സ്റ്റൈറീൻ, പോളി വിനൈൽ ക്ലോറൈഡ് തുടങ്ങിയവയാണ് പ്ലാസ്റ്റിക്കുകളിൽ ഏറെയും; ഒപ്പം, മോൾഡിങ്ങിൽ ഉപയോഗിക്കുന്ന നിരവധി രാസവസ്തുക്കളും. ഇവയും ജൈവമാലിന്യങ്ങളും ചേർന്നു കത്തുമ്പോഴാണ് ടെട്രാക്ലോറോഡൈബെൻസോ ഡയോക്സിൻ അഥവാ ഡയോക്സിൻ എന്ന മാരകവിഷവാതകം പുറത്തുവരുന്നത്. ഇത് ഏറെക്കാലം പരിസ്ഥിതിയിൽ നിലനിൽക്കുകയും മനുഷ്യനടക്കം ജീവജാലങ്ങളിൽ സ്ഥായിയായ മാറ്റങ്ങൾ വരുത്തുകയും ചെയ്യും എന്നതാണ് ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം.

നാല്പതേക്കർ വരുന്ന, പ്രതിദിനം 600 നടുത്ത് ടൺ മാലിന്യം വന്നുചേരുന്ന, വേനൽക്കാലത്ത് കൊടുംചൂട് അനുഭവപ്പെടുന്ന ഒരു പ്ലാന്റിലേക്ക് അഗ്നിശമന സേനാവാഹനങ്ങൾക്ക് എത്തിച്ചേരാൻ സൗകര്യപ്രദമായ പാതകളില്ല എന്നത് ക്ഷമിക്കാനാവാത്ത തെറ്റാണ്. സാധാരണക്കാരന്റെ കെട്ടിടനിർമാണത്തിലും പെട്ടിക്കടവച്ചു ജീവിതമാർഗം തേടുന്നതിലും ചട്ടങ്ങളുടെയും നിയമങ്ങളുടെയും ചക്രവ്യൂഹം തീർക്കുന്ന കോർപ്പറേഷൻ അധികൃതർ എന്തുകൊണ്ട് ഇതു ചെയ്തു?

തീ അണയ്ക്കാനാകാതെ, തീ അണച്ചിട്ടും പുക നിറുത്താനാകാതെ ഉത്തരവാദപ്പെട്ടവർ വലഞ്ഞപ്പോൾ പുറത്തുവന്ന വിവരങ്ങൾ ഞെട്ടിക്കുന്നവയായിരുന്നു. മാലിന്യസംസ്കരണം നടത്താൻ കരാറും ഉപകരാറും എടുത്ത സ്ഥാപനങ്ങൾ ശരിക്കും ചെയ്തിരുന്നത് അട്ടിമറിയായിരുന്നു എന്ന ബലവത്തായ സംശയം. ബയോമൈനിങ് എന്ന സംസ്കരണപ്രക്രിയ യഥാസമയം ചെയ്യാതെ, വേനൽക്കാലമാകുന്നതു കാത്തിരുന്ന് സൂത്രത്തിൽ തീയിടുക! നാലു സ്ഥലങ്ങളിൽ ഒരേസമയം തീപിടിച്ചതിനു കാരണം മറ്റൊന്നുമല്ലെന്ന് പ്ലാന്റിന്റെ പരിസരത്തുള്ള രണ്ടു പഞ്ചായത്ത് വാർഡുകളുടെ പ്രതിനിധികൾ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, എല്ലാ വർഷവും തീപ്പിടിത്തം നടക്കാറുണ്ടെന്നും ഈ വർഷം അത് രൂക്ഷമായി കൈവിട്ടുപോയി എന്നും ഉത്തരവാദപ്പെട്ട ആ പ്രതിനിധികൾ ചൂണ്ടിക്കാട്ടുന്നു. ഇതു ശരിയാണെങ്കിൽ വ്യക്തമായ ക്രിമിനൽക്കുറ്റമാണ് ബന്ധപ്പെട്ടവർ ചെയ്തിരിക്കുന്നത്. പക്ഷേ, നടപടിയില്ല.

എന്തുകൊണ്ട് നടപടിയില്ല എന്ന ചോദ്യം വിരൽ ചൂണ്ടിയത് ഭയാനകമായ അഴിമതികളിലേക്കാണ്. ബയോ മൈനിങ്ങിന് കരാറെടുത്തവർ സംസ്ഥാനഭരണകൂടത്തിന്റെ സ്വന്തക്കാർ; ഉപകരാറെടുത്തവർ പ്രതിപക്ഷത്തിന്റെ ഉറ്റബന്ധുക്കൾ! അലസമായി ആരോപണം നിഷേധിച്ചുവെന്നല്ലാതെ സമുന്നതരായ ഈ നേതാക്കൾ സ്വന്തം സംശുദ്ധി ഇതുവരെ തെളിയിച്ചിട്ടില്ല. ജില്ലയിൽനിന്നുള്ള വ്യവസായ, നിയമവകുപ്പുകളുടെ മന്ത്രി തികഞ്ഞ ലാഘവബുദ്ധിയോടെയാണ് തീപ്പിടിത്തത്തോടും അഴിമതിയാരോപണങ്ങളോടും പ്രതികരിച്ചത്.

ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയേകാൻ ഉത്തരവാദപ്പെട്ട പൊലീസ് ചെറുവിരൽ അനക്കിയിട്ടില്ല. ലക്ഷക്കണക്കിനു മനുഷ്യർക്കു ഭയാനകമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന ഈ ദുരന്തം കണ്ടതായിപ്പോലും അവർ ഭാവിച്ചില്ല. കരാറുകാരെയോ ഉദ്യോഗസ്ഥരെയോ ഭരണസമിതിക്കാരെയോ ചോദ്യം ചെയ്യാൻ പൊലീസ് ഭയക്കുന്നത് എന്തുകൊണ്ടാണ്? വിഷയം അന്താരാഷ്ട്രമാധ്യമങ്ങൾ ഏറ്റെടുത്തതോടെ ഹൈക്കോടതി ഇടപെട്ടു. നഗരമധ്യത്തിൽ താമസിക്കുന്ന ന്യായാധിപർക്ക് പ്രശ്നം നേരിട്ട് അനുഭവപ്പെട്ടതും കാരണമായി. എന്നിട്ടും ഇതെഴുതുംവരെ കുറ്റക്കാരെ കണ്ടെത്താനുള്ള ശ്രമങ്ങൾ തുടങ്ങിയതായി അറിവില്ല.

■

1-ാം പേജ് തുടർച്ച

ഇന്ത്യയിലെ ജനങ്ങൾക്ക് ഇപ്പോൾത്തന്നെ അന്തരീക്ഷത്തിൽ ആവശ്യത്തിലേറെ വിഷപ്പുകയും പൊടിയും ഡീസൽ ഫ്യൂംസും ലെഡ് ഓക്സൈഡും നൈട്രസ് ഓക്സൈഡും ഉണ്ട്. മെഡിക്കൽ വേയ്സ്റ്റും മുനിസിപ്പൽ വേസ്റ്റും ഇൻസിനിറേറ്റ് ചെയ്യുന്നതുമൂലം ഡൈയോക്സിൻ ഫ്യൂറാൻ എന്ന ഉഗ്രവിഷവാതകങ്ങൾ അന്തരീക്ഷത്തിലേക്കു വന്നുകൊണ്ടിരിക്കുന്നു.

# വിഷവാതകങ്ങളെയും വിലയുള്ളതാക്കാം



1994 ൽ അമേരിക്ക ഈ വിഷവാതകങ്ങളുടെ ഭീകരതയെപ്പറ്റി മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ഫിൻലൻഡിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഇൻസിനിറേഷൻ പ്ലാന്റ് പ്രവർത്തനം ആരംഭിച്ച് രണ്ടു വർഷത്തിനകം അടച്ചുപൂട്ടേണ്ടി വന്നു. ഇൻസിനിറേഷൻ പ്ലാന്റിന്റെ നാലു കിലോമീറ്റർ ചുറ്റളവിലുള്ള സസ്യങ്ങൾ പരിശോധിച്ചപ്പോൾ ഏതാണ്ട് 15-25 ശതമാനംവരെ ഡയോക്സിൻ ഉള്ളതായി കണ്ടു. ഉടനെ തന്നെ ഫിൻലൻഡ് സർക്കാർ പ്ലാന്റിന്റെ പ്രവർത്തനം നിറുത്തി. പകരം പ്ലാസ്മ ഗ്യാസിഫിക്കേഷൻ പ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്തു.

2012 ൽ ഡൽഹിയിൽ കൈക്കൂലിക്കാരായ സർക്കാരുദ്യോഗസ്ഥരും ഭരണകക്ഷിയിൽപ്പെട്ടവരും ചേർന്ന് ഒക്കാല എന്ന സ്ഥലത്ത് ഇൻസിനിറേഷൻ പ്ലാന്റ് സ്ഥാപിച്ചു. കമ്പനിക്കാർ വളരെയധികം സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചാണ് പ്ലാന്റ് സ്ഥാപിച്ചതെന്ന് അവകാശപ്പെട്ടിരുന്നുവെങ്കിലും മേയ് 2013 ൽ നടത്തിയ പരിശോധനയിൽ വിഷവാതകങ്ങളായ ഡയോക്സിനും ഹ്യൂറാനും 12.5 ശതമാനത്തോളം ഉണ്ടെന്നു ബോധ്യപ്പെട്ടു.

ജനങ്ങൾക്കു ദോഷകരമാണെന്നു ബോധ്യപ്പെട്ടിട്ടും കമ്പനിയുമായി കൂട്ടുചേർന്ന് കൂടുതൽ പ്ലാന്റുകൾ ഡൽഹി സർക്കാർ സ്ഥാപിക്കുകയും ചെയ്തു.

**പ്ലാസ്മാ ഗ്യാസിഫിക്കേഷൻ**

പ്ലാസ്മാ ഗ്യാസിഫിക്കേഷൻ എന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് എല്ലാ വിഷവാതകങ്ങളെയും ഇല്ലാതാക്കാനും അതുവഴി പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഉച്ഛിഷ്ടത്തിൽനിന്ന് ഓയിലും ലിക്യുഫൈഡ് പെട്രോളിയം ഗ്യാസും (LPG) ഗ്രീൻ ഇലക്ട്രിസിറ്റിയും ഉത്പാദിപ്പിക്കാനും സാധിക്കുന്നു.

1000 മുതൽ 3000 വരെ ഡിഗ്രിയുള്ള ചൂടിൽ ഉച്ഛിഷ്ടം ഭസ്മീകരിക്കുമ്പോൾ കാർബൺഡയോക്സൈഡ് ഇല്ലാതാകുകയും കാർബൺ മോണോക്സൈഡും ഹൈഡ്രജനും ലഭിക്കുകയും ചെയ്യുന്നു. പെട്രോകെമിക്കൽ വ്യവസായത്തിന്റെ അടിസ്ഥാനഘടകങ്ങളാണ് കാർബൺ മോണോക്സൈഡും ഹൈഡ്രജനും. ഇതുകൊണ്ട് ഗ്യാസ് ടർബയിൻ പ്രവർത്തിപ്പിച്ച് ഗ്രീൻ ഇലക്ട്രിസിറ്റിയും ഉത്പാദിപ്പിക്കാം. വാഹനങ്ങൾക്കും വിമാനത്തിനുമുള്ള ഫ്യൂവലും ആക്കി മാറ്റാം. പ്ലസ്മാ ഗ്യാസിഫിക്കേഷൻവഴി ഡൈമീതൈൽ ഈതർ കിട്ടുകയും അതു ഘനീഭവിപ്പിച്ചാൽ ഡീസലിനുപകരം ഫ്യൂവലായി വണ്ടിയോടിക്കാൻ ഉപയോഗിക്കുകയും ചെയ്യാം. മേൽത്തരം ലിക്യുഫൈഡ് പെട്രോളിയം ഗ്യാസ് (LPG) ലഭിക്കുകയും ചെയ്യും.

ഓക്സിജനുമായി പ്രതിപ്രവർത്തിക്കുന്നതുകൊണ്ട് 1000 മുതൽ 3000 വരെ ഡിഗ്രി സെൽഷ്യസിൽ വിഷവാതകങ്ങളായ ഡയോക്സിനും ഫ്യൂറാനും വിഘടിച്ച് ഇല്ലാതാകുന്നു.

ജപ്പാനിൽ യോഷി എന്ന സ്ഥലത്ത് 24 ടൺ ഗാർബേജ് ഭസ്മീകരിക്കുന്ന പ്ലാസ്മ ഗ്യാസിഫിക്കേഷൻ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. 10 വർഷത്തിനു ശേഷം നടത്തിയ പരിശോധനയിൽ ഒരു ശതമാനത്തിൽ താഴെയായിരുന്നു ഡയോക്സിന്റെയും ഫ്യൂറാന്റെയും തോത്.

ഇന്ത്യയൊഴിച്ച് ലോകമെമ്പാടുമായി 200 മുനിസിപ്പാലിറ്റികളിൽ പ്ലാസ്മാ ഗ്യാസിഫിക്കേഷൻ പ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞു.

അമേരിക്കയിലുള്ള SOLENA എന്ന ബയോഫ്യൂവൽ കമ്പനിയുമായി ചേർന്ന് ലണ്ടനിൽ ഒരു ദിവസം ലഭിക്കുന്ന 1500 ടൺ മുനിസിപ്പൽ വേസ്റ്റ് പ്ലാസ്മ ഗ്യാസിഫിക്കേഷൻവഴി 16 മില്യൻ ഗ്യാലൻ ഏവിയേഷൻ ടർബയിൻ ഫ്യൂവലും 9 മില്യൻ ഗ്യാലൻ നാഫ്തയും 40 മെഗാവാട്ട് ഗ്രീൻ ഇലക്ട്രിസിറ്റിയും ഉത്പാദിപ്പിക്കാൻ ആരംഭിച്ചിട്ടുണ്ട്.

SOLENA എന്ന കമ്പനി ലുപ്തൻസായ്ക്കുവേണ്ടി നിർമ്മിക്കുന്ന പ്ലാന്റിൽ നാഫ്തായ്ക്കുപകരം ഡീസൽ ഫ്യൂവലാണ് ഉണ്ടാക്കുന്നത്.

സ്വീഡൻകാർ അയൽരാജ്യങ്ങളിൽനിന്നു ചപ്പുചവറുകളും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഉച്ഛിഷ്ടവും ഓയിലും കറന്റും ഉത്പാദിപ്പിക്കാൻ ഇറക്കുമതി ചെയ്യുന്നു.

2013 ലെ കണക്കനുസരിച്ച് ഒരു ദിവസം 5-6 ലക്ഷം ടൺ വരെ ഉച്ഛിഷ്ടം ഉണ്ടാകുന്നുണ്ട്. ഇത് പ്ലാസ്മ ഗ്യാസിഫിക്കേഷൻവഴി ഭസ്മീകരിച്ചാൽ ആവശ്യാനുസരണം സർക്കാർവക വണ്ടികൾ ഓടിക്കാൻ ഫ്യുവലും ആയിരക്കണക്കിനു മെഗാവാട്ട് ഗ്രീൻ ഇലക്ട്രിസിറ്റിയും ഉത്പാദിപ്പിക്കുവാൻ സാധിക്കും.

ഏറ്റവും അപകടകരമായ കൂടംകുളം ആറ്റോമിക് എനർജി പ്ലാന്റിൽ 16000 കോടി രൂപ മുടക്കി 2000 മെഗാവാട്ട് കറന്റാണ് ഉത്പാദിപ്പിക്കുന്നത്. ആ സ്ഥാനത്ത് 16000 കോടി രൂപ പ്ലാസ്മ ഗ്യസിഫിക്കേഷൻ ടെക്നോളജിക്കുവേണ്ടി മുടക്കിയാൽ 16000 മെഗാവാട്ട് ഗ്രീൻ ഇലക്ട്രിസിറ്റിയും വണ്ടികൾ ഓടിക്കാനുള്ള ഫ്യൂവലും ഉത്പാദിപ്പിക്കാം.

അമേരിക്കയിലുള്ള Recovered Energy INC എന്ന കമ്പനിയും SOLENA എന്ന കമ്പനിയുമാണ് ഇതു ചെയ്യുന്നത്.

കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ.

■



സനിൽ പി. തോമസ്

# ഒരു ലാപ് ഓട്ടത്തിൽ മലയാളിവനിതകൾ കിതയ്ക്കുന്നു

റെസോന മാലിക്ക് ഹീന എന്ന ബംഗാളി പെൺകുട്ടിക്കു മാർച്ച് 20 ന് 16 വയസ്സു തികയും. ഇരട്ടിമധുരത്തോടെയായിരിക്കും റെസോന ഇക്കുറി ജന്മദിനമാഘോഷിക്കുക. തിരുവനന്തപുരത്തു നടന്ന 400 മീറ്റർ ദേശീയ ഓപ്പൺ മീറ്റിൽ 16 ൽ താഴെയുള്ളവരുടെ വിഭാഗത്തിൽ സ്വർണം നേടിയ റെസോന (53.22 സെ) തൊട്ടുപിന്നാലെ ഉഡുപ്പിയിൽ ദേശീയ യൂത്ത് അത്‌ലറ്റിക്സിൽ 18 ൽ താഴെയുള്ള പെൺകുട്ടികളുടെ വിഭാഗത്തിലും സ്വർണം നേടി. (53.44 സെ.) ബംഗാളിലെ നാദിയ ജില്ലയിലെ ഷോയിന്ദഡ് ഗ്രാമത്തിൽനിന്നുള്ള ഈ പെൺകുട്ടിയുടെ നേട്ടം ചെറുതല്ല. തുടരെ രണ്ടു ദേശീയമത്സരങ്ങളിൽ 54 സെക്കൻഡിൽ താഴെ സമയത്തിൽ ഒരു ലാപ് ഓടിയെത്തുക എന്നതു ശ്രദ്ധേയമാണ്. റെസോന ബംഗാളിൽ കല്യാൺ ചൗധരിയുടെ ശിക്ഷണത്തിൽനിന്ന് ബംഗളൂരുവിൽ അജയ് അർജുന്റെ ശിക്ഷണത്തിലേക്കു മാറിയിട്ട് അധികമായില്ല. 400 മീറ്റർ വനിതാവിഭാഗത്തിൽ ഇന്ത്യ പ്രതീക്ഷയോടെ കാണുന്ന മറ്റൊരു താരമായ പ്രിയാ മോഹൻ പോയ വർഷം 52.37 സെക്കന്റിൽ ഒരു ലാപ് ഓടിയിരുന്നു. പ്രിയയ്ക്കു പ്രായം 19.



റെസോന മാലിക്ക് ഹീന

അതേ, മൂന്നു പതിറ്റാണ്ടിലേറെ മലയാളിവനിതകൾ കുത്തകയാക്കിയിരുന്ന 400 മീറ്റർ ഓട്ടത്തിൽ അവർ പിന്നാക്കംപോകുന്നു. ഇതരസംസ്ഥാനക്കാർ കുതിക്കുന്നു. ഉഡുപ്പിയിൽ റെസോന തകർത്ത മീറ്റ് റെക്കാർഡ് പി.ടി. ഉഷയുടെ ശിഷ്യ ജിസ്ന മാത്യു 2017 ൽ സ്ഥാപിച്ചതായിരുന്നു (53.88). ജിസ്നയും വിസ്മയയും ആയിരുന്നു 400 മീറ്ററിൽ കേരളത്തിൽനിന്ന് ഏറ്റവുമൊടുവിൽ ഇന്ത്യൻ ടീമിൽ സാന്നിധ്യമറിയിച്ചത്.

തിരുവനന്തപുരം കാര്യവട്ടത്തു നടന്ന 400 മീറ്റർ മത്സരങ്ങളുടെ ചിത്രം നോക്കാം. അണ്ടർ 18 വിഭാഗത്തിൽ സ്വർണം മഹാരാഷ്ട്രയുടെ ഖുഷി സാധന ഉമേഷിന്. അണ്ടർ 20 വിഭാഗത്തിൽ ജയിച്ചത് കർണാടകയുടെ പ്രിയമോഹൻ. സീനിയർ വനിതകളിൽ സ്വർണം ആന്ധ്രയുടെ ജ്യോതിക ശ്രീയ്ക്കും. പ്രമുഖ മലയാളിതാരങ്ങൾ മത്സരിച്ചില്ല എന്നു പറഞ്ഞ് ന്യായീകരിക്കാനാകില്ല. സീനിയർ വനിതാവിഭാഗത്തിൽ മാത്രമാണ് കേരളത്തിനു സാധ്യതയുണ്ടായിരുന്നത്.

ദേശീയ യൂത്ത് മീറ്റിൽ വെള്ളി നേടിയത് മഹാരാഷ്ട്രയുടെ ഇഷാ രാജേഷ് ജാദവും വെങ്കലം കരസ്ഥമാക്കിയത് മഹാരാഷ്ട്രയുടെതന്നെ ഖുഷി സാധന ഉമേഷുമാണ്. ഇടക്കാലത്ത് ഉയർന്നുകേട്ട പേരുകളിലും അഞ്ജലി ദേവി, ഐശ്വര്യ മിശ്ര–മലയാളി ബന്ധമില്ലായിരുന്നു. ടോക്യോ ഒളിപിക്സിൽ മത്സരിച്ച ഇന്ത്യൻ അത്‌ലറ്റിക് ടീമിൽ മലയാളി വനിതകൾ ആരുമില്ലായിരുന്നു. അന്നുമുതൽ ഉയരുന്ന ചോദ്യമാണ് – മലയാളി വനിതാ അത്‌ലറ്റുകൾക്ക് എന്തു പറ്റി?

ഒന്നു തിരിഞ്ഞുനോക്കിയാലോ? 1982 ലെ ഡൽഹി ഏഷ്യൻ ഗെയിംസിൽ 400 മീറ്ററിൽ വെങ്കലം നേടിയ പത്മിനി തോമസ് (സെൽവൻ) 4X400 മീറ്റർ റിലേയിൽ വെള്ളി നേടിയ ഇന്ത്യൻ ടീമിലും അംഗമായിരുന്നു. ഒരു ട്രയൽ നാടകത്തിലൂടെ തഴയപ്പെട്ടില്ലായിരുന്നുവെങ്കിൽ ശ്രീകുമാരിയമ്മയും ആ റിലേ ടീമിൽ ഓടിയേനെ. 1984 ൽ ലൊസാഞ്ചലസ് ഒളിംപിക്സിൽ ഫൈനലിൽ കടന്ന റിലേ ടീമിൽ ഉഷയും ഷൈനിയും വത്സമ്മയും ഉണ്ടായിരുന്നു. 1986 ൽ സോൾ ഏഷ്യൻ ഗെയിംസിൽ 400 മീറ്ററിൽ ഉഷയ്ക്കു സ്വർണം. ഷൈനിക്കു വെള്ളി. റിലേ ടീമിൽ ഇവർക്കൊപ്പം വത്സമ്മയും മത്സരിച്ചു. 1988 ൽ സോൾ ഒളിംപിക്സിൽ ഇന്ത്യൻ ടീമിൽ ഒരു ലാപ് ഓട്ടക്കാരായി ഉഷയും ഷൈനിയും വത്സമ്മയും മേഴ്സിക്കുട്ടനും ഉണ്ടായിരുന്നു.

1996 ൽ അറ്റ്ലാന്റ ഒളിംപിക്സിൽ റിലേ ടീമിൽ ഉഷ തഴയപ്പെട്ടപ്പോഴും മൂന്നു മലയാളികൾ ടീമിലെത്തി. ഷൈനിയും റോസക്കുട്ടിയും ബീനാമോളും. സിഡ്നി ഒളിംപിക്സിൽ ബീനാമോൾ സെമിയിൽ കടന്നു. റിലേ ടീമിൽ ബീനാമോളും ജിൻസി ഫിലിപ്പും സ്ഥാനം നേടി. അക്കാലത്തെ മികച്ച സമയം കുറിച്ചിട്ടും ഒളിംപിക് ട്രാക്കിൽ ഓടാൻ മഞ്ജിമ കുര്യാക്കോസിനു ഭാഗ്യമില്ലാതെപോയി.

2004 ൽ ആഥൻസ് ഒളിംപിക്സിൽ ബീനാമോളും ചിത്ര കെ. സോമനും 2008 ൽ ചിത്രയും 2012 ൽ ടിന്റു ലൂക്കയും 2016 ൽ ടിന്റുവും അനിൽഡ തോമസും ടീമിലുണ്ടായിരുന്നു. ഏഷ്യൻ ഗെയിംസിലാകട്ടെ 1990 ൽ റിലേയിൽ വെള്ളി നേടിയ ഇന്ത്യൻ ടീമിൽ ഉഷയും ശാന്തിമോൾ ഫിലിപ്പും അംഗങ്ങളായിരുന്നു. 1994 ൽ ഷൈനിയും ഉഷയും കെ. സാറാമ്മയും റിലേ ടീമിനെ വെള്ളി അണിയിച്ചു. സാറാമ്മയ്ക്ക് 400 മീറ്ററിൽ വെങ്കലവും കിട്ടി. 98 ൽ ഉഷ തഴയപ്പെട്ടപ്പോൾ പകരമെത്തിയത് ജിൻസി ഫിലിപ്പ്. ഒപ്പം ബീനാമോളും റോസക്കുട്ടിയും ഓടി.

ബുസാൻ ഏഷ്യൻ ഗെയിംസ് റിലേയിൽ സ്വർണം നേടിയ ഇന്ത്യൻ ടീമിൽ ബീനാമോളും ജിൻസിയും അംഗങ്ങളായിരുന്നു. 2006 ൽ ദോഹയിൽ മലയാളി പ്രാതിനിധ്യം ചിത്ര കെ. സോമനിൽ ഒതുങ്ങി. 2010 ൽ സിനി ജോസ് കേരളത്തിന്റെ പ്രതിനിധിയായി ഇന്ത്യയ്ക്കു സ്വർണം നേടി. 2014 ൽ ടിന്റു ലൂക്കയും 2018 ൽ വിസ്മയയും മലയാളി പ്രതിനിധികളായി സുവർണവിജയത്തിൽ പങ്കാളികളായി. 2018 ൽ ജക്കാർത്തയിൽ വിസ്മയ ടീമിലെത്തിയപ്പോൾ തഴയപ്പെട്ടത് ജിസ്ന മാത്യുവാണ് എന്നും ഓർക്കുക. ഇതിനു തൊട്ടുമുമ്പ് ഭുവനേശ്വറിൽ ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഒരു മൈൽ റിലേയിൽ വിജയിച്ചപ്പോൾ ജിസ്ന മാത്യു തിളക്കമാർന്ന പ്രകടനം കാഴ്ചവച്ചിരുന്നു. ജക്കാർത്തയിൽ അവസാനടീമിലെത്താൻ കഴിയാതെ നിരാശപ്പെട്ട ജിസ്നയെ ഭുവനേശ്വറിലെ മികവ് ഓർമിപ്പിച്ച് ആശ്വസിപ്പിച്ചത് ഓർത്തുപോകുന്നു.

റിസർവ് ഉൾപ്പെടെ ആറുപേർ വരുന്ന റിലേ ടീമിൽ (കൊവിഡ് കാലത്ത് ഇത് അഞ്ചുപേരാക്കി ചുരുക്കി.) നാലുപേരും മലയാളികളായിരുന്ന കാലം മാറി. കഷ്ടിച്ച് ഒന്നേ രണ്ടോ പേരിൽ മലയാളിപ്രാതിനിധ്യം ഒതുങ്ങി. ഇപ്പോൾ അതും സംശയത്തിലായി. പ്രധാന കാരണം വിസ്മയയും ജിൻസിയുമൊക്കെ ഇന്ത്യയുടെ മുൻനിര 400 മീറ്റർ ഓട്ടക്കാർ അല്ല എന്നതുതന്നെ. മുൻകാലചിത്രം ഇങ്ങനെയല്ല. പത്മിനിയും ഉഷയും ഷൈനിയും ബീനാമോളും സാറാമ്മയുമൊക്കെ 400 മീറ്റർ വ്യക്തിഗത ഇനത്തിലും ഇന്ത്യൻ ടീമിൽ സ്ഥാനമുറപ്പിച്ചവരായിരുന്നു. അവരൊക്കെ വ്യക്തിഗതമെഡലും നേടിയിരുന്നു.



പ്രിയ മോഹൻ

ചൈനയിൽ ഈ വർഷം സെപ്റ്റംബറിൽ ഏഷ്യൻ ഗെയിംസ് നടക്കുമെന്നാണ് പ്രതീക്ഷ. കഴിഞ്ഞവർഷം നിശ്ചയിച്ചിരുന്ന ഗെയിംസ് കൊവിഡ് വ്യാപനത്തെത്തുടർന്ന് മാറ്റിവയ്ക്കുകയായിരുന്നു. ഈ വർഷം ഏഷ്യാഡ് നടന്നാൽ 400 മീറ്ററിൽ എത്ര മലയാളികൾ ഇന്ത്യൻ ടീമിൽ കാണും? ഒരു നിശ്ചയവുമില്ല. റിയോ ഒളിംപിക്സിൽ മത്സരിച്ച അനിൽഡ തോമസ് വീണ്ടും പരിശീലനം തുടങ്ങിയെന്നു കേട്ടപ്പോൾ സന്തോഷം തോന്നി. അനിൽഡയെ വിളിച്ച് ആശംസകൾ നേരുകയും ചെയ്തതാണ്. അനിൽഡ ഫോമിലെത്തിയാൽ നമുക്കു പ്രതീക്ഷയ്ക്കു വകയുണ്ട്.

ലോങ് ജംപിൽ മലയാളി വനിതാതാരങ്ങൾ പ്രതീക്ഷ ഉയർത്തുന്നുണ്ട് എന്നതു മാത്രമാണ് ആശ്വാസം. ശക്തമായൊരു രണ്ടാംനിരയും ലോങ് ജംപിലുണ്ട്. ചില ലോങ് ജംപ് താരങ്ങൾ സ്പ്രിന്റിലും മികവു കാട്ടുന്നുണ്ട്. പക്ഷേ, 400 മീറ്ററിൽ ഈ പ്രകടനം പോരാ. 800 മീറ്ററിൽ തിളങ്ങുന്ന താരങ്ങളെ 4X400 മീറ്റർ റിലേയിൽ പരീക്ഷിക്കുക പതിവാണ്. അതുപോലെ 400 മീറ്റർ ഹർഡിൽസിൽ മത്സരിക്കുന്നവർക്കും ഒരു മൈൽ റിലേയിൽ അവസരമുണ്ട്. പക്ഷേ, 800 മീറ്ററിലും കേരളത്തിനു വലിയ പ്രതീക്ഷയില്ല.

ദേശീയതലത്തിൽ വനിതകൾക്കായി 800 മീറ്റർ മത്സരം ആദ്യമായി ഏർപ്പെടുത്തിയപ്പോൾ സ്വർണം നേടിയത് പാലാ സ്വദേശിനി സിസിലിയാമ്മ ജോസഫാണ്. തുടർന്ന് സിസിലിയാമ്മയുടെ അനുജത്തി ഫിലോമിന ജോസഫ് ദേശീയചാംപ്യനായി. ഇരുവരും കായികാധ്യാപകരായിരുന്നു. സിസിലിയാമ്മ അകാലത്തിൽ വിടപറഞ്ഞു. പുതിയ 800 മീറ്റർ ഓട്ടക്കാരെ കണ്ടെത്താൻ ഒരു കോച്ചിങ് സെന്റർ തുടങ്ങുന്നതിനെക്കുറിച്ച് ഫിലോമിന ജോസഫ് അടുത്ത നാളിൽ സംസാരിച്ചിരുന്നു. പക്ഷേ, സമർപ്പണമുള്ള ഒരു പുതിയ താരനിരയെ കാണാൻ കഴിയുന്നില്ല. കണ്ടെത്തിയാലല്ലേ പരിശീലനത്തെക്കുറിച്ചു ചിന്തിക്കാൻ കഴിയൂ.

അത്‌ലറ്റിക്സിൽ അക്ഷയഖനിയായിരുന്ന കേരളത്തിനെന്തു പറ്റി? പുരുഷന്മാർ കുതിക്കുമ്പോൾ വനിതകൾ കിതയ്ക്കുന്നു. ■

Deepanalam Weekly
RNI No : 16998/68
Vol. 56 No. 4 Date of Publication 16 March 2023
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

OVERSEAS EDUCATION SERVICES

Study & Work

Canada
Australia
Germany
UK, Ireland
New Zealand
USA, Europe Etc.

Free Recruitment for Nurses
UK, Ireland, Germany



NAIPUNNYA INTERNATIONAL
ST. THOMAS PRESS BUILDING, PALA, PIN - 686 575
7012931465, 04822201546
pala@naipunnyaint.com

Head office
Ernakulam: 944 633 99 66
0484 2381947/ 8

Other Branches
Kaloor : 954 491 91 44
0484 2534849
Thrikkakara : 954 491 91 33
Angamaly : 954 491 91 55

NAIPUNNNYA ACADEMY
KALOOR, THRIKKAKARA
Civil Service, KAS, Bank Coaching
UGC- NET, Entrance Coaching
All other Competitive exams
Kaloor – 9544919144, 0484 2534849
Thrikkakara – 9544919133



60 Yesrs Trust
KTS PRODUCTS
SINCE 1995
Tastit™
ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ
ISO 9001-2015 CERTIFIED COMPANY
www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org